KOTTAYAM PUBLIC LIBRARY

Call No. 181.4 Acc. No. 38292

Author ഡി. മോഹനൻ. തെ

Title ധാർമ്മിക മൂല്യബോധം

845

# ധാർമ്മിക മൂല്യങ്ങൾ

38292

# ധാർമ്മിക മൂല്യങ്ങൾ

KOTTAYAM PUBLIC LIBRARY • KOTTAYAM •

കെ. ദാമോദരൻ

പ്രഭാത് ബുക്ക് ഹൗസ്

തിരുവനന്തപുരം,
ആലപ്പുഴ, കോഴിക്കോട്
കണ്ണൂർ, എറണാകുളം.

181·4
38292

MALAYALAM

# DHARMIKA MOOLYANGAL

*By*

**K. DAMODARAN**

First Published April, 1965

Rights Reserved

Price Rs. 1–75

*Publishers*

**Prabhatham Printing & Publishing Co. (Private) Ltd.**

PRINTED AT
AJANTHA PRINTERY, ERNAKULAM.

KOTTAYAM PUBLIC LIBRARY, KOTTAYAM.

# അദ്ധ്യായം ഒന്ന്

മഹാഭാരതത്തിൽ, ശാന്തിപർവ്വത്തിലെ അമ്പത്തെട്ടാമദ്ധ്യായത്തിൽ, യുധിഷ്ഠിരൻെറ ഒരു ചോദ്യത്തിന് മറുപടിയായി ഇന്ത്യയിൽ രാജാക്കന്മാരും ഭരണവ്യവസ്ഥകളും ആവിർഭവിച്ചതെങ്ങിനെയെന്ന് ഭീഷ്മർ വിവരിക്കുന്നുണ്ട്. കൃതയുഗത്തിൽ, അതായത്, മനുഷ്യസമുദായത്തിൻെറ ആരംഭകാലത്ത്, ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരുമെന്നോ, ശിക്ഷിക്കുന്നവരും, ശിക്ഷിക്കപ്പെടുന്നവരുമെന്നോ ഉള്ള യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ലെന്ന് അദ്ദേഹം തീർത്തുപറയുന്നു.

നൈവരാജ്യം നരാജാസീ-
ന്നചദണ്ഡോനദാണ്ഡികഃ
ധർമ്മേണൈവപ്രജാഃസർവ്വാ
രക്ഷന്തിസ്മപരസ്പരം.

രാജാവും ഭരണകൂടവുമില്ല; ശിക്ഷിക്കുന്നവനും ശിക്ഷിക്കപ്പെടുന്നവനുമില്ല; ബ്രാഹ്മണനും ശൂദ്രനുമില്ല: പോലീസ്സില്ലാ, പട്ടാളമില്ല, ജഡ്ജിമാരില്ല, ജയിലുകളില്ല. പക്ഷേ, ഒന്നുണ്ടായിരുന്നു: ധർമ്മം. പരസ്പരം രക്ഷിക്കുകയും പരസ്പരം സഹകരിക്കുകയും പരസ്പരം സ്നേഹിക്കുകയും ചെയ്യുക എന്ന കുലധർമ്മം. കുലങ്ങളും ഗോത്രങ്ങളുമായിട്ടാണ് അന്ന് ജനങ്ങൾ ജീവിച്ചിരുന്നത്.

## കുലധർമ്മം

കുലത്തിലെ, അല്ലെങ്കിൽ ഗോത്രത്തിലെ, ജനങ്ങൾക്കിടയിൽ മേലാളരും കീഴാളരും എന്ന വ്യത്യാസമുണ്ടായിരുന്നില്ല; ചൂഷകനും ചൂഷിതനുമുണ്ടായിരുന്നില്ല; എല്ലാവരും സമന്മാരാ

യിരുന്നു. എല്ലാ സാമൂഹ്യകാര്യങ്ങളും സമത്വത്തിൻെറ അടിസ്ഥാനത്തിലാണ് നിർവ്വഹിയ്ക്കപ്പെട്ടിരുന്നതു്. ഉൽപ്പാദനോപകരണങ്ങളെന്നപോലെത്തന്നെ ഉൽപ്പന്നങ്ങളും പൊതുവുടമയിലായിരുന്നു. എൻേറതു്, നിൻേറതു് എന്ന വ്യത്യാസമുണ്ടായിരുന്നില്ല. തങ്ങളുടെ പ്രാകൃതങ്ങളായ ആയുധങ്ങളുമെടുത്തു് എല്ലാവരും ഒന്നിച്ചു വേട്ടയാടാൻ പോവും; കിട്ടുന്നതു് എല്ലാവരുംകൂടി പങ്കിട്ടുതിന്നും; ഒന്നും കിട്ടിയില്ലെങ്കിൽ ഒരുമിച്ചു പട്ടിണി കിടക്കും. കാടു വെട്ടിത്തെളിയിച്ചു് കൃഷിചെയ്യാൻ തുടങ്ങിയതും കൂട്ടമായിട്ടാണു്. കൂട്ടായി കൊയ്തെടുക്കുന്ന വിള കൂട്ടായി അനുഭവിയ്ക്കും. എന്നിട്ടു്, കൂട്ടായി പാട്ടുപാടുകയും നൃത്തം വെയ്ക്കുകയും ചെയ്യും.

ഈ കൂട്ടജീവിതം അതിപ്രാചീനകാലത്തെ ആ പ്രാകൃതമായ ഉല്പാദനവ്യവസ്ഥയ്ക്കു യോജിച്ചതായിരുന്നു. ഉല്പാദനശക്തികൾ അത്രമേൽ അപക്വങ്ങളും അപരിഷ്കൃതങ്ങളുമായിരുന്നതുകൊണ്ടു് പ്രാകൃതഗോത്രസമുദായത്തിൽ സ്വത്തുസംബന്ധിയായ അസമത്വത്തിന്നു സ്ഥാനമുണ്ടായിരുന്നില്ല. ഭക്ഷണവും മററു ജീവിതസാമഗ്രികളും സമ്പാദിയ്ക്കാൻ കൂട്ടജീവിതം അത്യാവശ്യമായിരുന്നു. പരസ്പരം സഹായിയ്ക്കുകയും സഹകരിയ്ക്കുകയും ചെയ്യാതെ പ്രകൃതിശക്തികളുടേയും വന്യമൃഗങ്ങളുടേയും ആക്രമണങ്ങളിൽ നിന്നു് രക്ഷപ്പെടുക സാദ്ധ്യമായിരുന്നില്ല. ഈ സാമൂഹ്യാവശ്യമാണു് ഗോത്രത്തിലെ ഓരോ വ്യക്തിയുടേയും ജീവിതരീതിയെ നിർണ്ണയിച്ചതു്.

പ്രാകൃതകമ്മ്യൂണിസം എന്നു വിളിയ്ക്കപ്പെടാവുന്ന ഇത്തരം സാമൂഹ്യ ജീവിതക്രമങ്ങൾ മാനവസമുദായത്തിൻെറ ചരിത്രത്തിലെ ആദ്യഘട്ടങ്ങളിൽ മിക്ക രാജ്യങ്ങളിലും നിലനിന്നിരുന്നുവെന്നു് ഗവേഷകന്മാർ തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഇന്നും നാമാവശേഷമാവാതെ നിലനില്ക്കുന്ന പ്രാകൃതഗോത്രസമുദായക്കാക്കിടയിൽ അതിൻെറ അവശിഷ്ടങ്ങൾ കാണാം. ആര്യന്മാരുടെ ആക്രമണത്തിന്നുമുമ്പും

ആദ്യചരിത്രത്തിൻെറ പ്രാരംഭഘട്ടങ്ങളിലും പ്രാകൃതകമ്മ്യൂണിസമാണുണ്ടായിരുന്നതു്. കുലത്തിലെ, അല്ലെങ്കിൽ ഗോത്രത്തിലെ, എല്ലാ അംഗങ്ങളും സമന്മാരായ്രുന്നു. രക്തബന്ധത്തിൻേറയും പരസ്പരസഹകരണത്തിൻേറയും അടിസ്ഥാനത്തിലുള്ള ഐക്യവും സൗഭ്രാത്രവുമാണു് വ്യക്തികളുടെ വീക്ഷണഗതികളെ നിയന്ത്രിച്ചിരുന്നതു്. ഐക്യവും സൗഭ്രാത്രവുമിഴകിച്ചേൎന്ന ഈ പ്രാകൃതസാമൂഹ്യബന്ധങ്ങളിൽ നിന്നാണു് മനുഷ്യൻെറ ധാർമ്മിക മൂല്യങ്ങറം ഉയൎന്നുവന്നതു്. മനുഷ്യസ്നേഹമായിരുന്നു ധാൎമ്മിക മൂല്യങ്ങളുടെ മുഖ്യമായ ഉള്ളടക്കം.

എന്നാൽ, ഈ മനുഷ്യസ്നേഹം സൎവ്വതോമുഖമായിരുന്നില്ല. ഐക്യവും സൌഭ്രാത്രവും ഗോത്രത്തിൻെറ അഭ്യന്തരജീവിതത്തിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. മററു ഗോത്രങ്ങളിലെ ജനങ്ങളോടുള്ള സമീപനം വ്യത്യസ്തമായിരുന്നു. ഗോത്രവും ഗോത്രവും തമ്മിൽ പലപ്പോഴും കലഹങ്ങളും യുദ്ധങ്ങറം തന്നേയുമുണ്ടാവുക പതിവായിരുന്നു. പക്ഷെ, കൊലയും യുദ്ധവും വ്യക്തിയുടെ സ്വാൎത്ഥത്തിനുവേണ്ടിയായിരുന്നില്ല; സമൂഹത്തിൻെറ താല്പൎയ്യങ്ങറംക്കുവേണ്ടി ആക്രമണങ്ങളും കൊലകളും നടത്താൻ മാത്രമല്ല, യാതൊരു പിറുപിറുപ്പുംകൂടാതെ സ്വന്തം ജീവനെ ബലികഴിയ്ക്കാനും ഓരോ വ്യക്തിയും തയ്യാറായിരുന്നു. അതായിരുന്നു അവൻെറ കുലധൎമ്മം.

## കുരുക്ഷേത്രത്തിലെ ധാർമ്മികസംഘട്ടനം

കാലക്രമത്തിൽ ഗോത്രവ്യവസ്ഥയിലെ ഐക്യത്തിന്നും സൌഭ്രാത്രത്തിന്നും ഉടവുതട്ടി. കുലധൎമ്മങ്ങറം താറുമാറായി. ദുർമ്മോഹങ്ങളും സ്വാൎത്ഥപ്രതിപത്തികളും വർദ്ധിച്ചപ്പോളാണു് ധർമ്മം നശിച്ചതു് എന്നു് ഭീഷ്മർ പറയുന്നു. അതു് ശരിയുമാണു്. പക്ഷേ, മോഹവും സ്വാൎത്ഥവും പടൎന്നുപിടിച്ചതെന്തുകൊണ്ടാണു്? ഉൽപ്പാദനശക്തികറം വളരുകയും സ്വത്തുക്കറം വർദ്ധിയ്ക്കുകയും സാമ്പത്തികാസമത്വങ്ങറം ആവിർഭവി

യ്ക്കുകയും ചെയ്തതിൻെറ അനിവാര്യഫലമാണതു്. സ്വകാര്യ സ്വത്തുടമ ഐക്യത്തിൻേറയും സൌഭ്രാത്രത്തിൻേറയും പരസ്പര സഹകരണത്തിൻേറയും അടിസ്ഥാനത്തിലുള്ള ഗോത്രഭരണവ്യവസ്ഥയെ താറുമാറാക്കി. ആര്യന്മാരുടെ ഗോത്രവ്യവസ്ഥയ്ക്കുള്ളിൽ വ്യത്യസ്ഥ താല്പര്യങ്ങളോടുകൂടിയ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ ശൂദ്രൻ എന്നീ വർണ്ണങ്ങൾ പ്രത്യക്ഷപ്പെട്ടു. ചാതുർവ്വർണ്യമെന്ന പേരിലറിയപ്പെടുന്ന ഈ വർഗ്ഗവിഭജനമാണ ഇന്ത്യയിൽ പ്രാകൃതകമ്മ്യൂണിസത്തിൻെറ ധാർമ്മികമൂല്യങ്ങളെ പുറന്തള്ളുകയും അവയുടെ സ്ഥാനത്തു് പുതിയ ധാർമ്മികമൂല്യങ്ങളെ പ്രതിഷ്ഠിയ്ക്കുകയും ചെയ്തതു്. ഗോത്രത്തിൻെറ മനുഷ്യസ്നേഹപരമായ സാന്മാർഗ്ഗികനിയമങ്ങളുടെ സ്ഥാനത്തു് ചാതുർവ്വർണ്യത്തിൻെറ ചൂഷണാധിഷ്ഠിതമായ പുതിയ സന്മാർഗ്ഗികനിയമങ്ങൾ ഉയർന്നുവന്നു. ഓരോ വർണ്ണത്തിന്നും പ്രത്യേകം പ്രത്യേകം ധർമ്മങ്ങളുണ്ടായിത്തീർന്നു. വൈദികസാഹിത്യങ്ങളിലും മഹാഭാരതത്തിലും ധർമ്മശാസ്ത്രഗ്രന്ഥങ്ങളിലുംമെല്ലാം പഴയ കുലധർമ്മവും പുതിയ വർണ്ണധർമ്മവും തമ്മിലുള്ള വൈരുദ്ധ്യത്തിൻെറ തെളിവുകൾ ധാരാളം കാണാം. കുരുക്ഷേത്രയുദ്ധത്തിൻെറ ഒത്ത നടുക്കുവെച്ചുപോലും അർജ്ജുനൻെറ മനസ്സാക്ഷിയെ ഇളക്കിമറിച്ചതു് ഈ വൈരുദ്ധ്യമാണു്. യുദ്ധക്കളത്തിൽ വന്നു നിന്ന സ്വജനങ്ങളെ കണ്ടപ്പോൾ അർജ്ജുനൻെറ മനസ്സിടറി, അവയവങ്ങൾ തളർന്നു, ശരീരത്തിലാകെ വിറയും രോമാഞ്ചവുമുണ്ടായി, വില്ലു് കയ്യിൽനിന്നു് താനെ നിലത്തുവീണു. അമ്മാമന്മാരേയും പൌത്രന്മാരേയും ശ്വശുരന്മാരേയും സ്യാലന്മാരേയും മററു ബന്ധുക്കളേയും കൊല്ലുകയോ? വയ്യ!, വയ്യ! അർജ്ജുനൻ വിറച്ചു വിറച്ചുകൊണ്ടു് പറയുകയാണു്.

യേഷാമർത്ഥേ കാംക്ഷിതം നോ
രാജ്യം ഭോഗാഃസുഖാനിച
തഇമേവസ്ഥിതായുദ്ധേ
പ്രാണാംസ്ത്യക്ത്വാധനാനിച

ആചാര്യാഃ പിതരഃ പുത്രാഃ
തഥൈവ ച പിതാമഹാഃ
മാതുലാഃ ശ്വശുരാഃ പൌത്രാഃ
സ്യാലാഃ സംബന്ധിനസ്തഥാ
ഏതാന്ന ഹന്തു മിച്ഛാമി
ഘ്നതോപി മധുസൂദന
അപിത്രൈലോക്യരാജ്യസ്യ
ഹേതോഃ കിന്നു മഹീകൃതേ.

ഏവക്കുവേണ്ടിയാണോ രാജ്യവും ഭോഗങ്ങളും സുഖങ്ങളുമെല്ലാം ഞങ്ങൾ കാംക്ഷിയ്ക്കുന്നതു് ആ ഗുരുനാഥന്മാരും പിതാക്കന്മാരും പുത്രന്മാരും പിതാമഹന്മാരും അമ്മാമൻമാരും പത്നീപിതാക്കന്മാരും മക്കളുടെ മക്കളും ഭാര്യാഭ്രാതാക്കന്മാരും മററു ചാർച്ചക്കാരും ഇതാ ജീവനും ധനവുമുപേക്ഷിച്ചു് യുദ്ധംചെയ്യാൻ വേണ്ടി പോർക്കളത്തിൽ വന്നുനില്ക്കുന്നു. അല്ലയോ ശ്രീകൃഷ്ണാ! ത്രൈലോക്യാധിപത്യംതന്നെ കിട്ടിയാലും ശരി, എന്നെ ഇവർ കൊന്നാലും ശരി, ഇവരെ കൊല്ലാൻ ഞാനാഗ്രഹിയ്ക്കുന്നില്ല. ഈ ഭൂമിയ്ക്കുവേണ്ടിയാകുമ്പോൾ പിന്നെ പറയേണ്ടതുണ്ടോ? ഇല്ല, ഞാനിവരെ ഒരിയ്ക്കലും കൊല്ലുകയില്ല.

വീരശൂരപരാക്രമിയായ അർജ്ജുനനു് എന്തേ പററിയതു്? യുദ്ധക്കളത്തിൽവന്നു് ചുററും നോക്കിയപ്പോൾ അദ്ദേഹം പെട്ടെന്നൊരു ഭീരുവായിപ്പോയയോ? തീർച്ചയായുമില്ല. കുലക്ഷയഭീതിയും സ്വജനങ്ങളെ കൊല്ലുന്നതു് പാപമാണെന്ന ധർമ്മബോധവുമാണു് അദ്ദേഹത്തെ ബേജാറാക്കിയതു്. അദ്ദേഹം പറഞ്ഞു:

കുലക്ഷയേ പ്രണശ്യന്തി
കുലധർമ്മാഃ സനാതനാഃ
ധർമ്മേ നഷ്ടേകുലം കൃത്സ്നം
അധർമ്മോഭിഭവത്യുത

അതായതു്, കുലം ക്ഷയിച്ചാൽ സനാതനങ്ങളായ കുലധൎമ്മങ്ങളും നശിയ്ക്കും. ധൎമ്മം നഷ്ടപ്പെട്ടാൽ കുലത്തെയാകെ അധൎമ്മം ബാധിയ്ക്കും.

ഇതിന്നു് കൃഷ്ണൻ പറഞ്ഞ മറുപടിയെന്താണു്? കേൾക്കുക.

സ്വധൎമ്മമപിചാവേക്ഷ്യ
നവികമ്പിതുമൎഹസി
ധൎമ്മ്യാദ്ധിയുദ്ധാച്ഛ്രേയോന്യൽ
ക്ഷത്രിയസ്യനവിദ്യതേ.

സ്വധർമ്മത്തെ ഓൎത്തിട്ടെങ്കിലും ദുഃഖിച്ചുവിറയ്ക്കാതിരിയ്ക്കുക! എന്തുകൊണ്ടെന്നാൽ, ക്ഷത്രിയന്നു് ധാർമ്മികയുദ്ധമല്ലാതെ മററൊന്നും ശ്രേയസ്സായിട്ടില്ല.

രണ്ടുപേരും ധൎമ്മത്തെപ്പിടിച്ചാണാണയിടുന്നതു്. അധൎമ്മത്തെ രണ്ടുപേരും വെറുക്കുന്നു. പക്ഷേ, അൎജ്ജുനൻ കുലധൎമ്മത്തിലാണൂന്നുന്നതു്. കൃഷ്ണനോ, വൎണ്ണധർമ്മത്തിലും. ഇങ്ങിനെ രണ്ടുതരം ധാർമ്മികമൂല്യങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളാണു് കുരുക്ഷേത്രത്തിലെ യുദ്ധക്കളത്തിൽവെച്ചു നടന്നതു്. കുലധൎമ്മത്തേക്കാൾ വൎണ്ണധർമ്മമാണു് മേലേ എന്നു തെളിയിയ്ക്കാൻ പതിനെട്ടദ്ധ്യായങ്ങൾ വേണ്ടിവന്നു. ഏതായാലും, ഒടുവിൽ കൃഷ്ണൻതന്നെ ജയിച്ചു. സനാതനങ്ങളെന്നു വിശ്വസിയ്ക്കപ്പെട്ടുപോന്ന കുലധർമ്മങ്ങൾ ഉപേക്ഷിയ്ക്കപ്പെടുകയും അവയ്ക്കുപകരം വൎഗ്ഗവ്യത്യാസങ്ങളുടെ അടിസ്ഥാനത്തിലുള്ള വൎണ്ണധൎമ്മങ്ങൾ അംഗീകരിയ്ക്കപ്പെടുകയും ചെയ്തു.

## വൎണ്ണധർമ്മത്തിൽനിന്നു് ജാതിധർമ്മത്തിലേയ്ക്കു്

ഇന്ത്യയിൽ ക്രി. മു. പത്താംനൂററാണ്ടിന്നും ഏഴാം നൂററാണ്ടിന്നുമിടയിലാണു് പ്രാകൃതകമ്യൂണിസത്തിൻെറ ധാർമ്മികമൂല്യങ്ങൾ ക്ഷയിയ്ക്കുകയും ചാതുൎവ്വർണ്യത്തിൻെറ വേഷമണിഞ്ഞ വർഗ്ഗവ്യത്യാസങ്ങൾ തലപൊക്കുകയും ചെയ്തതു്. അതുമുതൽക്കാണു് ചൂഷകവർഗ്ഗക്കാരുടെ സ്വാൎത്ഥതാല്പൎയ്യങ്ങ

ളുടെ അടിസ്ഥാനത്തിലുള്ള സാന്മാർഗ്ഗികനിയമങ്ങരം മനുഷ്യ സ്നേഹത്തിലധിഷ്ഠിതമായ പഴയ സാമൂഹ്യബന്ധങ്ങളെ വികൃത മാക്കാനും ഞെക്കിഞെരിയ്ക്കാനും തുടങ്ങിയതു്. സാമ്പത്തിക ജീവിതത്തിൽ ആധിപത്യം ഗ്രഹിയ്ക്കുന്ന വർഗ്ഗങ്ങളുടെ ധാർമ്മിക മൂല്യങ്ങരം സമുദായത്തിൻെറയാകെ ധാർമ്മികമൂല്യങ്ങളായി കൊട്ടിഘോഷിയ്ക്കപ്പെട്ടു. വർണ്ണധർമ്മത്തെ ചോദ്യം ചെയ്യുന്ന ശൂദ്രൻെറ കണ്ണുകുത്തിപ്പൊട്ടിയ്ക്കാനും കൈവെട്ടിക്കളയാനും അവകാശം നേടിയ സ്വത്തുടമസ്ഥന്മാരായ പ്രാചീന ബ്രാഹ്മണർ ധാർമ്മികമൂല്യങ്ങളുടെ കുത്തകക്കാരായിത്തീൎന്നു. ദശലക്ഷക്കണക്കിലുള്ള അടിമകളുടേയും മറ്റിതരായ കൈവേലക്കാരുടേയും കായികാദ്ധ്വാനത്തിന്മേൽ കെട്ടിപ്പടുക്കപ്പെട്ട മൌര്യസാമ്രാജ്യത്തിൻെറ അധിപൻ ധർമ്മരാജാവായി വാഴ്ത്തപ്പെട്ടു.

വർണ്ണവ്യവസ്ഥ ക്ഷയിച്ചുപോവുകയും ഫ്യൂഡൽ വ്യവസ്ഥ ഉയൎന്നുവരികയും ചെയ്തതിന്നുശേഷവും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുക എന്ന മൃഗീയതയ്ക്കു ദിവ്യതയുടെ മൂടുപടം നൽകപ്പെട്ടു. വർണ്ണമേധാവിത്വത്തിൻെറ സ്ഥാനത്തു് ജാതി മേധാവിത്വം കയറിപ്പററിയെന്നു മാത്രം. ജാതിവ്യത്യാസങ്ങളുടേയും തൊട്ടുകൂടായ്മയുടേയും തീണ്ടിക്കൂടായ്മയുടേയും പാട്ടം വാങ്ങിത്തിന്നലിൻേറയും അടിസ്ഥാനത്തിലാണു് ഫ്യൂഡൽവ്യവസ്ഥയിലെ ധാർമ്മികമൂല്യങ്ങരം ഉയൎന്നു വന്നതു്. കുലധർമ്മം പോയി വർണ്ണധർമ്മം വന്നതുപോലെത്തന്നെ വർണ്ണധർമ്മം പോയി ജാതിധർമ്മം വന്നു. ജാതി നിയമങ്ങരം ലംഘിയ്ക്കരുതു്. അറുപത്തിനാലു് ആചാരങ്ങരം പാലിയ്ക്കണം. മേലാളരുടെ 'ഹാഹോ' വിളി കേട്ടാൽ കീഴാളർ ഒഴിഞ്ഞുമാറണം. ഉയൎന്ന ജാതിക്കാരുപയോഗിയ്ക്കുന്ന കുളങ്ങളും വെട്ടുവഴികളും അയിത്തമാക്കരുതു്. പാട്ടം ശരിയ്ക്കു കൊടുത്തുതീക്കണം. സ്വർഗ്ഗം കൂടിയേ കഴിയൂ എന്നുള്ളവർ ബ്രാഹ്മണന്നു് ഭക്ഷണവും ദക്ഷിണയും കൊടുത്തേയ്ക്കണം.

വർഗ്ഗാടിസ്ഥാനത്തിലുള്ള വർണ്ണവ്യവസ്ഥയുടേയും ജാതിവ്യവസ്ഥയുടേയും സാന്മാർഗ്ഗികനിയമങ്ങരംക്കു് ഭൂരിപക്ഷക്കാ

രായ സാധാരണ ജനങ്ങളുടെ ഉള്ളഴിഞ്ഞ അംഗീകാരമോ പിന്തുണയോ ലഭിയ്ക്കുകയുണ്ടായിില്ലെന്നു പറയേണ്ടതില്ലല്ലോ. ഓരോ കാലഘട്ടത്തിലും ആധിപത്യംവഹിയ്ക്കുന്ന വർഗ്ഗം ക്ഷയോന്മുഖമാവാൻ തുടങ്ങിയപ്പോഴെല്ലാം പുരോഗതിയ്ക്കുവേണ്ടി നിലകൊള്ളുന്ന പുതിയ വർഗ്ഗങ്ങൾ ഉല്പാദനശക്തികളുടെ വളർച്ചയ്ക്കനുയോജ്യമായ പുതിയ സാമൂഹ്യബന്ധങ്ങൾക്കും പുതിയ സാന്മാർഗ്ഗികനിയമങ്ങൾക്കുംവേണ്ടി ശബ്ദമുയർത്തിയിട്ടുണ്ടെന്നു കാണാം. ഗൌതമബുദ്ധൻ വൈശ്യക്ഷത്രിയ വർണ്ണങ്ങളുടെ പിന്തുണയോടുകൂടി ബ്രാഹ്മണമേധാവിത്വത്തിന്നെതിരായി നടത്തിയ ആത്മീയസമരങ്ങളുടെ പിന്നിൽ സമുദായത്തിലെ ഭൂരിപക്ഷക്കാരായ ജനങ്ങൾ അണിനിരക്കുകയുണ്ടായി. മധ്യകാലത്തു്, ദൈവത്തിൻെറ മക്കളെല്ലാം സമന്മാരാണെന്നു പ്രഖ്യാപിച്ചുകൊണ്ടു് ജാതിമേധാവിത്വത്തിൻെറ അടിസ്ഥാനത്തിലുള്ള ഫ്യൂഡൽ സാന്മാർഗ്ഗികബന്ധങ്ങൾക്കെതിരായി കബീറും നാനാക്കും തുക്കാറാമും ഭക്തിപ്രസ്ഥാനത്തിൻെറ മററു നേതാക്കന്മാരും നടത്തിയ സമരങ്ങൾക്കു് ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങളുടെ പിന്തുണയുണ്ടായിരുന്നു.

ചാതുർവ്വർണ്യത്തെ താനാണു് സൃഷ്ടിച്ചതു് എന്നു് ഗീതയിലെ കൃഷ്ണൻ അവകാശപ്പെടുന്നുണ്ടു്. അതു ശരിയാണെങ്കിൽ വർണ്ണധർമ്മങ്ങൾക്കു മുമ്പു നിലനിന്നിരുന്ന കുലധർമ്മങ്ങളേയും, പിന്നീടാവിർഭവിച്ച ജാതിധർമ്മങ്ങളേയും, സൃഷ്ടിച്ചതാരാണു്? ദൈവസൃഷ്ടിയായ ചാതുർവ്വർണ്യം ക്ഷയിയ്ക്കാനും തൽസ്ഥാനത്തു് ജാതികളും ഉപജാതികളും അവാന്തരജാതികളും നിറഞ്ഞ ഫ്യൂഡൽവ്യവസ്ഥ ഉടലെടുക്കാനുമുള്ള കാരണമെന്താണു്? വാസ്തവമിതാണു്: ഉൽപാദനശക്തികളുടെ വളർച്ചയുടെ ഫലമായിട്ടാണു് സാമൂഹ്യബന്ധങ്ങളിൽ മാററമുണ്ടാകുന്നതു്. സാമൂഹ്യവ്യവസ്ഥകൾ മാറുന്നതിന്നനുസരിച്ചു് ധാർമ്മികമൂല്യങ്ങൾക്കും സാന്മാർഗ്ഗികനിയമങ്ങൾക്കും മാററങ്ങളുണ്ടാകുന്നു. സാമൂഹ്യവളർച്ചയിലെ ഓരോ ഘട്ടത്തിലും മനുഷ്യന്നു് സമുദായ

ത്തോട്ടും മററു മനുഷ്യരോടുമുള്ള ബന്ധങ്ങളെയാണ് ധാർമ്മിക മൂല്യങ്ങളും സാന്മാർഗ്ഗികബോധങ്ങളും പ്രതിഫലിപ്പിയ്ക്കുന്നതു്. സാമൂഹ്യബന്ധങ്ങളിൽ നിന്നൊററപ്പെട്ടു് ദൈവദത്തമായ യാതൊരു ധാർമ്മിക മൂല്യവുമില്ല; യാതൊരു സാന്മാർഗ്ഗിക നിയമവുമില്ല.

ധർമ്മമാണ് ഏററവും വലിയ പുരുഷാർത്ഥം. പക്ഷേ, നമ്മൾ കണ്ടുകഴിഞ്ഞതുപോലെ, കുലധർമ്മവും വർണ്ണധർമ്മവും ഒന്നല്ല; വർണ്ണധർമ്മത്തിൽനിന്നു വ്യത്യസ്തമാണ് ജാതിധർമ്മം. ഇങ്ങിനെ സാമൂഹ്യഘടന മാറുമ്പോൾ ധർമ്മവും മാറുന്നു. അതാതു കാലത്തെ സ്വത്തുടമബന്ധങ്ങളേയും അവയുടെ അടിസ്ഥാനത്തിലുള്ള മാനുഷികബന്ധങ്ങളേയും കാത്തുരക്ഷിയ്ക്കുക എന്നതാണ് ധർമ്മത്തിൻെറ ഏററവും മുഖ്യമായ ജോലി. അർത്ഥം, കാമം, മോക്ഷം എന്നീ മററു പുരുഷാർത്ഥങ്ങളെല്ലാം ധർമ്മത്തെ ആശ്രയിച്ചാണിരിയ്ക്കുന്നതു്.

## മദ്ധ്യകാലയൂറോപ്പിലെ ധാർമ്മികമൂല്യങ്ങൾ

യൂറോപ്പിൽ പള്ളിയായിരുന്നു ഫ്യൂഡലിസത്തിൻെറ കേന്ദ്രം. ഭൂസ്വത്തുക്കളുടെ ഗണ്യമായ ഭാഗം പള്ളിയുടെ അധീനത്തിലായിരുന്നു. ധാർമ്മികമൂല്യങ്ങളുടെ നേതൃത്വവും പള്ളിയ്ക്കായിരുന്നു. മതകർമ്മങ്ങളിൽ മാത്രമല്ല, ഗവർമ്മേണ്ടു്, നിയമം, വിദ്യാഭ്യാസം, തത്വജ്ഞാനം, ശാസ്ത്രം മുതലായവയിലെല്ലാം പൌരോഹിത്യത്തിൻെറ ഇച്ഛാശക്തിയ്ക്കായിരുന്നു പ്രാബല്യം. ഭൂരിപക്ഷക്കാരായ കൃഷിക്കാർ മർദ്ദനത്തിലും അജ്ഞതയിലും കിടന്നു നരകിച്ചു. എങ്കിലും പൌരോഹിത്യത്തിൻെറ ധാർമ്മിക മൂല്യങ്ങൾ അവർക്കും ബാധകമായിരുന്നു. പൌരോഹിത്യത്തെ ചോദ്യംചെയ്യാതെ അന്ധമായി അനുസരിയ്ക്കുക എന്നതായിരുന്നു ഏററവും വലിയ സ്വഭാവഗുണം. വ്യക്തി സമൂഹത്തിൻെറ തല്പര്യങ്ങൾക്കു്, എന്നുവെച്ചാൽ പള്ളിയുടെ കല്പനകൾക്കു് വഴങ്ങണം. വിശ്വാസമാണ് സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി. ഐഹികസുഖങ്ങൾ ക്ഷണികങ്ങളാണ്. സ്വത്തു സമ്പാദിയ്ക്കാനോ

ശാരീരികസുഖമനുഭവിയ്ക്കാനോ ആഗ്രഹിയ്ക്കരുതു്. ആത്മസംയമനം, ആഗ്രഹങ്ങളെ അടിച്ചമർക്കൽ, സന്യാസം, ഭക്തി, ആദ്ധ്യാത്മികകാര്യങ്ങളിൽ മുഴുകൽ— ഇതൊക്കെയാണു് മനുഷ്യനെ പരിപൂർണ്ണനും അനശ്വരനുമാക്കാനുള്ള ഉപായങ്ങൾ.

എന്നാൽ, 14-ാം നൂററാണ്ടിനും 19-ാം നൂററാണ്ടിനുമിടയിൽ വാണിജ്യ-വ്യവസായ രംഗങ്ങളിലുണ്ടായ പരിവർത്തനങ്ങൾ ഫ്യൂഡലിസത്തിൻെറ അടിത്തറ പുഴക്കി. അതോടെ യൂറോപ്പിൻെറ ആത്മീയജീവിതത്തിലാകെ ഒരു നവോത്ഥാനം അലയടിച്ചു. വിശ്വാസത്തിൻെറ സ്ഥാനത്തു് ശാസ്ത്രം, അനുസരണശീലത്തിൻെറ സ്ഥാനത്തു് വ്യക്തിസ്വാതന്ത്ര്യബോധം, ആത്മസംയമനത്തിനുപകരം ആത്മാവിഷ്ക്കരണം, ദൈവത്തിൻെറ സ്ഥാനത്തു് പ്രകൃതി, പരലോകത്തിനുള്ള ഒരുക്കകൂട്ടലുകളുടെ സ്ഥാനത്തു് ഐഹികജീവിതത്തിനുള്ള ആസക്തി, പ്രകൃതിയുടേയും ലോകത്തിൻേറയും അഗാധതകളിലേയ്ക്കിറങ്ങിച്ചെല്ലുന്ന ഭൌതികവീക്ഷണഗതികൾ, സർവ്വോപരി ശുഭാപ്തിവിശ്വാസം നിറഞ്ഞുതുളുമ്പുന്ന വിശാലമായ മനുഷ്യസ്നേഹം—ഇതെല്ലാം പഴയ മൂല്യങ്ങളെ ഇടിച്ചുതകർത്തു. സമത്വം, സ്വാതന്ത്ര്യം, സൌഭ്രാത്രം എന്നീ മുദ്രാവാക്യങ്ങൾ പുതിയ ധാർമ്മികമൂല്യങ്ങളുടെ കാഹളം വിളികളായിത്തീൎന്നു. ഈ പുതിയ ആദർശങ്ങൾ ജനങ്ങളുടെയിടയിൽ പരന്നുപിടിച്ചപ്പോഴാണു് ഫ്യൂഡലിസം മുതലാളിത്തത്തിനു വഴിമാറിക്കൊടുത്തതു്.

## മുതലാളിത്തം വന്നപ്പോൾ

എന്നാൽ, മുതലാളിത്തത്തിൻെറ മനുഷ്യസ്നേഹത്തിനു് മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്ന സമ്പ്രദായമവസാനിപ്പിക്കാൻ കഴിഞ്ഞില്ല. പഴയ ചൂഷണസമ്പ്രദായത്തിൻെറ സ്ഥാനത്തു് പുതിയ ചൂഷണസമ്പ്രദായം നിലവിൽ വന്നുവെന്നു മാത്രം. അതുകൊണ്ടാണു് മുതലാളിത്തമുയർത്തിപ്പിടിച്ച സാന്മാർഗ്ഗികബോധത്തിനുപകരം കൂടുതലുൽകൃഷ്ടമായ പുതിയൊരു സാന്മാർഗ്ഗികബോധം ആവശ്യമായിത്തീൎന്നതു്.

തൻെറ കാലത്തെ യൂറോപ്പിലെ വ്യത്യസ്തസാന്മാർഗ്ഗിക ബോധങ്ങളെപ്പററി ഏംഗെൽസ് ഇങ്ങിനെ എഴുതുകയുണ്ടായി:

"ഒന്നാമതായി, കഴിഞ്ഞ നൂററാണ്ടുകളുടെ വിശ്വാസത്തിൽനിന്ന് പാരമ്പര്യമായിക്കിട്ടിയ കൃസ്ത്യൻ സാന്മാർഗ്ഗിക ബോധം നിലനിൽക്കുന്നു. ഇതിന്നുതന്നെ മുഖ്യമായി രണ്ട് ഭാഗങ്ങളുണ്ട്. കത്തോലിക്കാസദാചാരവും പ്രൊട്ടസ്റ്റൻറ സദാചാരവും. ഇവയിലോരോന്നിന്നുമുണ്ട് പിന്നേയും അവാന്തര വിഭാഗങ്ങൾ. ഇവയോടൊപ്പം ആധുനികബൂർഷ്വാ സദാചാരവും അതോടൊന്നിച്ചുതന്നെ തൊഴിലാളിവർഗ്ഗസദാചാരവും നമ്മൾ കാണുന്നു. ഇങ്ങിനെ, ഏററവും അഭിവൃദ്ധിപ്രാപിച്ച യൂറോപ്യൻരാജ്യങ്ങളിൽത്തന്നെ ഒരേസമയത്ത് ഒന്നിച്ചുനില്ക്കുന്ന ഭൂതകാലത്തിൻേറയും വത്തമാനകാലത്തിൻേയും ഭാവികാലത്തിൻേയും സാന്മാർഗ്ഗികസിദ്ധാന്തങ്ങളുടെ മൂന്നു വലിയ വിഭാഗങ്ങൾ കാണാം."

ഇവയിൽ ഭാവിയെ പ്രതിനിധീകരിച്ചുകൊണ്ട് വത്തമാനകാലത്തെ മാററിമറിയ്ക്കാൻ വെമ്പൽകൊള്ളുന്ന തൊഴിലാളി വർഗ്ഗത്തിൻെറ സാന്മാർഗ്ഗികബോധത്തിലാണ് താരതമ്യേന ശാശ്വതമായ ഘടകങ്ങൾ ഏററവുമധികം അടങ്ങിയിട്ടുള്ളത് എന്നും ഏംഗെൽസ് ചൂണ്ടിക്കാണിയ്ക്കുകയുണ്ടായി. എന്നിരിയ്ക്കിലും അതിപ്പോഴും ഒരു വർഗ്ഗത്തിൻെറ സാന്മാർഗ്ഗികബോധമാണ്; മനുഷ്യസമുദായത്തിന് മുഴുവനും ബാധകമായ ഒരു സാവ്വത്രിക സാന്മാർഗ്ഗികബോധമല്ല: ഏംഗെൽസ് പറഞ്ഞപോലെ, വർഗ്ഗവൈരുദ്ധ്യങ്ങളവസാനിപ്പിയ്ക്കുകമാത്രമല്ല, നിത്യജീവിതത്തിൽ അവയെ വിസ്മരിക്കപോലും ചെയ്തുകഴിഞ്ഞിട്ടുള്ള ഒരു സാമൂഹ്യഘട്ടത്തിൽ മാത്രമേ വഗ്ഗവൈരുദ്ധ്യങ്ങൾക്കും മനുഷ്യൻെറ ചിന്താഗതിയിൽ അവയുളവാക്കുന്ന അനന്തരഫലങ്ങൾക്കും അതീതമായ തികച്ചും മാനുഷികമായ, ഒരു സാന്മാർഗ്ഗികബോധം സാദ്ധ്യമാവുകയുള്ളു."

## ഇന്ത്യയിലെ ഫ്യൂഡൽ ധാർമ്മികമൂല്യങ്ങൾ

ഇന്ത്യയുടെ സാമൂഹ്യവ്യവസ്ഥയ്ക്ക് ചില സവിശേഷതകളുണ്ട്. റോം, ഗ്രീസ്സ് തുടങ്ങിയ പ്രാചീന യൂറോപ്യൻ രാജ്യങ്ങളിലേതുപോലെ അത്ര സുശക്തവും വ്യാപകവുമായ ഒരടിമത്തവ്യവസ്ഥയല്ല ഇന്ത്യയിലുയൎന്നുവന്നതു്. പ്രാകൃത കമ്മ്യൂണിസത്തിന്റെ പൂർണ്ണമായ തകർച്ചയിൽനിന്നല്ല അടിമത്തം പൊന്തിവന്നതു്. അതുകൊണ്ടു് ചാതുർവ്വർണ്യത്തിന്നുള്ളിലും ഗോത്രവ്യവസ്ഥയുടെ പല അവശിഷ്ടങ്ങളും നിലനിന്നുപോന്നു. ഫ്യൂഡലിസത്തിന്റെ സ്ഥിതിയും ഏതാണ്ടിതുപോലെത്തന്നെയാണു്. ജാതിവ്യവസ്ഥ നിലവിൽ വന്നതിന്നുശേഷവും വർണ്ണവ്യവസ്ഥയുടെ പ്രബലങ്ങളായ ചില ഘടകങ്ങൾ നശിയ്ക്കാതെ നിലനില്ക്കുകയുണ്ടായി. വർണ്ണവ്യവസ്ഥയിലെ ബ്രാഹ്മണമേധാവിത്വം ജാതിവ്യവസ്ഥയിലെ ബ്രാഹ്മണമേധാവിത്വമായി മാറുകയാണുണ്ടായതു്. കേരളംപോലുള്ള ചില പ്രദേശങ്ങളിലാകട്ടെ, ചാതുർവ്വർണ്യമെന്ന അടിമത്തമനുഭവിയ്ക്കാതെ ഗോത്രവ്യവസ്ഥയിൽനിന്നും നേരിട്ടാണു് ജനങ്ങൾ ഫ്യൂഡൽ വ്യവസ്ഥയിലേയ്ക്കു കടന്നതു്. പല ഗോത്രങ്ങളും അഭ്യന്തരമായ ഐക്യത്തേയും സൌഭ്രാത്രത്തേയും ഏറെക്കുറെ നിലനിൎത്തിക്കൊണ്ടുതന്നെ ഫ്യൂഡൽ വ്യവസ്ഥയിലെ ജാതികളായി മാറി. ജാതികൾകൊണ്ടും ഉപജാതികൾകൊണ്ടും അവാന്തരജാതികൾകൊണ്ടും കെട്ടിപ്പിണഞ്ഞ ഫ്യൂഡൽ സ്വത്തുടമബന്ധങ്ങൾക്കുള്ളിൽ പ്രാകൃതകമ്മ്യൂണിസത്തിന്റെ ഗോത്രജീവിതം ഇഴുകിച്ചേൎന്നു കിടന്നു. സ്വയം സമ്പൂർണ്ണങ്ങളായ ഗ്രാമസമുദായങ്ങൾക്കുള്ളിലെ പരസ്പരബന്ധങ്ങളിൽ സവിശേഷമായ ഒരുതരം ഐക്യവും സൌഹാർദ്ദവും നിലനിന്നുപോന്നു. ഇന്ത്യയിലെ ഈ പ്രാചീനഗോത്ര സമുദായങ്ങളെപ്പററി മാർക്സ് തന്റെ 'ക്യാപിററൽ' എന്ന ഗ്രന്ഥത്തിൽ ഇങ്ങിനെ എഴുതുകയുണ്ടായി.

"ചെറുതും അതിപ്രാചീനവുമായ ആ ഇന്ത്യൻസമുദായങ്ങൾ-അവയിൽ ചിലതു ഇന്നേവരെ തുടൎന്നുപോന്നിട്ടുണ്ടു്-നില

ത്തിന്മേലുള്ള പൊതുവുടമയേയും, കൃഷിയും കൈതൊഴിലുകളും തമ്മിലുള്ള അഭിവാജ്യ ബന്ധത്തേയും, മാററാൻ വയ്യാത്ത ഒരു പ്രവൃത്തി വിഭജനത്തേയും ആശ്രയിച്ചാണിരിയ്ക്കുന്നതു്. ഈ സമുദായങ്ങളുടെ ഭരണഘടന ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തതരത്തിലാണു്. ഏററവും ലളിതമായ രൂപത്തിൽ നിലം പൊതുവായി കൃഷിചെയ്യപ്പെടുകയും ഉൽപ്പന്നങ്ങൾ ഗ്രാമത്തിലെ അംഗങ്ങൾക്കിടയിൽ ഭാഗിക്കപ്പെടുകയും ചെയ്യുന്നു. അതേസമയത്തുതന്നെ സഹായക വ്യവസായങ്ങളെന്ന നിലയ്ക്കു് ഓരോവീട്ടിലും നൂൽനൂൽപ്പും നെയ്ത്തുമുണ്ടു്. ഇങ്ങിനെ ഓരോ തരത്തിലുള്ള പ്രവൃത്തിതന്നെ ചെയ്തുകൊണ്ടിരിയ്ക്കുന്ന ബഹുജനങ്ങളോടൊപ്പം ജഡ്ജിയും പോലീസ്സുകാരനും നികുതി പിരിവുകാരനും എല്ലാമായ ഗ്രാമപ്രധാനിയേയും നമുക്കു കാണാൻ കഴിയും. കൃഷിയുടെ വരവുചിലവു കണക്കുകൾ വെയ്ക്കുകയും അതുമായി ബന്ധപ്പെട്ട എല്ലാററിന്റേയും റജിസ്റ്റർ സൂക്ഷിയ്ക്കുകയും ചെയ്യുന്ന കണക്കപ്പിള്ള (അല്ലെങ്കിൽ കരണം), കുററവാളികളെ ശിക്ഷിയ്ക്കുകയും ഗ്രാമത്തിലൂടെ കടന്നുപോകുന്ന വിദേശികളെ സംരക്ഷിയ്ക്കുകയും അവരെ അടുത്ത ഗ്രാമത്തിലേയ്ക്കു് അനുഗമിയ്ക്കുകയും ചെയ്യുന്ന മറെറാരുദ്യോഗസ്ഥൻ, അയൽപ്രദേശങ്ങളിൽനിന്നു് ഗ്രാമത്തിന്റെ അതിർത്തികളെ കാത്തുരക്ഷിയ്ക്കുന്ന ഉദ്യോഗസ്ഥൻ, പൊതുകുളത്തിൽനിന്നു് കൃഷിയ്ക്കു വെള്ളം കൊടുക്കുന്ന പ്രവൃത്തിക്കാരൻ, കുട്ടികളെ മണ്ണിലെഴുതി പഠിപ്പിയ്ക്കുന്ന അദ്ധ്യാപകൻ, വിത്തുനടൽ, കൊയ്ത്തു് തുടങ്ങിയ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും പററിയ മുഹൂർത്തങ്ങളേയും അശുഭദിനങ്ങളേയും വിവരിച്ചുകൊടുക്കുന്ന ജോത്സ്യൻ, എല്ലാത്തരം കാർഷികോപകരണങ്ങളുടേയും കേടുപാടുകൾ തീർക്കുന്ന പെരുംകൊല്ലനും ആശാരിയും, ഗ്രാമത്തിന്നാവശ്യമായ മൺപാത്രങ്ങളുണ്ടാക്കുന്ന കുശവൻ, ക്ഷുരകൻ, അലക്കുകാരൻ, തട്ടാൻ, അവിടേയും ഇവിടേയുമായി കവികൾ–ചില സമുദായങ്ങളിൽ തട്ടാന്മാരുടേയും മററു ചിലേടങ്ങളിൽ അദ്ധ്യാപകന്മാരുടെയും ജോലികൾകൂടി കവികൾ നിർവ്വഹിയ്ക്കും – ഇവരെ

ല്ലാമുണ്ടായിരുന്നു. ഒരു ഡസനോളം വരുന്ന ഈ വ്യക്തികളെല്ലാം സമുദായത്തിൻെറ പൊതുചെലവിലാണ് സംരക്ഷിയ്ക്കപ്പെട്ടിരുന്നതു്."

മേൽജാതികളും കീഴ്ജാതികളും തമ്മിലുള്ള അസമത്വങ്ങൾ അനുദിനം മൂർഛിച്ചുകൊണ്ടിരുന്നു. എന്നിട്ടും ജാതിയ്ക്കുള്ളിൽ ഒരുതരം ഐക്യവും പരസ്പര സഹകരണവും നിലനിന്നുപോന്നു. ഓരോ ജാതിയ്ക്കും സ്വന്തമായ ഓരോ പഞ്ചായത്തു് (കൂട്ടം) ഉണ്ടായിരുന്നു. ജാതിയിലെ അംഗങ്ങളുടെ പൊതുകാര്യങ്ങളും മററു ജാതിതളുമായുള്ള ബന്ധങ്ങളും സമത്വത്തിൻെറ അടിസ്ഥാനത്തിൽ ചർച്ചചെയ്തു് തീരുമാനങ്ങളെടുക്കാനുള്ള ജനാധിപത്യസ്ഥാപനങ്ങളായിരുന്നു അവ.

ജാതിവിശ്വാസങ്ങളും ജാത്യാചാരങ്ങളും, മേലാളരോടുള്ള കീഴ്വണക്കം, അയിത്തവും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും, ബ്രാഹ്മണഭക്തി, രാജാവിനോടുള്ള കൂറ്, ലോകത്തിൽ സംഭവിയ്ക്കുന്നതെന്തും കർമ്മത്തിൻെറ ഫലമാണെന്ന ബോധം, ദൈവങ്ങളിലും പുനർജന്മത്തിലുമുള്ള വിശ്വാസം, അദ്ധ്വാനത്തോടുള്ള പുച്ഛം, അദൃശ്യപ്രപഞ്ചത്തിൻെറ അഗാധതകളിലേയ്ക്കു് ഊളിയിട്ടു പോകാനുള്ള അന്തർമുഖത്വത്തിൻെറ ആത്മീയപ്രവണതകൾ, ആത്മസംയമനം, സന്യാസം മുതലായവയുടെ അടിസ്ഥാനത്തിലാണ് ഫ്യൂഡലിസത്തിൻെറ ധാർമ്മികമൂല്യങ്ങൾ ഉയൻവന്നതു്. എന്നാൽ അവയോടൊപ്പംതന്നെ പ്രാകൃത ഗോത്രസമുദായത്തിലെ മനുഷ്യസ്നേഹപരമായ ചിന്താഗതികളും നശിയ്ക്കാൻ കൂട്ടാക്കാതെ നിലനിന്നുപോന്നു. പ്രാചീനകാലംമുതൽക്കേ മനുഷ്യത്വം ആദരിയ്ക്കപ്പെട്ടിരുന്നു. വർഗ്ഗവ്യത്യാസങ്ങൾ മനുഷ്യത്വത്തിൻെറ ഉൽകൃഷ്ടതയേയും പാവനതയേയും പാടേ തുടച്ചുനീക്കുകയുണ്ടായില്ല. "ഗുഹ്യം ബ്രഹ്മതദിദം ബ്രവീമി; നമാനുഷാത് ശ്രേഷ്ഠതരം ഹികിഞ്ചിത്'' എന്നു മഹാഭാരിതത്തിലൊരിടത്തു പറയുന്നു. വർണ്ണവ്യവസ്ഥയുടെ കാലത്തു് ഉടലെടുത്ത ആത്മീയതത്വശാസ്ത്രങ്ങൾപോലും മനു

ഷ്യന്റെ ദുഃഖത്തിന്നൊരറുതിവരുത്തേണ്ടതെങ്ങിനെയെന്നാണ് ചർച്ചചെയ്തതു്. ചുരുക്കിപ്പറഞ്ഞാൽ സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ പരിവർത്തനങ്ങൾ പലതും സംഭവിച്ചിട്ടും ഭൂരിപക്ഷക്കാരായ ജനങ്ങൾക്കിടയിൽ മനുഷ്യസ്നേഹം വേരൂന്നിക്കിടന്നു.

## ദേശീയപ്രസ്ഥാനത്തിന്റെ ധാർമ്മികമൂല്യങ്ങൾ

ബ്രിട്ടീഷുമുതലാളിത്തത്തിന്റെ വരവോടുകൂടി ഈ സ്ഥിതിയ്ക്കൊരു മാററംവന്നു. നാടുവാഴിപ്രഭുത്വത്തിന്റെ അടിത്തറ തകർന്നു. പ്രാചീനകാലംമുതൽക്കു നിലനിന്നുപോന്ന ഗ്രാമസമുദായങ്ങൾ ഛിന്നഭിന്നമായി. കൃഷിയും കൈത്തൊഴിലുകളും അധഃപതിച്ചു. പഴയ ഉൽപാദനവ്യവസ്ഥ താറുമാറായി. എന്നാൽ അതിന്റെ സ്ഥാനത്തു് പുതിയ മുതലാളിത്ത രീതിയിലുള്ള വ്യാവസായികോല്പാദന വ്യവസ്ഥ നിലവിൽ വരികയുണ്ടായില്ല. കാലഹരണപ്പെട്ട ഫ്യൂഡൽവ്യവസ്ഥയുടെ കൂട്ടുപിടിച്ചുകൊണ്ടു് സാമ്രാജ്യത്വം ഇന്ത്യയുടെ സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ പുരോഗതിയെ തടഞ്ഞുനിർത്തി.

പക്ഷേ, അടിമത്തത്തെ കെട്ടിപ്പുണരാൻ ജനങ്ങൾ തയ്യാറായില്ല. രാജ്യത്തിലൊട്ടുക്കും മുമ്പില്ലാതിരുന്ന മഹത്തായ ഒരു ദേശീയബോധം അലയടിച്ചു. ദേശീയസ്വാതന്ത്ര്യത്തിന്നു വേണ്ടിയുള്ള സമരം ആരംഭിച്ചു.

സ്വാതന്ത്ര്യസമരം ദേശീയാടിമത്തത്തെയും ദേശീയമായ സങ്കുചിതത്വത്തേയും മാത്രമല്ല, നാടുവാഴിപ്രഭുത്വത്തിന്റെ ധാർമ്മികമൂല്യങ്ങളേയും ചോദ്യംചെയ്തു. പ്രാചീനകാലംമുതൽക്കു തലമുറതലമുറയായി തുടർന്നുപോന്ന ജനകീയ ധാർമ്മിമൂല്യങ്ങളുടെ മനുഷ്യസ്നേഹപരമായ ഉൽകൃഷ്ടതകൾ ഉയിർത്തെഴുന്നേററു. പത്തൊമ്പതാംനൂററാണ്ടിന്റെ അവസാനത്തിൽത്തന്നെ സ്വാമി വിവേകാനന്ദൻ തന്റെ സ്വതസ്സിദ്ധമായ ഉജ്ജ്വലശൈലിയിൽ ഇങ്ങിനെ ഉൽഘോഷിയ്ക്കുകയുണ്ടായി.

സ്വർഗ്ഗമോ നരകമോ ഉണ്ടായാലെന്തു്? ഇല്ലെങ്കിലെന്തു്? ആത്മാവു് ഉണ്ടെങ്കിലെന്തു, ഇല്ലെങ്കില്ലെന്തു്? മാററമില്ലാത്ത ഒരു ശക്തി ഉണ്ടോ ഇല്ലയോ എന്നറിഞ്ഞിട്ടെന്തുവേണം? ലോകമിതാ കിടക്കുന്നു. അതു കഷ്ടപ്പാടുനിറഞ്ഞതാണുതാനും. ബുദ്ധൻ ചെയ്തതുപോലെ ലോകത്തിലേയ്ക്കിറങ്ങിച്ചെല്ലുകയും ആ കഷ്ടപ്പാടുകൾ ലഘൂകരിയ്ക്കാൻ സമരം നടത്തുകയും ചെയ്യുക; അല്ലെങ്കിൽ ആ പരിശ്രമത്തിൽ മരിയ്ക്കുക. നിങ്ങൾ നിങ്ങളെത്തന്നെ മറക്കണം. ഇതാണു് ആദ്യമായി പഠിയ്ക്കാനുള്ള പാഠം. നിങ്ങൾ ദൈവവിശ്വാസിയായാലും ശരി, നിരീശ്വരവാദിയായാലും ശരി; സന്ദേഹവാദിയായാലും കൊള്ളാം, വേദാന്തിയായാലും കൊള്ളാം; കൃസ്ത്യാനിയായാലും ശരി, മുഹമ്മദീയനായാലും ശരി; സങ്കുചിതമായ 'അഹന്ത'യെ നശിപ്പിയ്ക്കുകയും യഥാർത്ഥമായ വ്യക്തിസത്തയെ കെട്ടിപ്പടുക്കുകയും ചെയ്യുക എന്നതാണു് എല്ലാവൎക്കും വ്യക്തമാകുന്ന ഒരേയൊരു പാഠം."

വീണ്ടും,

"നമുക്കു് നമ്മിൽത്തന്നെയുള്ള വിശ്വാസം, ദേശീയമായ ഒരാത്മാഭിമാനം, പാവങ്ങൾക്കു് ഭക്ഷണം നൽകാനും, അവരെ അഭ്യസ്തവിദ്യരാക്കാനും അങ്ങിനെ നമ്മുടെ ചുററുപാടുമുള്ള കഷ്ടപ്പാടുകളെ ദൂരീകരിയ്ക്കുവാനുള്ള ശക്തി—ഇതെല്ലാം ഉണ്ടാക്കിത്തരുന്ന ഒരു മതമാണു് നമുക്കു് വേണ്ടതു്. നിങ്ങൾക്കു ദൈവത്തെ കാണണമെന്നുണ്ടെങ്കിൽ മനുഷ്യനെ സേവിയ്ക്കുക!"

ഇതു് പഴയ ധാർമ്മികമൂല്യങ്ങളുടെ തുടർച്ച മാത്രമായിരുന്നില്ല. സാമൂഹ്യവളർച്ചയുടെ പുതിയ ഘട്ടത്തിന്നനുയോജ്യമായ പുതിയ ധാർമ്മികമൂല്യങ്ങളുടെ ഉത്ഭവം കൂടിയായിരുന്നു.

# അദ്ധ്യായം രണ്ട്

ഒന്നാംലോകമഹായുദ്ധത്തിൻേറയും റഷ്യയിലെ തൊഴിലാളിവിപ്ലവത്തിൻേറയും സാർവ്വദേശീയ പ്രത്യാഘാതങ്ങൾ, അഖിലേന്ത്യാ ട്രേഡ്‌യൂണിയൻ കോൺഗ്രസ്സിൻെറ ആവിർഭാവം, മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലാരംഭിച്ച നിസ്സഹകരണപ്രസ്ഥാനം ഇതിൻേറയെല്ലാം ഫലമായി നമ്മുടെ ദേശീയപ്രസ്ഥാനത്തിൽ പുതിയൊരു മുന്നേററമുണ്ടായി. സ്വാതന്ത്ര്യസമരത്തിൻെറ ഊക്കം ഊർജ്ജസ്വലതയും വർദ്ധിച്ചു. അതോടൊപ്പംതന്നെ, മെല്ലെ മെല്ലെ, തൊഴിലാളിവർഗ്ഗത്തിൻേറതായ പുതിയ ധാർമ്മികമൂല്യങ്ങളും ആവിർഭവിച്ചു.

ഒരുഭാഗത്ത് കൊളോണിയലിസത്തിൻെറ ആശ്രയസംഹിതകൾ, മറുഭാഗത്ത് രാഷ്ട്രീയപ്രവർത്തനങ്ങളെ മാനുഷീകരിക്കണമെന്നാഹ്വാനംചെയ്ത മഹാത്മാഗാന്ധിയുടെ സാന്മാർഗ്ഗികസിദ്ധാന്തങ്ങൾ, മദ്ധ്യവർഗ്ഗക്കാർക്കിടയിൽ പരന്നുപിടിക്കാൻ തുടങ്ങിയ തൊഴിലാളിവർഗ്ഗചിന്താഗതികൾ, എല്ലാററിനുമടിയിൽ ജനങ്ങളുടെ ഹൃദയങ്ങളിൽ ഊറിപ്പിടിച്ചുകിടന്ന മനുഷ്യസ്നേഹപരമായ ധാർമ്മികമൂല്യങ്ങൾ—ഇങ്ങിനെ വ്യത്യസ്തങ്ങളായ ധാർമ്മികമൂല്യങ്ങളുടെ സംഘട്ടനങ്ങളിലൂടെയാണ് ദേശീയപ്രസ്ഥാനം മുന്നേറിയത്.

## ഇന്ത്യ മുതലാളിത്തത്തിലേക്ക്

ഒടുവിൽ, ഇന്ത്യാചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായത്തെ ഉൽഘാടനംചെയ്ത ആഗസ്റ്റ് പതിനഞ്ച്! ബ്രിട്ടീഷ് ഭരണമവസാനിച്ചു. ഇന്ത്യ സ്വതന്ത്രയായി. സാമ്പത്തികവികസനത്തിനും ദേശീയ പുനർനിർമ്മാണത്തിനുമുള്ള പരിപാടികളാവി

ഷ്കരിയ്ക്കപ്പെട്ടു. വൻകിടജലസേചനപദ്ധതികൾ, ഹൈഡ്രോ എലക്ട്രിക്ക് പ്രൊജക്ട്കൾ, ഗതാഗതസൌകര്യങ്ങൾ, ആധുനികഫാക്ടറികൾ, ഘനവ്യവസായങ്ങൾ—ഇന്ത്യയുടെ മുഖച്ഛായയാകെ മാററിമറിച്ച ഈ നിർമ്മാണപദ്ധതികൾ പട്ടണങ്ങളിലെന്നപോലെത്തന്നെ ഉൾനാട്ടകളിലും വമ്പിച്ച പരിവർത്തനങ്ങളുണ്ടാക്കി. ജനങ്ങളുടെ ജീവിതരീതി മാറി, ചിന്താഗതികൾ മാറി. അതോടെ പഴയ ധാർമ്മികമൂല്യങ്ങളെല്ലാം ചോദ്യം ചെയ്യപ്പെട്ടു.

ഇന്ത്യയിലെ സാമ്പത്തികവികസനപദ്ധതികൾ നമ്മുടെ രാഷ്ട്രീയസ്വാതന്ത്ര്യത്തിൻെറ അടിത്തറയുറപ്പിക്കാനും, സാമ്പത്തികസ്വാതന്ത്ര്യം കെട്ടിപ്പടുക്കാനും, സാമ്രാജ്യാധിപത്യത്തിൻെറയും ഫ്യൂഡലിസത്തിൻെറയും അവശിഷ്ടങ്ങളെ നീക്കംചെയ്യാനും, സാമൂഹ്യവും സാംസ്കാരികവുമായ പുരോഗതിനേടാനും സഹായിയ്ക്കുന്ന പരിപാടികളാണ്; സംശയമില്ല. എന്നാൽ, മുതലാളിത്തത്തിൻെറ അടിസ്ഥാനത്തിലാണ് ഈ സാമ്പത്തികാസൂത്രണപരിപാടികൾ നടപ്പിൽ വരുത്തപ്പെട്ടുകൊണ്ടിരിക്കുന്നത്. അടിസ്ഥാന ഘനവ്യവസായങ്ങളിൽപോലും സ്വകാര്യസ്വത്തുടമയ്ക്ക് സ്ഥാനം നൽകപ്പെട്ടു. വൻകിട ബാങ്കുകളും, കമ്പോളചൂതാട്ടങ്ങളും, തൊഴിലാളികളെ ചൂഷണംചെയ്ത് ലാഭമടിയ്ക്കാനും ചരക്കുകളുടെ വിലവർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിയ്ക്കാനുമുള്ള സ്വാതന്ത്ര്യങ്ങളും, സ്വകാര്യമുതലാളികളുടെ പണപ്പെട്ടികളെ മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്തവിധം വീർപ്പിച്ചു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ച അനുദിനം വർദ്ധിയ്ക്കാൻ തുടങ്ങി. ഈ മുതലാളിത്തോല്പാദനരീതിയുടെ അവിഭാജ്യഭാഗമെന്ന നിലയ്ക്ക് ജനഹൃദയങ്ങളിൽ അസംതൃപ്തി കൊടുമ്പിരികൊണ്ടു. സാമൂഹ്യജീവിതത്തിലെ സൌഹൃദബന്ധങ്ങളെ 'കണപ'യുടെ കണക്കുകൂട്ടലുകൾ താറുമാറാക്കി. 1847-ൽതന്നെ മുതലാളിത്തം സാമൂഹ്യജീവിതത്തിലുണ്ടാക്കിയ പരിവർത്തനങ്ങളെപ്പററി മാർക്സും ഏംഗെൽസും ഇങ്ങിനെ എഴുതുകയുണ്ടായി.

"മനുഷ്യനും മനുഷ്യനും തമ്മിൽ നഗ്നമായ സ്വാർത്ഥമൊഴികെ, ഹൃദയശൂന്യമായ റൊക്കം പൈസയൊഴികെ, മററാരു ബന്ധവും അതു ബാക്കിവെച്ചില്ല. മതപരമായ ഭക്തിപാരവശ്യത്തിൻേറയും, വീരോചിതമായ ആത്മത്രാണപരായണത്തിൻേറയും, പണ്ഡിതമന്യന്മാരുടെ സഹൃദയത്വത്തിൻേറയും ദിവ്യമായ ആനന്ദനിർവ്വതിയെ അതു് കട്ടത്ത ദുരയുടെ മഞ്ഞുവെള്ളത്തിലാഴ്ത്തി. വ്യക്തിപരമായ യോഗ്യതകളെ അതു 'കണപ'യാക്കി മാററി...........ചുരുക്കിപ്പറഞ്ഞാൽ, മതപരവും രാഷ്ട്രീയവുമായ വ്യാമോഹങ്ങളുടെ സ്ഥാനത്തു് അതു നഗ്നവും നിർല്ലജ്ജവും മൃഗീയവുമായ ചൂഷണം നടപ്പിലാക്കി,"

## സ്വതന്ത്രഭാരതത്തിലെ ധാർമ്മികാധഃപതനം

മുതലാളിത്തത്തിൽ മനുഷ്യൻ ലക്ഷ്യമല്ല, മാർഗ്ഗമാണു്. മുതലാളി പണം സമ്പാദിയ്ക്കുന്ന ഒരുപകരണം, തൊഴിലാളി വെറമൊരുല്പാദനോപകരണവും! തൊഴിലാളിയുടെ ജീവിതമല്ല, ചൂഷണംചെയ്യപ്പെടാനും ലാഭമുൽപ്പാദിപ്പിയ്ക്കാനുമുള്ള അവൻെറ കഴിവാണു് പ്രധാനം. വ്യവസായം, വാണിജ്യം, സാമൂഹ്യസ്ഥാപനങ്ങൾ—എല്ലാററിനും ഒരൊററ ലക്ഷ്യമേയുള്ളു: ലാഭം! എത്രത്തോളം പണം സമ്പാദിയ്ക്കുന്നുവോ അത്രത്തോളമാണു് മാന്യത. സ്വത്തുക്കളെക്കൊണ്ടാണു് മനുഷ്യൻ അളക്കപ്പെടുന്നതു്.

ഈ വ്യവസ്ഥയിൽ ഒരററത്തു സ്വത്തുക്കളും മറേറ അററത്തു് ദാരിദ്ര്യവും കുന്നുകൂടുന്നു. നടുക്കുള്ളവരാകട്ടെ വ്യക്തിപരമായി സ്വത്തുസമ്പാദിയ്ക്കാനുള്ള ഉല്ക്കണ്ഠയാലും നാളെയെപ്പററിയുള്ള മനോരാജ്യത്താലും അസ്വസ്ഥരായിത്തീരുന്നു.

സ്വാർത്ഥം, ദുര, അഴിമതി. കോഴ, മത്സരം, കരിഞ്ചന്ത — ഇവയെല്ലാം വ്യക്തിയുടെ വളർച്ചയ്ക്കുള്ള ഉപകരണങ്ങളായിത്തീരുന്നു. ഈശ്വരപൂജപോലും ധനപൂജയുടെ മൂടുപടമായി മാറുന്നു.

വ്യവസായത്തിന്ന് ലൈസൻസുവേണോ, കടലാസ്സുവേഗം നീങ്ങണോ, ഉദ്യോഗസ്ഥൻെറ കൈ മടക്കുക; ഉദ്യോഗം കിട്ടണോ, പണമിറക്കുക; വിദ്യാലയത്തിൽ പ്രവേശനം വേണോ, പരീക്ഷയിൽ ഒന്നാമതായി പാസ്സാവണോ, കൈക്കൂലി കൊടുക്കുക; അദ്ധ്യാപകജോലി വേണോ, മാനേജരുടെ ബാങ്ക് അക്കൗണ്ട് വർദ്ധിപ്പിയ്ക്കുക; രോഗം മാറണോ ഡോക്ടൎക്കു പണം കൊടുക്കുക; അഴിമതിക്കുററത്തിൽനിന്നു രക്ഷപ്പെടണോ അഴിമതിനിവാരണ ഉദ്യോഗസ്ഥനെ തൃപ്തിപ്പെടുത്തുക—മദ്യവൎജ്ജന മേഖലകളിൽ കള്ളുണ്ടാക്കണോ, പൊല്ലീസ്സിന്നു് കൈക്കൂലി കൊടുക്കുക—എല്ലാം വ്യക്തിയുടെ ഉയൎച്ചയ്ക്കു വേണ്ടിയാണ്!

ഭക്ഷണസാമഗ്രികളിൽ മായംചേക്കാം, ആട്ടിറച്ചിയെന്നു് പറഞ്ഞു് പട്ടിയിറച്ചി വിൽക്കാം, കരിഞ്ചന്ത നടത്താം, കള്ളനോട്ടടിയ്ക്കാം, മനുഷ്യമാംസവിൽപ്പനയ്ക്കുള്ള വ്യഭിചാരശാലകൾ നടത്താം, കള്ളമദ്യംവാററാം—പണമുണ്ടാക്കാൻ കഴിയുമോ എന്തു ബീഭത്സതയുമാവാം!

യാതൊന്നിന്നുമില്ല രക്ഷ—ക്ഷേത്രങ്ങൾ, പള്ളികൾ, സന്യാസിമഠങ്ങൾ, ഗാന്ധിസ്മാരകനിധികൾ, സാഹിത്യസംഗീത അക്കാഡമികൾ, നിയമസഭാസാമാജികത്വം, മന്ത്രിസ്ഥാനം, കമ്മിററികൾ, സൎവ്വകലാശാലകളിലെ സിൻഡിക്കേററുകൾ, ധാൎമ്മികമൂല്യങ്ങളെപ്പററിയുള്ള പ്രസംഗപരിപാടികൾ—എല്ലാം വ്യക്തികൾക്കു് പണമുണ്ടാക്കാനുള്ള ഉപകരണങ്ങളാണ്!

ഇതാണ് മുതലാളിത്തം!

ഉരുക്കുനിൎമ്മാണശാലകളുടേയും യന്ത്രനിൎമ്മാണഫാക്ടറികളുടേയും ചൂളംവിളികൾ മുഴങ്ങുന്നു; ഹൈഡ്രോ ഇലക്ട്രിക്ക് സ്റ്റേഷനുകൾ പ്രകാശം പൊഴിയ്ക്കുന്നു; സൎവ്വകലാശാലകൾ അഭ്യസ്തവിദ്യരെ പടച്ചുവിടുന്നു; പക്ഷെ, വെളിച്ചമെവിടെ? 'സത്യമേവ ജയതേ' എന്ന കൊടിയടയാളത്തിൻെറ മറവിൽ ആയിരം കപടനാട്യങ്ങൾ പത്തിവിരുത്തി പതിയിരിയ്ക്കുന്നു! ആത്മാവി

ൻെറ രോഗം മൂർഛിയ്ക്കുകയും പടൎന്നുപിടിയ്ക്കുകയും ചെയ്യുന്നു. അവനും ഇവനും മറേറവനും കോഴവാങ്ങി തടിയ്ക്കുമ്പോൾ ഞാൻ മാത്രം അരിഷ്ടിച്ച് നല്ലവനാകുന്നതെന്തിനു്?

എന്നാൽ 'കയ്യൂക്കുള്ളവൻ കാൎയ്യക്കാരൻ' എന്ന ഈ തത്വശാസ്ത്രത്തിൻെറ കൈപിടിച്ചുകൊണ്ടു് സമുദായത്തിലെ എല്ലാ വ്യക്തികൾക്കും ഉയരാൻ സാധിയ്ക്കുന്നില്ല. മേലെക്കിടയിലുള്ള ന്യൂനപക്ഷം തടിച്ചുകൊഴുക്കയുകം ഭൂരിപക്ഷക്കാരായ വ്യക്തികൾ പാപ്പരത്തത്തിലേയ്ക്കു മൂതലക്കൂപ്പുകുത്തുകയുമാണു് ചെയ്യുന്നതു്.

ഈ സാഹചൎയ്യത്തിൽ ധാൎമ്മികമൂല്യങ്ങൾ ഇടിയുകയും വിശ്വാസരാഹിത്യം പരന്നു പിടിയ്ക്കുകയും ചെയ്യുന്നു 'ഓരോരുത്തരും അവനവന്നുവേണ്ടി' എന്ന കാടൻനിയമം മനുഷ്യഹൃദയങ്ങളിൽ ആധിപത്യം വഹിയ്ക്കാൻ തുടങ്ങുന്നു.

## കാടൻ നിയമങ്ങളുടെ സാഹചര്യങ്ങൾ

മനുഷ്യൻ സ്വന്തം ഇഷ്ടത്തിനു് പട്ടിണിയേയും തൊഴിലില്ലായ്മയേയും അടിമത്തത്തേയും അപമാനഭാരത്തേയും തിരഞ്ഞെടുക്കാറില്ല. വൎഗ്ഗവ്യത്യാസങ്ങളെ നിലനിറുത്തുന്ന സാമൂഹ്യബന്ധങ്ങളിൽനിന്നാണു് ഇത്തരം കളങ്കങ്ങൾ ഉയൎന്നുവരുന്നതു്. ഉദാഹരണത്തിന്നു്, മുതലാളിത്ത സാമൂഹ്യവ്യവസ്ഥയെത്തന്നെയെടുക്കാം. മുതലാളിത്തത്തിൽ ഒരു വിഭാഗം ജനങ്ങൾ ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായ യജമാനന്മാരും, മറെറാരുവിഭാഗം ജനങ്ങൾ കൂലിവേലക്കാരായ അടിമകളുമാണു്. കൂലിവേലക്കാരനു് തൻെറ അദ്ധ്വാനശക്തിയെ വില്ക്കാനുള്ള സ്വാതന്ത്ര്യമുണ്ടു്. അതു വാങ്ങാനോ വാങ്ങാതിരിയ്ക്കുവാനോ ഉള്ള സ്വാതന്ത്ര്യം മുതലാളിയ്ക്കുമുണ്ടു്. ഈ സാമൂഹ്യവസ്ഥയിൽ മനുഷ്യൻ മൎദ്ദിയ്ക്കപ്പെടുന്നു, ചൂഷണം ചെയ്യപ്പെടുന്നു, അപമാനിയ്ക്കപ്പെടുകയും വെറുക്കപ്പെടുകയും ചെയ്യുന്നു. യന്ത്രങ്ങൾ

ചലിയ്ക്കുന്നതു് സാമ്രാജ്യികജീവിതത്തെ ഉയർത്താനല്ല, അവയുടെ ഉടമസ്ഥന്മാക്കു് ലാഭം കിട്ടാനാണു്. ഈ വ്യവസ്ഥയിൽ അ സംസ്കൃതസാമഗ്രികൾ, തൊഴിലാളിയുടെ അദ്ധ്വാനശക്തി, യന്ത്രങ്ങൾ, യന്ത്രങ്ങളുൽപ്പാദിപ്പിയ്ക്കുന്ന ഉപഭോഗസാമഗ്രികൾ എല്ലാം കച്ചവടച്ചരക്കുകളാണു്. മനുഷ്യന്റെ വ്യക്തിത്വം പോലും കൊള്ളക്കൊടുക്കയ്ക്കുപയോഗിയ്ക്കപ്പെടുന്നു. സ്നേഹം, സൌന്ദര്യം, ബുദ്ധി, ധീരത, കല—എല്ലാററിനും കയററമിറക്ക ങ്ങൾക്കു വിധേയമായ മാക്കററുവിലകളുണ്ടു്. പട്ടിണി, ദാരി ദ്ര്യം, ജാതിമേധാവിത്വം, ഉച്ചനീചത്വങ്ങൾ, ദേശീയമർദ്ദനം, വർഗ്ഗചൂഷണം, സാമൂഹ്യാസമത്വങ്ങൾ—മനുഷ്യസത്തയെ നി ഷേധിയ്ക്കുകയും വ്യക്തിത്വത്തെ വരിഞ്ഞുകെട്ടുകയും സാമ്രാജ്യി കമൂല്യങ്ങളെ വളച്ചൊടിയ്ക്കുകയും ചെയ്യുന്ന മൃഗീയ സാഹചര്യ ങ്ങളാണിവ. ഈ സാഹചര്യങ്ങളിൽ പാവനങ്ങളെന്നു കരുത പ്പെട്ടുപോന്ന മൂല്യങ്ങൾ തകരുന്നു; മനുഷ്യത്വം മൃഗീയതയുടെ സമ്മർദ്ദങ്ങൾക്കും പ്രലോഭനങ്ങൾക്കും കീഴ്വണങ്ങുന്നു; വ്യക്തി യുടെ ജീവിതത്തിന്നൊരു ലക്ഷ്യമില്ലാതായിത്തീരുന്നു.

## ഭൂതകാലത്തിന്റെ ആരാധകന്മാർ

ഈ സ്ഥിതി മാററാൻ കഴിയില്ലേ? മനുഷ്യത്വത്തിന്നു് മൃഗീയതയെ കീഴടക്കാൻ കഴിയില്ലേ? എന്താണു് പോംവഴി?

പലരും പലതരത്തിലുള്ള പോംവഴികളാണു് നിർദ്ദേശി യ്ക്കുന്നതു്.

ഭാവിയുടെ നേക്കു നോക്കാൻ ഭയപ്പെടുന്നവരുടെ നിർദ്ദേ ശം ഭൂതകാലത്തിലേയ്ക്കു് തിരിച്ചുപോകണമെന്നാണു്. പഴയ ധാമ്മികമൂല്യങ്ങളെ വീണ്ടെടുക്കണമെന്നു് അവരാഹ്വാനം ചെ യ്യുന്നു. എന്താണീ പഴയ ധാർമ്മികമൂല്യങ്ങൾ? നാല്പതുകോടി മനുഷ്യരെ രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവും സാം സ്കാരികവുമായ അടിമത്തത്തിലിട്ടു ഞെരുക്കിയ ബ്രിട്ടീഷ്സാ മ്രാജ്യത്വത്തിന്റെ ധാർമ്മികമൂല്യങ്ങളാണോ? അയിത്തത്തി

ൻേറയും ജാതിമേധാവിത്വത്തിൻേറയും പാട്ടവ്യവസ്ഥയുടേയും അടിത്തറയെ നിലനിർത്തിപ്പോന്ന കർമ്മസിദ്ധാന്തത്തിൻെറ ഫ്യൂഡൽ ധാർമ്മികമൂല്യങ്ങളാണോ? സമുദായത്തിൻെറ മുകൾത്തട്ടിലുള്ള ബ്രാഹ്മണാദിവർണ്ണങ്ങളുടെ ചവിട്ടടിയിൽക്കിടന്നു് ദാസ്യവേല ചെയ്യുക എന്നതല്ലാതെ മററാരു ധർമ്മവും ശൂദ്രന്മാക്കില്ല എന്നു പ്രഖ്യാപിച്ച ചാതുർവ്വർണ്യത്തിൻെറ ധാർമ്മികമൂല്യങ്ങളാണോ? അത്ഭുതമെന്നു പറയട്ടെ, ആ പഴയ വർണ്ണവ്യവസ്ഥയെ പുനർജ്ജീവിപ്പിയ്ക്കണമെന്നു വാദിയ്ക്കുന്ന ചിലരെങ്കിലും ഇന്നും നമ്മുടെയിടയിലുണ്ടു്. ഉദാഹരണത്തിന്നു്, ആധുനികപരിതഃസ്ഥിതികൾക്കനുയോജ്യമായ വിധത്തിൽ പ്രാചീന ചാതുർവ്വർണ്യവ്യവസ്ഥയെ പുനഃസ്ഥാപിച്ചാൽ മാത്രമേ സാമൂഹ്യജീവിതത്തിലടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങളെ തുടച്ചുനീക്കാൻ കഴിയൂ എന്നു് ശ്രീ. കെ. എം. മുൻഷി 'ഭവാൻസ് ജർണൽ' എന്ന തൻെറ മാസികയിലെഴുതുകയുണ്ടായി. പഠിപ്പും ജ്ഞാനവുമുള്ള മേൽത്തട്ടുകാർ ഭരണം നടത്തണമെന്നും അടിത്തട്ടിലുള്ള ഭൂരിപക്ഷക്കാർ കായികാദ്ധ്വാനത്തിൽ മാത്രമേ ശ്രദ്ധിയ്ക്കാവൂ എന്നും ഈ അടിസ്ഥാനത്തിൽ ഓരോ ജനവിഭാഗത്തിന്നും നിർദ്ദിഷ്ടങ്ങളായ നിശ്ചിതകർമ്മങ്ങളുണ്ടായിരിയ്ക്കണമെന്നും മററുമാണദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ. എന്നാൽ സോഷ്യലിസ്റ്റാശയങ്ങൾ അതിവേഗം പരന്നു പിടിച്ചുകൊണ്ടിരിയ്ക്കുന്ന ഇന്നത്തേതുപോലുള്ള ഒരു കാലഘട്ടത്തിൽ ചരിത്രത്തിൻെറ ചക്രങ്ങളെ പിന്നോട്ടു പിടിച്ചു തിരിയ്ക്കാൻ വെമ്പൽകൊള്ളുന്നവരുടെ ഇത്തരം അഭിപ്രായങ്ങൾ ഊളമ്പാറയിൽനിന്നോ കുതിരവട്ടത്തുനിന്നോ പുറപ്പെടുന്നവയായിട്ടേ ആളുകൾ കണക്കാക്കുകയുള്ളു.

## മതവിശ്വാസവും ധാർമ്മികമൂല്യങ്ങളും

സയൻസിൻെറ നേട്ടങ്ങളും ഭൌതികജീവിതത്തിൻെറ അഭിവൃദ്ധിയുമാണു് മനുഷ്യനെ ചീത്തയാക്കുന്നതു് എന്നും ഐഹികസുഖങ്ങളും പ്രാപഞ്ചികവ്യവഹാരങ്ങളുമെല്ലാമുപേക്ഷിച്ചു ആദ്ധ്യാത്മികജീവിതത്തിൻെറ ഗുഹകളെ അഭയംപ്രാപിച്ചാൽ മനുഷ്യൻ

നന്നാവുമെന്നും കരുതുന്നവരുണ്ട്. പക്ഷെ, എല്ലാ മനുഷ്യരും ഭൌതികജീവിതത്തിൽ നിന്നു വിരമിച്ചാൽപ്പിന്നെ ലോകത്തിന്റെ സ്ഥിതിയെന്താവും? ഭൌതികവസ്തുക്കളുടെ ഉല്പാദന വിതരണങ്ങൾ അമ്പേ നിലച്ചുപോയാൽ പിന്നെ ആദ്ധ്യാത്മിക മനുഷ്യന്നു് വിശപ്പടക്കാൻ എവിടെനിന്നാണു് ഭക്ഷണം കിട്ടുക? കാട്ടിൽ കായ്ക്കനികളുണ്ടെന്നോ? എല്ലാ മനുഷ്യരും കാടുകളിലെത്തിയാൽ കായ്ക്കനികൾ തികയാതെ വരില്ലെ? എന്നല്ല പട്ടണങ്ങളും ഗ്രാമങ്ങളുമുപേക്ഷിച്ച് ആദ്ധ്യാത്മികതയെത്തേടി കാടുകളേയോ ഗുഹകളേയോ അഭയംപ്രാപിയ്ക്കുന്ന സ്ത്രീപുരുഷന്മാർ തങ്ങളുടെകൂടെ സ്വന്തം ചിത്തത്തങ്ങളുടെ മാറാപ്പുകൾ കൂടി ഏററിക്കൊണ്ടു് പോവുകയും അങ്ങിനെ പ്രകൃതിയുടെ ഗുഹകളിലും ദുർഗ്ഗന്ധം പരത്തുകയും ചെയ്യില്ലെന്നതിന്നു് എന്താണൊരുറപ്പു്? പോകട്ടെ, കാടുകളും ഗുഹകളുമല്ലല്ലൊ ഇവിടെ പ്രശ്നം. സാമൂഹ്യജീവിയായ മനുഷ്യൻ നന്നാവുമോ? എന്ന പ്രശ്നത്തിന്നാണു് പരിഹാരം കാണേണ്ടതു്.

മതവിശ്വാസങ്ങളുടെ കുറവാണു് ധാർമ്മികമൂല്യങ്ങളുടെ അപചയത്തിന്നു കാരണമെന്നു് മററുചിലർ വാദിയ്ക്കുന്നു. മതസിദ്ധാന്തങ്ങളെ വെല്ലുവിളിച്ച് മനുഷ്യാത്മാക്കളെ കുരിശിൽ തറച്ചുകൊല്ലുകയും, ശാസ്ത്രജ്ഞന്മാരെ ജീവനോടെ ചുട്ടുകരിയ്ക്കുകയും, സമുദായത്തിലെ വലിയൊരുവിഭാഗം ജനങ്ങളെ തൊട്ടുകൂടായ്മയുടേയും തീണ്ടിക്കൂടായ്മയുടേയും ചളിക്കുണ്ടിലേയ്ക്കു ഉന്തിത്തള്ളുകയും കുടിയാന്മാരുടെ കുപ്പമാടങ്ങൾക്കു് തീവെയ്ക്കുകയും, കാർഷികത്തൊഴിലാളികളെ തെങ്ങിന്മേൽ കെട്ടിയടിയ്ക്കുകയും മെയ്യനക്കാതെ ജോലി സ്വസ്ഥമായിക്കഴിയുന്ന ഭൂപ്രഭുക്കളുടെ മണിസൌധങ്ങൾക്കു കാവൽനില്ക്കുകയും ചെയ്ത മദ്ധ്യകാലത്തെ മതപൌരോഹിത്യത്തെ പുനർജ്ജീവിപ്പിക്കണമെന്നു് ഒരു പക്ഷെ, അവരാഗ്രഹിയ്ക്കുന്നുണ്ടാവില്ല. ദൈവത്തിൽ വിശ്വസിയ്ക്കുക, അമ്പലങ്ങളിലും പള്ളികളിലും ആരാധനകൾ നടത്തുക, വഴിപാടുകൾ കഴിയ്ക്കുക, ഉത്സവങ്ങൾ നടത്തുക, തീർത്ഥാ

KOTTAYAM PUBLIC LIBRARY KOTTAYAM 38292

ടനങ്ങൾ ചെയ്യുക, പരേതരുടെ ആത്മാക്കൾക്ക പിണ്ഡംവെയ്ക്കുക, മതച്ചടങ്ങുകളും മതാചാരങ്ങളും പാലിയ്ക്കുക, പുരോഹിതന്മാർക്കും സന്യാസിമാർക്കും സംഭാവനകൾ കൊടുക്കുക മുതലായവകൊണ്ടു അവർ തൃപ്തിപ്പെട്ടേയ്ക്കാം. എന്നാൽ, ഇത്തരം മതച്ചടങ്ങുകൾക്കും മതവിശ്വാസങ്ങൾക്കും ഇന്നു വല്ല കുറവുമുണ്ടോ? കരിഞ്ചന്തയിലും അഴിമതിയിലും കോഴയിലും മുഴുകിക്കഴിയുന്ന പ്രമാണികൾ തങ്ങളുടെ അന്യായമായ സമ്പാദ്യങ്ങളുടെ ചെറിയൊരംശം ദൈവങ്ങൾക്ക കാഴ്ചവെയ്ക്കാൻ മടിയ്ക്കാറുണ്ടോ? ഭാവിയെപ്പററി ഒരെത്തും പിടിയും കിട്ടാതെ വേവലാതിപ്പെടുന്ന പതിനായിരക്കണക്കിലുള്ള സാധാരണക്കാർ ദൈവങ്ങളുടെ കാരുണ്യത്തിന്നുവേണ്ടി കെഞ്ചാറില്ലേ? ഉദ്യോഗം കിട്ടാനും, പരീക്ഷ പാസ്സാവാനും, സന്താനമുണ്ടാവാനും, രോഗം മാറാനും മററും മററും വേണ്ടി വഴിപാടുകൾ കഴിയ്ക്കുന്നവരുടെ മതബോധം ക്ഷേത്രങ്ങളിലേയും പള്ളികളിലേയും ഭണ്ഡാരപ്പെട്ടികളെ നിറച്ചുകൊണ്ടിരിയ്ക്കുന്നില്ലേ? ഗുരുവായൂരപ്പനെ പ്രസാദിപ്പിയ്ക്കാൻ പോകുന്ന ഭക്തജനങ്ങളുടേയും ശബരിമല കയറുന്ന ശരണമയ്യപ്പന്മാരുടേയും എണ്ണം കൊല്ലംതോറും വർദ്ധിച്ചുവരികയല്ലേ? എന്നിട്ടോ? ധാർമ്മികമൂല്യങ്ങളും സന്മാർഗ്ഗികബോധവും വളരുന്നുണ്ടോ? ലക്ഷക്കണക്കിലുറുപ്പികയുടെ ബാങ്ക് അക്കൌണ്ടുകളും നോക്കെത്താത്ത ഭൂസ്വത്തുക്കളും വിലമതിയ്ക്കാനാവാത്ത സ്വർണ്ണപ്പണ്ടങ്ങളും കൈകാര്യം ചെയ്യുന്ന അനവധി മഠാധിപതികളും സ്വാമിജിമാരും രാജ്യത്തങ്ങോളമിങ്ങോളം, നിത്യേന, യാതൊരു ലോഭവുംകൂടാതെ മതവിശ്വാസങ്ങളെയെടുത്ത് വാരിവിതറിക്കൊണ്ടിരിയ്ക്കുന്നുണ്ട്. പക്ഷേ, മനുഷ്യൻ നന്നായോ?

പള്ളിക്കൂടങ്ങളിലെ പാഠ്യപദ്ധതികളിൽ മതസംബന്ധിയായ വിഷയങ്ങൾക്കും സന്മാർഗ്ഗപ്രബോധനങ്ങൾക്കും കൂടുതൽ സ്ഥാനം നൽകണമെന്നാണ് മററൊരുകൂട്ടർ ആവശ്യപ്പെടുന്ന

 തു്. മതവിഷയങ്ങൾക്കു് തീരെ സ്ഥാനമനുവദിയ്ക്കപ്പെടുന്നില്ല എന്ന ആക്ഷേപമുണ്ടാവാൻ തരമില്ല. കൂടുതൽ സ്ഥാനമനുവദിയ്ക്കണമെന്നേ അവർ വാദിയ്ക്കുന്നുള്ളു. കുട്ടികളിൽ സാന്മാർഗ്ഗികബോധമുളവാക്കണമെന്ന ആവശ്യത്തിൽ യാതൊരു തെററുമില്ല. പക്ഷെ ആരാണതു് സാധിയ്ക്കുക? കുട്ടികളുടെ സ്കൂൾ പ്രവേശനത്തിനും അദ്ധ്യാപകരുടെ നിയമനത്തിനുമെല്ലാം കോഴവാങ്ങുന്നതിനേയും, വിദ്യാഭ്യാസത്തെത്തന്നെ ഒരു കച്ചവടച്ചരക്കാക്കി മാററുന്നതിനേയും ശരിവെയ്ക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ ധാർമ്മികമൂല്യങ്ങളെപ്പററിയുള്ള പ്രഭാഷണങ്ങൾക്കു് എന്തു വിലയാണുണ്ടാവുക?

ധാർമ്മികാധഃപതനം ബുദ്ധിയുടെ വൈകല്യമല്ല, ആത്മാവിൻെറ രോഗമാണു്. ആദ്യം ചികത്സിയ്ക്കേണ്ടതു് രോഗിയേയല്ല വൈദ്യനെയാണെന്താനും.

ജീവിതത്തിനു് ഒരു ലക്ഷ്യമില്ലാതായിത്തീരുന്നതുകൊണ്ടാണു് ധാർമ്മികാധഃപതനം സംഭവിയ്ക്കുന്നതു് എന്നു് വേറെ ചിലർ വാദിയ്ക്കുന്നു. ഒററനോട്ടത്തിൽ ഇതിലൊരു ശരിയുണ്ടു്. ചുഴിഞ്ഞുനോക്കിയാലോ? ജീവിതലക്ഷ്യമില്ലാതായിത്തീരുന്നതു തന്നെ ധാർമ്മികാധഃപതനത്തിൻെറ ഫലമായിട്ടല്ലേ?

## സ്വാതന്ത്ര്യസമരത്തിൻെറ ധാർമ്മികബോധം

സ്വാതന്ത്ര്യം വെറുമൊരാശയം, അല്ലെങ്കിൽ ലക്ഷ്യം മാത്രമായിരുന്ന കാലത്തു് അതിന്നു് ജനകോടികളെ ആവേശം കൊള്ളിയ്ക്കാനുള്ള കഴിവുണ്ടായിരുന്നു. ആ ലക്ഷ്യത്തെ ഒരു പ്രായോഗിക യാഥാർത്ഥ്യമാക്കി മാറേറണ്ട ഘട്ടമെത്തിയപ്പോഴാണു് കുഴപ്പമുണ്ടായതു്.

ബ്രിട്ടീഷ് ഭരണത്തിന്നെതിരായ സമരം ചില തിന്മകളെ നീക്കംചെയ്യാനും അവയുടെ സ്ഥാനത്തു് ചില നന്മകളെ പ്രതിഷ്ഠിയ്ക്കാനും വേണ്ടിയുള്ള സമരമായിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യയുടെ സാമ്പത്തികപുരോഗതിയെ തടഞ്ഞു നിർത്തുകയും ഭൂരിപക്ഷക്കാരായ ജനങ്ങളെ പാപ്പരത്തത്തിലേയ്ക്കു

പിടിച്ചുതള്ളുകയും ചെയ്തു. പട്ടിണി, പകർച്ചവ്യാധി, കഷ്ടപ്പാട്, ചൂഷണം, ക്ഷാമം, നിരക്ഷരത, സാംസ്കാരികാധഃപതനം, ആത്മാഭിമാനത്തെ മുറിപ്പെടുത്തുന്ന ദേശീയമർദ്ദനം—ഇതായിരുന്നു ബ്രിട്ടീഷ്ഭരണം. ഈ ദോഷങ്ങളൊന്നുമില്ലാത്ത പുതിയൊരു സാമൂഹ്യവ്യവസ്ഥയായിരുന്നു സ്വാതന്ത്ര്യമെന്ന ലക്ഷ്യത്തിൻെറ ഉള്ളടക്കം. അതുകൊണ്ടാണതു് നമ്മുടെ ദേശീയവികാരങ്ങൾക്കു് മൂർച്ചകൂട്ടിയതു്. നിയമലംഘനപ്രസ്ഥാനങ്ങൾ, നിരാഹാരസത്യാഗ്രഹങ്ങൾ, ഭീകരപ്രസ്ഥാനത്തിൻെറ ആത്മത്യാഗങ്ങൾ, സംഘട്ടനങ്ങളും വെടിവെപ്പുകളും, തുറുങ്കുകൾ, തൂക്കുമരങ്ങൾ—ഈ യാതനകളിലും വേദനകളിലും ആത്മാഭിമാനത്തിൻെറ അനിർവ്വചനീയമായ ഒരാനന്ദം കളിയാടിയിരുന്നു. ആത്മത്യാഗംകൊണ്ടു് രാജ്യത്തിൻെറ മുറിവുണക്കുക, നാല്പതു കോടി ജനങ്ങളുടെ സുഖത്തിനുവേണ്ടിയുള്ള സമരത്തിലാണു് സ്വന്തംസുഖം സ്ഥിതിചെയ്യുന്നതു് എന്ന പരമസത്യത്തെ കണ്ടെത്തുക—ഇതിലും വലിയൊരു ധർമ്മബോധമുണ്ടോ?

അടിമത്തവും ചൂഷണവുമവസാനിപ്പിച്ചു് പട്ടിണിയും കഷ്ടപ്പാടുമില്ലാത്ത ഒരു സ്വതന്ത്രരാഷ്ട്രം കെട്ടിപ്പടുക്കുന്നതിനെക്കുറിച്ചുള്ള മധുരസ്വപ്നങ്ങളുമായിട്ടാണു് പതിനായിരക്കണക്കിലുള്ള ജനങ്ങൾ തടങ്ങൽപാളയങ്ങളിലേയ്ക്കും തൂക്കുമരങ്ങളിലേയ്ക്കും കാലിടറാതെ മാർച്ചുചെയ്തതു്. മററൊരുവിധം പറഞ്ഞാൽ സ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള രാഷ്ട്രീയസമരങ്ങളിലടങ്ങിയ ഉൽകൃഷ്ടങ്ങളായ ധാർമ്മികമൂല്യങ്ങളാണു് ജനലക്ഷങ്ങളെ അവയിലേയ്ക്കാകർഷിച്ചതു്. അനീതി കാണുമ്പോൾ അസഹിഷ്ണുത, ക്രൂരതയോടും, സ്വാർത്ഥതാല്പര്യത്തോടുമുള്ള വെറുപ്പ്, സേവനമനോഭാവം, താഴ്ന്നവരോടുള്ള അനുകമ്പ, അടിച്ചമർത്തപ്പെട്ടവരെ പിടിച്ചുയർത്താൻ വേണ്ടി എന്തു ത്യാഗവും ചെയ്യാനാവശ്യമായ മനോധൈര്യം—ഇങ്ങിനെ ദേശീയ വിമോചനപ്രസ്ഥാനത്തിൽ ഉജ്ജ്വലമായ മനുഷ്യസ്നേഹത്തിൻെറ ഉത്തമ പാരമ്പര്യങ്ങൾ അലിഞ്ഞുചേർന്നിരുന്നു.

## അദ്ധ്യായം മൂന്നു്

ആഗസ്റ്റ് പതിനഞ്ച് ബ്രിട്ടീഷ്ഭരണമെന്ന കുവഗണനാ പ്രമാദത്തിൻെറ മരണത്തെക്കുറിയ്ക്കുക മാത്രമല്ല ചെയ്തതു്. പുതിയൊരു യുഗത്തിൻെറ ഉദ്ഘാടനം കൂടിയായിരുന്നു അതു്.

യാതൊന്നിന്നുവേണ്ടിയാണോ ജനങ്ങറം സ്വന്തം ജീവനെപ്പോലും ബലികഴിച്ചുകൊണ്ടു പോരാടിയതു് ആ ലക്ഷ്യം പ്രായോഗികമാക്കാനുള്ള ഘട്ടമെത്തി. ജനങ്ങളുടെ ആശയാഭിലാഷങ്ങറംക്കു് പ്രായോഗികരൂപം നൽകാനുള്ള അവസരം ലഭിച്ചു.

രാഷ്ട്രീയസ്വാതന്ത്ര്യം സാമ്പത്തികസ്വാതന്ത്ര്യത്തിലേയ്ക്കുള്ള ചവിട്ടുപടിയായിത്തീൻ. വ്യവസായവല്ക്കരണം, അടിസ്ഥാന ഘനവ്യവസായങ്ങറം, പൊതുമേഖല, ചേരിചേരാനയം ഇതൊക്കെ ഇന്ത്യയുടെ സാമ്പത്തികഘടനയെ ശക്തിപ്പെടുത്താനും ജനങ്ങളുടെ ജീവിതത്തോതുയർത്താനുമുള്ള പരിപാടികളായിരുന്നു. അതുകൊണ്ടവയ്ക്കു് സാർവ്വത്രികവും ഹൃദയംഗമവുമായ അംഗീകാരവും പിന്തുണയും ലഭിച്ചു.

## വഴിത്തിരിവിലെ വിശ്വാസരാഹിത്യം

എന്നാൽ ഈ പരിപാടികളത്രയും മുതലാളിത്തോല്പാദന രീതിയുടെ അതിർത്തിവരമ്പുകറംക്കുള്ളിലാണ് നടപ്പിലാക്കപ്പെട്ടതു്. സാമ്രാജ്യത്വത്തിൻേറയും ഫ്യൂഡലിസത്തിൻേറയും അവശിഷ്ടങ്ങറം പലതും തുടച്ചുനീക്കാൻ അവ തീർച്ചയായും സഹായിച്ചു. സാർവ്വദേശീയരംഗത്തിൽ ഇന്ത്യയുടെ അന്തസ്സ് വർദ്ധിച്ചു. പക്ഷെ അതോടൊപ്പംതന്നെ മുതലാളിത്തവും ശക്തിപ്പെട്ടു. മുതലാളിത്തമെന്നുവെച്ചാൽ ചൂഷണവും ലാഭവും എന്നാണർത്ഥം. സമുദായത്തിൻെറ നന്മയും ക്ഷേമവുമല്ല വ്യ

ക്തികളുടെ ലാഭമാണ്, ഉൽപ്പാദനത്തിൻെറ ലക്ഷ്യം. ഓരോരുത്തനും അവനവനു വേണ്ടി മാത്രം എന്നതാണ് മുതലാളിത്തത്തിൻെറ തത്വശാസ്ത്രം. ഈ വ്യവസ്ഥയിൽ ന്യൂനപക്ഷത്തിൻെറ കയ്യിൽ വമ്പിച്ച സ്വത്തുക്കൾ കേന്ദ്രീകരിയ്ക്കുന്നു. ഭൂരിപക്ഷം ജനങ്ങൾ പാപ്പരത്തത്തിലേക്ക് ഉരുണ്ടുവീഴുന്നു.

ഈ വിഷമചക്രത്തിൽനിന്നു പുറത്തുകടക്കേണ്ടതാവശ്യമായിരുന്നു. അതുകൊണ്ടാണ് സ്വത്തുക്കളുടെ കേന്ദ്രീകരണം തടയണമെന്നും ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ചയകററണമെന്നും സോഷ്യലിസത്തിൻെറ അടിസ്ഥാനത്തിലുള്ള സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കണമെന്നും മററംമററമുള്ള പ്രഖ്യാപനങ്ങൾ പാർലിമെൻെറിലൂടെ പുറത്തുവന്നതു്. ഇത്തരം പ്രഖ്യാപനങ്ങൾ തെല്ലുനേരത്തേയ്ക്കു് ജനഹൃദയങ്ങളിൽ ഒരു വിദ്യുൽപ്രവാഹമുണ്ടാക്കി. പത്രപംക്തികളിലും പ്രസംഗവേദികളിലും സോഷ്യലിസം അലയടിച്ചു.

പക്ഷേ പ്രായോഗികജീവിതത്തിൽ യാതൊരു മാററവുമുണ്ടായില്ല. പ്രഖ്യാപനങ്ങൾ വെറും കടലാസ്സുപദ്ധതികളായിരുന്നു. മുതലാളിത്തം പിന്നേയും ശക്തിപ്പെട്ടു. സ്വത്തുക്കൾ കേന്ദ്രീകരിച്ചു. കുത്തകമുതലാളികൾ മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്തവിധം തടിച്ചുകൊഴുത്തു. മറുഭാഗത്തു് ജനങ്ങളുടെ ജീവിതത്തോതിടിഞ്ഞു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ച പൂർവ്വാധികം വർദ്ധിച്ചു.

ബ്രിട്ടീഷ്ഭരണമവസാനിച്ചാൽ ജനങ്ങളുടെ കഷ്ടപ്പാടുകളവസാനിയ്ക്കുമെന്നാണ് വിശ്വസിയ്ക്കപ്പെട്ടിരുന്നതു്. പട്ടിണി, തൊഴിലില്ലായ്മ, അടിമത്തം, മർദ്ദനം, ചൂഷണം, ജാതിമേധാവിത്വം, അസമത്വം—എല്ലാററിന്നും ബ്രിട്ടീഷ്സാമ്രാജ്യവാദികളാണുത്തരവാദികൾ എന്നാണ് കരുതപ്പെട്ടിരുന്നതു്.

ബ്രിട്ടീഷ്ഭരണം പോയി. പക്ഷെ വേദനകളും ദുഃഖങ്ങളും അവസാനിച്ചില്ല. സ്വാതന്ത്ര്യം കിട്ടി. പക്ഷെ കിട്ടിയതു് അ

തിൻെറ ഉള്ളടക്കമല്ല പുറന്തോട്ട മാത്രമാണ്. കിട്ടേണ്ടതു് കിട്ടാതിരിക്കുമ്പോൾ അക്ഷമയും അസംതൃപ്തിയും അനിവാര്യങ്ങളായിത്തീരുന്നു.

യഥാർത്ഥത്തിൽ നമ്മുടെ രാജ്യം ഇന്നൊരു വഴിത്തിരിവിലാണ്. പഴയയുഗമവസാനിച്ചു. അതിനി തിരിച്ചുവരില്ല. പക്ഷേ അതിൻെറ സ്ഥാനത്തു് പുതിയയുഗം ഇനിയും ആരംഭിച്ചുകഴിഞ്ഞിട്ടില്ല. പഴയ മൂല്യങ്ങൾ തകൎന്നു. പക്ഷെ പുതിയ മൂല്യങ്ങൾ ഉയൎന്നുവന്നിട്ടില്ല. ഈ ഇടക്കാലഘട്ടത്തിൻെറ സൃഷ്ടിയാണ് വിശ്വാസരാഹിത്യം.

## ധാർമ്മികാധഃപതനത്തിൻെറ സാഹചര്യങ്ങൾ

ഒരു നൊടിയിടയ്ക്കുള്ളിൽ മന്ത്രംകൊണ്ടോ നിയമനിൎമ്മാണങ്ങൾ കൊണ്ടുതന്നേയോ നൂററാണ്ടുകളുടെ മാലിന്യങ്ങളെ കഴുകിക്കളയാനാവില്ല. നിലവിലുള്ള സാമൂഹ്യബന്ധങ്ങളിലും ജനങ്ങളുടെ സാമൂഹ്യബോധത്തിലും മാററങ്ങൾ വരുത്താൻ സമയം പിടിയ്ക്കും. താത്വികമായി നോക്കുമ്പോൾ അതു ശരിയാണുതാനും. പക്ഷേ തത്വബോധവും യുക്തിവിചാരവും മാത്രമല്ല ഇവിടെ പ്രവൎത്തിയ്ക്കുന്നതു്. ഇതൊരു വികാരത്തിൻെറ പ്രശ്നം കൂടിയാണ്. ഭൂരിപക്ഷക്കാരായ ജനങ്ങളുടെ കഷ്ടപ്പാടുകൾ മൂർച്ഛിച്ചുകൊണ്ടിരിയ്ക്കുന്നു. എല്ലാ വഴിത്തിരിവുകളിലും ഇതു് അനിവാര്യമാണോ? ആണെങ്കിൽ ചിലർ മാത്രം തടിച്ചുകൊഴുക്കുന്നതെന്തുകൊണ്ടു്? ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ച വർദ്ധിയ്ക്കുന്നതെന്തുകൊണ്ടു്? ക്ഷമയെപ്പററിയും ധാർമ്മികമൂല്യങ്ങളെപ്പററിയും പ്രസംഗിച്ചു ബത്തവാങ്ങുന്ന മന്ത്രിമാരുടേയും ജനങ്ങളുടെ സേവകന്മാരായി കൊട്ടിഘോഷിയ്ക്കപ്പെടുന്ന വലിയ ഉദ്യോഗസ്ഥന്മാരുടേയും ബാങ്ക് അക്കൌണ്ടുകൾ പെരുകിപ്പെരുകിവരുന്നതെന്തുകൊണ്ടു്?

ചുവപ്പുനാട, സ്വാർത്ഥലോലുപത, വ്യക്തിപരതയുടെ കൂത്താട്ടം, അഴിമതികൾ, കൈക്കൂലികൾ, സ്വന്തംകാര്യം സിന്ദാ

KOTTAYAM PUBLIC LIBRARY KOTTAYAM.

ബാദ്! ഓരോ വ്യക്തിയും അവന്റെ സ്വന്തം ഉയർച്ചയെപ്പററി ചിന്തിയ്ക്കുന്നു. പഴയ യാതനകൾപോലും കംണംപംയാക്കി മാററപ്പെടുന്നു.

സാമൂഹ്യാദർശങ്ങളോ? ആദർശങ്ങൾ പോയി തുലയട്ടെ! വ്യക്തിയുടെ ഉയർച്ചയാണ് ഉന്നം. പണമുണ്ടാക്കലാണ് ലക്ഷ്യം! അങ്ങിനെ വ്യക്തിയുടെ ദൈനംദിന ജീവിതത്തിൽ സാമൂഹ്യലക്ഷ്യങ്ങൾ വിസ്മരിയ്ക്കപ്പെടുന്നു. മനുഷ്യനിലുള്ള വിശ്വാസം നശിയ്ക്കുന്നു.

ഈ സാമൂഹ്യസാഹചര്യങ്ങളാണ് ധാർമ്മികാധഃപതനത്തിന്റെ വിളനിലം.

എന്നാൽ വിശ്വാസരാഹിത്യവും ധാർമ്മികാധഃപതനവും എത്രതന്നെ പരന്നുപിടിച്ചാലും മുതലാളിത്തവ്യവസ്ഥയിൽ എല്ലാ വ്യക്തികൾക്കും ഉയരാൻ കഴിയുന്നില്ല. സമുദായത്തിൽ സ്വത്തും പദവിയുമുള്ളവർ, ചതിപ്പണികളും കപടനാട്യങ്ങളും കുതികാൽവെട്ടലുകളും ശീലിച്ചവർ മാത്രം ഉയരുന്നു. ഭൂരിപക്ഷക്കാരായ വ്യക്തികൾക്ക രക്ഷയില്ല. അവരുടെ സ്വപ്നങ്ങൾ തകരുകയും ആഗ്രഹാഭിലാഷങ്ങൾ മുരടിയ്ക്കുകയും ചെയ്യുന്നു. അവരുടെ വ്യക്തിസത്ത അധികമധികം ദുർബ്ബലമായിത്തീരുന്നു. താൻ സമുദായത്തിൽ ഒററപ്പെട്ടവനാണെന്നും തനിയ്ക്കു താനല്ലാതെ മററാരുമില്ലെന്നും ചുററുപാടുമുള്ള വ്യക്തിപരതകൾ തന്നെ ഞെക്കിഞെരിച്ചുകൊല്ലാൻ വേണ്ടിയാണ് നില്ക്കൊള്ളുന്നതു് എന്നും മനുഷ്യൻ വിചാരിയ്ക്കാൻ തുടങ്ങുന്നു. ചരിത്രത്താൽ രൂപപ്പെടുത്തപ്പെടുന്ന സാമൂഹ്യവ്യക്തിയെയല്ല, ചരിത്രത്തിൽനിന്നും സമൂഹത്തിൽനിന്നും ഒററപ്പെട്ട കേവലവ്യക്തിയെയാണ്, അവൻ കാണുന്നതു്. സാമൂഹ്യവളർച്ചയുടെ നിയമങ്ങൾ എങ്ങിനെ പ്രവർത്തിയ്ക്കുന്നുഎന്നു് അവന്നു് മനസ്സിലാക്കാൻ കഴിയുന്നില്ല. ഭാവിയെന്താവുമെന്നു് പറയാൻവയ്യ. തനിയ്ക്കു് താൻമാത്രമേയുള്ളൂ. ദുസ്സഹമായ ഈ നിസ്സഹായതാബോധ

ത്തിൽനിന്നു് അന്തർമ്മുഖത്വത്തിലേയ്ക്കും അന്ധവിശ്വാസത്തി ലേയ്ക്കും കുറച്ചേ വഴിയുള്ളു. പള്ളികളുടേയും ക്ഷേത്രങ്ങളുടേയും ഭണ്ഡാരപ്പെട്ടികൾ നിറയുകയും ശരണമയ്യപ്പന്മാരുടെ എണ്ണം പെരുകുകയും ചെയ്യുന്നതു് ഈ ഘട്ടത്തിലാണ്.

ഏകാന്തതയുടെ തത്വശാസ്ത്രം ചരിത്രത്തിലെ വഴിത്തിരിയൽ ഘട്ടത്തിന്റെ സൃഷ്ടിയാണ്. ധാർമ്മികാധഃപതനവും നിസ്സഹായതയിൽ നിന്നുത്ഭവിയ്ക്കുന്ന അന്തർമ്മുഖത്വവും ഒരേ നാണ്യത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണ്.

## വ്യക്തിയുടെ മോചനം

മനുഷ്യൻ നന്നായാലേ സമുദായം നന്നാവൂ എന്നും സമുദായം നന്നായാലേ മനുഷ്യൻ നന്നാവൂ എന്നും പരസ്പരവിരുദ്ധങ്ങളായ രണ്ടു ചിന്താഗതികളുണ്ട്. ഒരുക്കൂട്ടർ വാദിയ്ക്കുന്നു: സമൂഹമെന്നതു് വ്യക്തികളുടെ ആകത്തുകയാണ്. അതുകൊണ്ടു് സമൂഹത്തിന്റെ പൂർണ്ണത അതിലടങ്ങിയ വ്യക്തികളുടെ പൂർണ്ണതയെ ആശ്രയിച്ചിരിയ്ക്കും.

ഓരോ വ്യക്തിയും സ്വയം ശിക്ഷണത്തിന്റേയും ആത്മനിയന്ത്രണത്തിന്റേയും സഹായത്തോടുകൂടി തികച്ചും സാന്മാർഗ്ഗികമായ ജീവിതം നയിയ്ക്കാൻ തുടങ്ങിയാൽ സാമൂഹ്യജീവിതത്തിലെ തിന്മകളും കൊള്ളരുതായ്മകളും അന്തർദ്ധാനം ചെയ്യുമെന്നാണവർ കരുതുന്നതു്. വ്യക്തിത്വത്തിന്റെ സൌന്ദര്യം വർദ്ധിപ്പിക്കുക, സമുദായത്തിന്റെ വൈകൃതങ്ങളപ്രത്യക്ഷമാവും. വ്യക്തിയിൽ ഉൽകൃഷ്ടതകൾ വളർത്തുക, സമുദായം ഉൽകൃഷ്ടമായിത്തീരും.

വ്യക്തിയുടെ മോചനത്തിലൂടെ സമുദായത്തിന്റെ മോചനം നേടാൻ ശ്രമിച്ച പല തത്വശാസ്ത്രങ്ങളും പ്രാചീനകാലം മുതൽക്കേ നിലനിന്നുപോന്നിട്ടുണ്ട്. യമനിയമ വാസന പ്രാണായാമ പ്രത്യാഹാര ധ്യാനധാരണസമാധികളിലൂടെയും അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നിവ

യിലൂടെയും ചിത്തവൃത്തി നിരോധം കൈവരുത്താനുപദേശി ച്ച യോഗദർശനം ഈ ചിന്താഗതിയുടെ ഒരു മകുടോദാഹര ണമാണ്.

എല്ലാത്തരം ദുഃഖങ്ങളുമവസാനിപ്പിച്ച് സുഖവും സംതൃപ്തിയും നേടാനുള്ള ഒരെളുപ്പവഴി ഭഗവൽഗ്ഗീത ചൂണ്ടിക്കാണിക്കുന്നു:

ധ്യായതോ വിഷയാൻപുംസഃ
സംഗസ്തേഷൂപജായതേ,
സംഗാത് സംജായതേ കാമഃ
കാമാത് ക്രോധോഭിജായതേ
ക്രോധാദ്ഭവതി സംമോഹഃ
സംമോഹാത് സ്മൃതിവിഭ്രമഃ
സ്മൃതിഭ്രംശാദ് ബുദ്ധിനാശോ
ബുദ്ധിനാശാത് പ്രണശ്യതി.
രാഗദേ്വഷവിയുക്തൈസ്തു
വിഷയാനിന്ദ്രിയൈശ്ചരൻ,
ആത്മവശ്യൈർ വിധേയാത്മാ
പ്രസാദമധിഗച്ഛതി.
പ്രസാദേ സർവ്വദുഃഖാനാം
ഹാനിരസ്യോപജായതേ,
പ്രസന്ന ചേതസോഹ്യാശു
ബുദ്ധിപര്യ്യവതിഷ്ഠതേ.

(ഗീത അദ്ധ്യായം 11, 62-65)

ജഗത്ത്മിഥ്യയാണെന്ന് വാദിച്ചവരെപ്പോലെത്തന്നെ പ്രപഞ്ചത്തിൻെറ വസ്തുനിഷ്ഠമായ നിലനിൽപിൽ വിശ്വസിച്ചവരും, ജ്ഞാനയോഗികളെന്നപോലെത്തന്നെ കർമ്മയോഗികളും, വ്യക്തിയിലാണൂന്നിയതു്. "ബഹുജനഹിതായ ബഹുജന സുഖായ" എന്നുപദേശിച്ച ഗൌതമബുദ്ധൻ സർവ്വസംഗപരിത്യാഗികളായ ഭിക്ഷുക്കളുടെ സംഘമുണ്ടാക്കുകയാണു് ചെയ്തതു്.

ക്രിസ്തു, മുഹമ്മദ് മുതലായ മതപ്രവാചകന്മാരും മഹാത്മഗാന്ധി യെപ്പോലുള്ള രാഷ്ട്രീയനേതാക്കന്മാരും വ്യക്തിയുടെ ഉൽകൃഷ്ടതകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് സാമൂഹ്യപരിവർത്തനം നേടാൻ ശ്രമിച്ചവരാണ്. ഇതുകൊണ്ടൊന്നും യാതൊരു ഗുണവുമുണ്ടായിട്ടില്ലെന്നു പറഞ്ഞുകൂടാ. അവിടെയും ഇവിടേയുമായി അനേകം വ്യക്തികളിൽ ഉൽകൃഷ്ടതകളെ തട്ടിയുണർത്താൻ ഈ പ്രസ്ഥാനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പക്ഷെ, സമുദായത്തിൻെറയാകെ വൈകൃതങ്ങളവസാനിച്ചിട്ടില്ലെന്ന് തീർച്ചയാണ്. ബുദ്ധൻേറയും ക്രിസ്തുവിൻേറയും മുഹമ്മദിൻേറയും പേരിൽ സാർവ്വലൌകികങ്ങളായ മതങ്ങൾ കെട്ടിപ്പടുക്കപ്പെട്ടു. കോടിക്കണക്കിലുള്ള ജനങ്ങൾ അവരുടെ അനുയായികളായിത്തീർന്നു. മഹാത്മാഗാന്ധി രാഷ്ട്രപിതാവായി വാഴ്ത്തപ്പെട്ടു. പക്ഷേ, അതോടൊപ്പം വ്യക്തിയുടെ ദുർഗ്ഗുണങ്ങളും സമുദായത്തിൻെറ വൈകൃതങ്ങളും അവസാനിച്ചുവോ? മതപ്രവാചകന്മാരുടേയും രാഷ്ട്രപിതാവിൻേറയും പേരുകൾ ഉച്ചത്തിലുച്ചരിച്ചുകൊണ്ട് കളവും കൊള്ളയും നടത്തി സ്വന്തം സ്വാർത്ഥം നേടാൻ ശ്രമിക്കുന്ന വ്യക്തികളുടെ എണ്ണം യഥാർത്ഥത്തിൽ വർദ്ധിക്കുകയല്ലേ ചെയ്തിട്ടുള്ളത്?

## വ്യക്തി—സമൂഹത്തിൻെറ സൃഷ്ടി

ഇവിടെയാണ് രണ്ടാമതു പറഞ്ഞ ചിന്താഗതി തലയുയർത്തുന്നത്: മനുഷ്യസമുദായമെന്നത് വെറും വ്യക്തികളുടെ ഒരു ആകത്തുകയല്ല, സർവ്വതന്ത്രസ്വതന്ത്രരായ മനുഷ്യരുടെ ഒരു സഹകരണസംഘമല്ല. നേരെമറിച്ച്, വ്യക്തി, സമുദായത്തിൻെറ സൃഷ്ടിയാണ്; സാമൂഹ്യബന്ധങ്ങളുടെ ആകത്തുകയുടെ ഉൽപന്നമാണ്. അതുകൊണ്ട്, സമൂഹത്തിൻെറ ഒരു ഭാഗം മാത്രമായ വ്യക്തിയുടെ പ്രശ്നത്തെ സാമൂഹ്യപ്രശ്നങ്ങളിൽനിന്ന് ഒററപ്പെടുത്തി അടർത്തിയെടുക്കാൻ കഴിയില്ല. ഓരോ വ്യക്തിയുടേയും ജീവിതം മററു വ്യക്തികളുടെ ജീവിതങ്ങളുമായി ആയിരക്കണക്കിലുള്ള ചരടുകളാൽ കൂട്ടിക്കെട്ടപ്പെട്ടിരി

ക്കുന്നു. കുടുംബബന്ധങ്ങൾ, ജാതിബന്ധങ്ങൾ, മതബന്ധങ്ങൾ, വർഗ്ഗബന്ധങ്ങൾ, രാഷ്ട്രീയബന്ധങ്ങൾ, ഔദ്യോഗികബന്ധങ്ങൾ എന്നിങ്ങിനെ എന്തെല്ലാം തരത്തിലുള്ള ബന്ധങ്ങളാണ് വ്യക്തിയുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തുന്നത്!

അപ്പോൾ, സർവ്വതന്ത്രസ്വതന്ത്രനായ വ്യക്തി—അങ്ങിനെയൊന്നില്ല. മനുഷ്യൻ സ്വയം സമ്പൂർണ്ണനായ ഏകാകിയല്ല, സാമൂഹ്യജീവിയാണ്. ജനനംമുതൽ മരണംവരെ അവൻ മററു മനുഷ്യരുമായി നാനാതരം ബന്ധങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കുന്നു. അവൻെറ ഭാഷ, അവൻെറ വിശ്വാസങ്ങൾ, ധാർമ്മികബോധങ്ങൾ, രുചിഭേദങ്ങൾ, കലാബോധം, ശാസ്ത്രജ്ഞാനം, എന്തിന്, അവൻെറ വ്യക്തിപരമായ സവിശേഷതകൾപോലും, അവസാനവിശകലനത്തിൽ, മററു മനുഷ്യരുമായുള്ള ബന്ധങ്ങളിൽനിന്നു രൂപംകൊള്ളുന്നവയാണ്. ഒരു പിഞ്ചുകുട്ടി 'അമ്മേ' എന്നു കൊഞ്ചി വിളിക്കുന്നതു മുതൽക്ക് ഭാഷയുടെ സ്വാധീനം അവനിൽ പ്രവർത്തിക്കാൻ തുടങ്ങുകയായി. ഭാഷയാണ് അവൻെറ ചിന്തയെ രൂപപ്പെടുത്തുന്നത്. ഭാഷയിലെ ഓരോ വാക്കും തലമുറതലമുറയായി സമുദായം സംഭരിച്ചുവെച്ച ജ്ഞാനത്തിൻെറ ഒരു കലവറയത്രേ. അപ്പോൾ, സമുദായമാണ് ഭാഷയുടെ സഹായത്തോടുകൂടി വ്യക്തിയുടെ ചിന്തകൾക്കു രൂപം നൽകുന്നത്. അവൻെറ മനോഗതിയേയും വീക്ഷണഗതികളേയും കഴിവുകളേയും സ്വഭാവവിശേഷങ്ങളേയും മൂല്യബോധത്തേയുമെല്ലാം സാമൂഹ്യബന്ധങ്ങളാണ് നിർണ്ണയിക്കുന്നത്. ചുരുക്കത്തിൽ, സാമൂഹ്യബന്ധങ്ങളാണ് അവനെ അവനാക്കിത്തീർക്കുന്നത്. എത്രതന്നെ വ്യക്തിവൈഭവമുള്ള മനുഷ്യനും സാമൂഹ്യബന്ധങ്ങളുടെ അതിരുകൾക്കുള്ളിൽ നിന്നുകൊണ്ടേ പ്രവർത്തിക്കാൻ കഴിയൂ. സമുദായത്തിലെ മററു വ്യക്തികളുമായി ബന്ധപ്പെട്ടുകൊണ്ടു മാത്രമേ അവന്നു തൻെറ സ്വാതന്ത്ര്യമനുഭവിക്കാൻ കഴിയൂ. "വ്യാമോഹവും യാഥാർത്ഥ്യവും" എന്ന ഗ്രന്ഥത്തിൻെറ കർത്താവായ ക്രിസ്റ്റോഫർ കോഡ്‌വെൽ ഒരുദാഹരണംകൊണ്ടു ഇതു വ്യക്തമാക്കുന്നതു നോക്കുക:

"ബെർട്രാൻഡ് റസ്സലിനെ പ്രസവിച്ച് ഒമ്പതു മാസമായസമയത്തു് ആ ബാലനെ ഒരു വിജനപ്രദേശത്തു് കൊണ്ടാക്കി, പാൽ കൊടുക്കുന്ന ഒരാടുമാത്രമല്ലാതെ മറെറാരു വളർത്തമ്മപോലുമില്ലാതെ, വളരാനിടയാകുകയെന്ന വ്യസനകരമായ പരീക്ഷണം ഒരാറം നടത്തിയിരുന്നുവെന്നു് കരുതുക. അങ്ങിനെ വളൻവന്ന ആ ബാലൻ 40 വയസ്സുള്ള ഒരു മനുഷ്യനായിത്തീൻ സമയത്താണു് അദ്ദേഹത്തെ ഒന്നാമതായി മനുഷ്യർ കാണുന്നതെന്നും കണക്കാക്കുക. അവർ ആ മനുഷ്യൻെറ കയ്യിൽ "മനസ്സിനെക്കുറിച്ചുള്ള പരിശോധന", "പദാത്ഥങ്ങളെക്കുറിച്ചുള്ള പരിശോധന" എന്നിവയുടെ കയ്യെഴുത്തുകോപ്പികറം കാണുമോ? എന്തിനു്? എണ്ണം (നമ്പർ) നിവ്വഹിയ്ക്കേണ്ടതെങ്ങിനെ എന്നെങ്കിലും അദ്ദേഹത്തിന്നറിയാമോ? ഇല്ല. തൻെറ ഇന്നത്തെ സ്ഥിതിയ്ക്കെല്ലാം വിപരീതമായി അസംബന്ധവും മര്യാദകെട്ടതുമായ ഒരു രീതിയിലാണു് റസ്സൽ പെരുമാറുക.

"അതുകൊണ്ടു് നാമിന്നറിയുകയും വിലമതിയ്ക്കുകയും ചെയ്യുന്ന റസ്സൽ ഒരു സാമൂഹ്യസൃഷ്ടിയാണെന്നു വ്യക്തമാവുന്നു. റസ്സൽ ഒരു മൃഗമാകുന്നതിന്നുപകരം തത്വചിന്തകനായി വളരാനുള്ള കാരണം, സാമൂഹ്യമര്യാദയും ഭാഷയും പഠിയ്ക്കാനും, എത്രയോ, കാലമായി വളൻവന്ന ഒരു സാമൂഹ്യവിജ്ഞാനം സ്വായത്തമാക്കാനും അദ്ദേഹത്തിന്നു്, കഴിഞ്ഞുവെന്നതാണു്. ഭാഷയാണു് അദ്ദേഹത്തിന്നു് ആശയങ്ങറം കൊടുത്തതു്. എന്തൊക്കെ നോക്കിപ്പഠിക്കണമെന്നു് അതാണു് അദ്ദേഹത്തെ പഠിപ്പിച്ചതു്. മററുള്ളവർ ശേഖരിച്ചുവെച്ച വിജ്ഞാനം മുഴുവൻ അദ്ദേഹത്തിൻെറ മുമ്പിൽ തുറന്നുവെച്ചതും ഭാഷയാണു്. സദാചാരം, നീതി, സ്വാതന്ത്ര്യം എന്നീ പ്രാഥമിക സാമൂഹ്യധർമ്മങ്ങളെക്കുറിച്ചുള്ള ബോധം അദ്ദേഹത്തിന്നുണ്ടാക്കിക്കൊടുത്തതും ഭാഷതന്നെ—അപ്പോറം ഉപകാരപ്രദമായ മറെറല്ലാവസ്തുക്കളെയുംപോലെ, റസ്സലിൻെറ വിജ്ഞാനവും ഒരു സാമൂഹ്യസൃഷ്ടിയാണു്".

KOTTAYAM PUBLIC LIBRARY KOTTAYAM

## സാമൂഹ്യസാഹചര്യങ്ങൾ മാററുന്നതെന്തിനു്?

മനുഷ്യൻെറ ആത്മസത്ത ഒരിയ്ക്കലും സാമൂഹ്യബന്ധങ്ങളിൽ നിന്നൊററപ്പെട്ടുനിൽക്കുന്നില്ലെന്നാണു് ഇതിൽനിന്നു് മനസ്സിലാക്കേണ്ടതു്. സുപ്രസിദ്ധ പോളിഷ് തത്വജ്ഞാനിയായ ആദാംഷാഫ് ചൂണ്ടിക്കാണിച്ചതുപോലെ ഏററവും ഒററപ്പെട്ട മനുഷ്യൻെറ ഏററവും ഏകാന്തമായ ചിന്തകൾപോലും സാമൂഹ്യമായി രൂപവൽക്കരിയ്ക്കപ്പെടുന്നവയും സാമൂഹ്യകാരണങ്ങളാൽ നിർണ്ണയിക്കപ്പെടുന്നവയുമാണു്. ചുരുക്കിപ്പറഞ്ഞാൽ, വ്യക്തികളുടെ ഒററപ്പെട്ട സ്വതന്ത്രപ്രവർത്തനങ്ങളിൽനിന്നു് സമുദായമുണ്ടാവുകയല്ല, മറിച്ച്, സാമൂഹ്യബന്ധങ്ങളുടെ ആകത്തുകയിൽ നിന്നു് 'വ്യക്തികളു'ണ്ടാവുകയാണു് ചെയ്യുന്നതു്.

സാങ്കേതിക-ശാസ്ത്രീയവൈദഗ്ദ്ധ്യങ്ങളിലും ഉൽപാദനവിതരണസമ്പ്രദായങ്ങളിലുമുണ്ടായ പരിവർത്തനങ്ങളുടെ ഫലമായി സാമൂഹ്യബന്ധങ്ങളിൽ അഭൂതപൂർവ്വമായ മാററങ്ങളുണ്ടായിട്ടുണ്ടെന്നുള്ളതു് ശരിതന്നെ. ഫ്യൂഡലിസത്തിൻെറ സാമൂഹ്യബന്ധങ്ങളും മുതലാളിത്തത്തിൻെറ സാമൂഹ്യബന്ധങ്ങളും ഒരുപോലെയല്ലെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ വ്യക്തിയുടെ ജീവിതം ഒരിയ്ക്കലും സർവ്വതന്ത്രസ്വതന്ത്രമായിത്തീരുന്നില്ല. അതാതു കാലഘട്ടത്തിലെ സാമൂഹ്യബന്ധങ്ങളുടെ അവിഭാജ്യഘടകങ്ങളെന്ന നിലയ്ക്കാണു് വ്യക്തികൾ ജീവിയ്ക്കുന്നതു്. സാമൂഹ്യജീവിതത്തിലുണ്ടാകുന്ന മാററങ്ങൾ വ്യക്തിയുടെ സാന്മാർഗ്ഗികജീവിതത്തിലും മാററങ്ങളുണ്ടാക്കുന്നു. പട്ടിണിയും തൊഴിലില്ലായ്മയും ചൂഷണവും അടിമത്തവും അനുഭവിയ്ക്കുന്ന വ്യക്തിയ്ക്കു വളരാൻ കഴിയില്ല. മൃഗീയമായ സാമൂഹ്യസാഹചര്യങ്ങളിൽ മാനുഷികമായ ഉൽകൃഷ്ടതകൾക്കു് വികസിയ്ക്കാൻ കഴിയില്ല. അതുകൊണ്ടാണു് മുതലാളിത്തത്തിൻെറ മൃഗീയ സാഹചര്യങ്ങളെ നീക്കംചെയ്തു് മനുഷ്യത്വത്തിൻെറ വളർച്ചയ്ക്കു് സഹായകരമായ പുതിയ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കണമെന്നും, "മനുഷ്യനു് യഥാർത്ഥമായ മാനുഷികതയനുഭവപ്പെടാനും, തന്നെ സ്വ

യുമൊരു മനുഷ്യനായിക്കണ്ടു പരിചയപ്പെടാനും സ്വന്തം വ്യക്തിത്വത്തെ ഉയർത്തിപ്പിടിയ്ക്കാനും പററിയതരത്തിൽ ലോകത്തെ പുനസ്സംഘടിപ്പിയ്ക്കുന്ന"മെന്നും മാർക്സ് ആഹ്വാനം ചെയ്തു.

സാമൂഹ്യവൈകൃതങ്ങളവസാനിപ്പിയ്ക്കാതെ വ്യക്തിത്വത്തെ സൌന്ദര്യത്തിലേയ്ക്കും പൂർണ്ണതയിലേയ്ക്കും നയിയ്ക്കാൻ കഴിയില്ല. അതുകൊണ്ടു് ആദ്യം സാമൂഹ്യസാഹചര്യങ്ങളെ മാററിമറിയ്ക്കുക. ഉൽപാദനോപകരണങ്ങൾ സ്വകാര്യസ്വത്തുടമയിലിരിയ്ക്കുന്നതിൻെറ ഫലമായുളവാകുന്ന പട്ടിണിയും തൊഴിലില്ലായ്മയും അസമത്വങ്ങളും ചൂഷണങ്ങളുമാണു് വ്യക്തിത്വത്തെ അരച്ചു ചതയ്ക്കുന്നതു്. അതുകൊണ്ടു മുതലാളിത്തമവസാനിപ്പിയ്ക്കുക. വ്യക്തിയെ പൂർണ്ണനാക്കാനുള്ള പരിശ്രമങ്ങൾ കൊണ്ടു് മുതലാളിത്തത്തിൻെറ അഭ്യന്തരവൈരുദ്ധ്യങ്ങൾ നീക്കം ചെയ്യാൻ സാധിക്കില്ല. നേരെമറിച്ചു്, മുതലാളിത്തമവസാനിപ്പിച്ചുകൊണ്ടു് മാത്രമെ വ്യക്തിയെ പൂർണ്ണമാക്കുവാൻ കഴിയൂ. അതുകൊണ്ടു് സോഷ്യലിസം സ്ഥാപിച്ചു സമുദായത്തെയാകെ, സമുദായത്തിലെ എല്ലാ വ്യക്തികളേയും, സുഖത്തിലേയ്ക്കും സംതൃപ്തിയിലേയ്ക്കും ഉൽകൃഷ്ടതയിലേയ്ക്കും പരിപൂർണ്ണതയിലേയ്ക്കും നയിയ്ക്കുക!

## മാർക്സിൻെറ മനുഷ്യസ്നേഹം

പലരും തെററിധരിയ്ക്കുന്നതുപോലെ, മാർക്സ് കേവലമൊരു സാമ്പത്തികവിദഗ്ദ്ധനോ സാമൂഹ്യശാസ്ത്രജ്ഞനോ തത്വജ്ഞാനിയോ മാത്രമായിരുന്നില്ല. എല്ലാററിനുമുപരി അദ്ദേഹമൊരു മനുഷ്യസ്നേഹിയായിരുന്നു. മനുഷ്യത്വത്തിൻെറ വില മനസ്സിലാക്കാൻ കഴിഞ്ഞതുകൊണ്ടാണു് അദ്ദേഹം മുതലാളിത്തോൽപാദനബന്ധങ്ങളുടെ മൃഗീയതകൾക്കെതിരായി പടവെട്ടിയതു്.

മാർക്സിൻെറ മനുഷ്യസ്നേഹം ഉള്ളു പൊള്ളയായ ഒരു താത്വികാദർശമോ അപ്രായോഗികമായ ഒരു ധാർമ്മികോപദേ

ശമോ ആയിരുന്നില്ല. സാമൂഹ്യവളർച്ചയുടെ ഒരു സവിശേഷ ഘട്ടത്തിലെ അനിവാര്യമായ ഒരു പ്രായോഗിക പരിപാടിയായിരുന്നു അതു്. മനുഷ്യസമുദായത്തിൻെറ വികാസക്രമത്തെ ശാസ്ത്രീയമായി വിശകലനം ചെയ്യാനും, സാമൂഹ്യവളർച്ചയുടെ നിയമങ്ങളെ ശരിയായി അപഗ്രഥനം ചെയ്യാനും കഴിഞ്ഞതുകൊണ്ടാണ്, മുതലാളിത്തമവസാനിപ്പിച്ചു സോഷ്യലിസം സ്ഥാപിക്കാനും വർഗ്ഗരഹിതമായ സാമൂഹ്യസാഹചര്യങ്ങളിൽ മനുഷ്യനു് പൂർണ്ണമായ മോചനം നേടാനും സാധിക്കുമെന്നു് അദ്ദേഹം പ്രഖ്യാപിച്ചതു്. മനുഷ്യസ്നേഹപരമായിരുന്നു പരിപാടി. മാനുഷികങ്ങളായ ഉൽകൃഷ്ടതകളുടെ പാരമ്യമായിരുന്നു ലക്ഷ്യം.

മുതലാളിത്തത്തിൻെറ സാഹചര്യങ്ങൾ മനുഷ്യനെ അധഃപതനത്തിലേയ്ക്കു പിടിച്ചുതള്ളുന്നു. സോഷ്യലിസം മനുഷ്യൻെറ ഉൽകൃഷ്ടതകളെ മേൽക്കുമേൽ വളർത്താൻ സഹായിക്കുന്നു. അതുകൊണ്ടാണ് മുതലാളിത്തത്തെ തട്ടിത്തകർത്തു സോഷ്യലിസം സ്ഥാപിക്കാൻ മാർക്സ് തൊഴിലാളിവർഗ്ഗത്തോടാവശ്യപ്പെട്ടതു്.

സോഷ്യലിസം വെറുമൊരു സാമ്പത്തികവ്യവസ്ഥ മാത്രമല്ല. മനുഷ്യസ്നേഹത്തിലടിയുറച്ച സാമൂഹ്യബന്ധങ്ങൾ കെട്ടിപ്പടുക്കാനുള്ള ഒരുപാധികൂടിയാണതു്. സോഷ്യലിസത്തിലടങ്ങിയ മനുഷ്യസ്നേഹമാണ് ജനങ്ങളെ ആവേശഭരിതരും ക്രിയോന്മുഖരുമാക്കുന്നതു്.

# അദ്ധ്യായം നാല്

## വ്യക്തിയും സാമൂഹ്യഘടനയും

മുതലാളിത്തമവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിച്ചാൽ മനുഷ്യൻ നന്നാവുമെന്നാണോ പറഞ്ഞതു്? അങ്ങിനെയാണെങ്കിൽ നാല്പതുകൊല്ലക്കാലം സോഷ്യലിസം കെട്ടിപ്പടുത്ത ഒരു രാജ്യത്തിൽ സ്റ്റാലിന്മാരും, പതിനഞ്ചുകൊല്ലക്കാലം സോഷ്യലിസത്തിൽ കഴിച്ചുകൂട്ടിയ മററൊരുരാജ്യത്തിൽ മാവോസേ തൂങ്ങുമാരും ഉണ്ടായതെന്തുകൊണ്ടാണ്? സ്റ്റാലിൻെറ താൻപ്രമാണിത്തത്തിൻകീഴിൽ ലക്ഷക്കണക്കിലുള്ള ജനങ്ങൾ മരവിച്ച വ്യക്തിത്വത്തോടുകൂടി ഭയവിഹ്വലരായി കഴിയുകയും പതിനായിരക്കണക്കിലുള്ള നിരപരാധികൾ നെറികെട്ട മർദ്ദനങ്ങൾക്കിരയാവുകയും അസംഖ്യംപേർ അന്യായമായും നിർദ്ദയമായും വെടിവെച്ചുകൊല്ലപ്പെടുകയും ചെയ്തതെന്തുകൊണ്ടാണ്? സ്റ്റാലിനുണ്ടെന്നു് ലെനിൻ ചൂണ്ടിക്കാണിച്ചിരുന്ന വ്യക്തിപരമായ ദുർഗ്ഗുണങ്ങൾ സോഷ്യലിസ്റ്റ് വ്യവസ്ഥ ശക്തിപ്പെട്ടതിന്നുശേഷവും വർദ്ധിയ്ക്കുകയല്ലേ ചെയ്തതു്? മാവോസേതുങ്ങിൻെറ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ്കാർ ഇന്ത്യയെ ആക്രമിയ്ക്കുകയും പ്രധാനമന്ത്രി നെഹറുവെപ്പററി വൃത്തികെട്ട നുണകൾ പ്രചരിപ്പിയ്ക്കുകയും അണുവായുധ യുദ്ധത്തിന്ന് ജയജയ പാടുകയും മററം ചെയ്തതിന്നു് കാരണമെന്താണ്? മുതലാളിത്തമവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിയ്ക്കുന്നതുകൊണ്ടുമാത്രം മനുഷ്യൻ നന്നാവുകയില്ല എന്നല്ലേ ഇതു കാണിയ്ക്കുന്നതു്? സാമൂഹ്യസാഹചര്യങ്ങൾ അനുകൂലമായതുകൊണ്ടുമാത്രം വ്യക്തികൾ ഉൽകൃഷ്ടരും സൽഗ്ഗുണസമ്പന്നരുമായിക്കൊള്ളണമെന്നില്ല എന്നല്ലേ ഇതു് തെളിയിച്ചുകൊടുക്കുന്നതു്?

തീർച്ചയായും അതേ. മനുഷ്യന്റെ വ്യക്തിത്വത്തെ ചവുട്ടിത്തേയ്ക്കുകയും മാനുഷികങ്ങളായ സന്മാർഗ്ഗികമൂല്യങ്ങളെ വളച്ചൊടിയ്ക്കുകയും ചെയ്യുന്ന മുതലാളിത്ത സാഹചര്യങ്ങൾ നീക്കംചെയ്യപ്പെട്ടു എന്നതുകൊണ്ടുമാത്രം മനുഷ്യൻ നന്നായിക്കൊള്ളണമെന്നില്ല. സാമ്പത്തികബന്ധങ്ങളുടെ മാററങ്ങൾക്കനുസരിച്ച് മനുഷ്യസ്വഭാവത്തിൽ മാററങ്ങളുണ്ടായിക്കൊള്ളണമെന്നില്ല. സോഷ്യലിസ്റ്റ് വ്യവസ്ഥയിലും ചീത്ത വ്യക്തികളുണ്ടാവാം. പട്ടിണിയും പായാരവും സാമ്പത്തികപരാധീനതകളും അവസാനിച്ചാലും വ്യക്തികൾ നന്നായിക്കൊള്ളണമെന്നില്ല എന്നതിന്നു് മുതലാളിത്തസമുദായത്തിൽതന്നെ ധാരാളം ഉദാഹരണങ്ങൾ കാണാം. സ്വത്തുക്കളുള്ളവർക്കിടയിൽപോലും സ്വാർത്ഥവും ക്രൂരതകളും കളവും കൊലപാതകങ്ങളും താന്തോന്നിത്തവും വ്യഭിചാരവും നടമാടാറുണ്ടു്.

സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ചീത്ത വ്യക്തികളുണ്ടാവാമെങ്കിൽ മുതലാളിത്തവ്യവസ്ഥയിൽ നല്ല വ്യക്തികളുണ്ടായിക്കൂടെ? തീർച്ചയായുമുണ്ടാവാം. മുതലാളിത്തവ്യവസ്ഥയിൻ കീഴിൽ ചൂഷണവും മർദ്ദനവുമനുഭവിക്കുന്ന ജനങ്ങൾക്കിടയിൽ നിന്നാണു് നിസ്വാർത്ഥരും ത്യാഗശീലരുമായ വിപ്ലവകാരികളും സത്യസന്ധരായ മനുഷ്യസ്നേഹികളും ഉയൎന്നുവരാറുള്ളതു്.

ചൂഷിതരായ ജനങ്ങളുടെ കാര്യമിരിയ്ക്കട്ടെ. ചൂഷകവർഗ്ഗത്തിൽപെട്ട മുതലാളികൾക്കിടയിൽത്തന്നെ നല്ല വ്യക്തികൾ ഉണ്ടായിക്കൂടെ?

ഒരു ചോദ്യംകൂടി: സാമൂഹ്യപരിവൎത്തനങ്ങൾക്കുതന്നെ ഉന്നതന്മാരായ വ്യക്തികൾ ആവശ്യമല്ലെ? ബുദ്ധനും, വിവേകാനന്ദനും, നെപ്പോളിയനും, വാഷിങ്ങ്ടനും, ലെനിനും, ഗാന്ധിയും അതുപോലുള്ള മഹാന്മാരായ മററു വ്യക്തികളുമല്ലേ സാമൂഹ്യപരിവൎത്തനങ്ങൾക്കു് നേതൃത്വം നൽകുകയും ചരിത്രത്തെ മാററിമറിയ്ക്കാൻ ജനലക്ഷങ്ങളെ അണിനിരത്തുകയും ചെയ്യുന്നതു്?

അതേ; യാതൊരു സംശയവുമില്ല.

എന്ത്! അപ്പോൾ മാർക്സിസം പൊളിഞ്ഞു പാളീസ്സായി എന്നാണോ പറയുന്നത്? സാമ്പത്തികശക്തികളാണ് മനുഷ്യന്റെ സ്വഭാവവിശേഷങ്ങളെ രൂപപ്പെടുത്തുന്നത് എന്നും സാമ്പത്തികഘടന മാറിയാൽ മനുഷ്യസ്വഭാവം തനിയേ മാറിക്കൊള്ളുമെന്നും വാദിയ്ക്കുന്ന മാർക്സിസ്റ്റ് സിദ്ധാന്തം തകന്ന് തരിപ്പണമായി എന്നാണോ തുറന്ന് പറയുന്നത്?

മാർക്സിസത്തെക്കുറിച്ചുള്ള തെററിദ്ധാരണകളിൽനിന്നാണ് ഇത്തരം ചോദ്യങ്ങളുയൻവരുന്നത്. ചരിത്രത്തിൽ വ്യക്തികൾ വഹിയ്ക്കുന്ന പങ്കിനെ മാർക്സിസം നിഷേധിയ്ക്കുന്നില്ല. വെറും സാമ്പത്തികഘടനയിലുണ്ടാകുന്ന മാററങ്ങൾ മാത്രമാണ് മനുഷ്യസ്വഭാവത്തെ നിർണ്ണയിക്കുന്നത് എന്നോ മുതലാളിത്തമവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിച്ചാൽ വ്യക്തികൾ സ്വയം നന്നായിക്കൊള്ളും എന്നോ മാർക്സിസം പറയുന്നില്ല, തീർച്ച. മാർക്സ് പറഞ്ഞതിതാണ്:

"മനുഷ്യർ തങ്ങളുടെ ചരിത്രം സ്വയം സൃഷ്ടിയ്ക്കുന്നു: എന്നാൽ അത് അവർ തങ്ങൾക്ക് തോന്നിയപടി സൃഷ്ടിയ്ക്കുകയല്ല ചെയ്യുന്നത്. അവരവർ സ്വയം തിരഞ്ഞെടുത്ത സാഹചര്യത്തിലല്ല, പിന്നേയോ നിർദ്ദിഷ്ടവും നേരിട്ടു കാണപ്പെടുന്നതും ഭൂതകാലത്തിൽനിന്നു ഉയൻവന്നതുമായ സാഹചര്യത്തിലാണ് അവർ ചരിത്രം സൃഷ്ടിക്കുന്നത്."

എംഗെൽസ് ബ്ലോഷിന്നയച്ച ഒരു കത്തിൽ ഇത് കൂടുതൽ വ്യക്തമാക്കുന്നു:

"ചരിത്രപരമായ ഭൌതികവാദമനുസരിച്ച് ചരിത്രത്തിന്റെ അവസാനത്തെ നിയാമകശക്തി യഥാത്ഥ ജീവിതത്തിന്റെ ഉല്പാദനവും പുനരുല്പാദനവുമാണ്. ഇതിലപ്പുറമൊന്നും ഞാനോ മാർക്സോ ഊന്നിപ്പറഞ്ഞിട്ടില്ല. അതുകൊണ്ട് ആരെങ്കിലും ഇതിനെ വളച്ചൊടിച്ച്, ചരിത്രത്തിന്റെ നിയാമകശ

ക്തി സാമ്പത്തികവ്യവസ്ഥമാത്രമാണെന്നു് പറയുകയാണെങ്കിൽ അതു് ഈ സിദ്ധാന്തത്തെ നിരത്ഥകവും ശൂന്യവുമാക്കിത്തീക്കും............രാഷ്ട്രീയവും നിയമപരവും തത്വശാസ്ത്രപരവും സാഹിത്യപരവും കലാപരവുമായ എല്ലാ അഭിവൃദ്ധികളും സാമ്പത്തികാഭിവൃദ്ധിയെ ആശ്രയിച്ചാണിരിയ്ക്കുന്നതു്. പക്ഷെ ഇവയെല്ലാം അന്യോന്യം സ്വാധീനം ചെലുത്തുകയും സാമ്പത്തികാടിത്തറയെത്തന്നെ ബാധിയ്ക്കുകയും ചെയ്യും. ഇതിന്റെ അത്ഥം എല്ലാററിന്റേയും കാരണം സാമ്പത്തികപരിതഃസ്ഥിതിയാണെന്നോ, അതുമാത്രമേ ഫലപ്രദമാകൂ എന്നോ, മറെറല്ലാം നിജ്ജീവങ്ങളാണെന്നോ അല്ല. സാമ്പത്തികാവശ്യങ്ങളുടെ അടിത്തറയിൽ ഇവയെല്ലാം പരസ്പരം സ്വാധീനം ചെലുത്തുകയും ഒടുവിലിവ ചരിത്രത്തിന്റെ നിർണ്ണായകശക്തികളായിത്തീരുകയും ചെയ്യുന്നുവെന്നതാണു് പരമാത്ഥം.''

## ചരിത്രത്തിന്റെ സ്രഷ്ടാവു്

അപ്പോൾ, മനുഷ്യൻ ചരിത്രത്തിന്റെ അടിമയല്ല, യജമാനനാണു്; സാമൂഹ്യബന്ധങ്ങളുടെ സൃഷ്ടിമാത്രമല്ല, അവയുടെ സ്രഷ്ടാവുകൂടിയാണു്. ബോധപൂവ്വമായ പ്രവത്തനങ്ങളിലൂടേയും സമരങ്ങളിലൂടേയും സാമൂഹ്യബന്ധങ്ങളെ മാററാനും പുതിയ ബന്ധങ്ങളെ സൃഷ്ടിക്കാനും അവന്നു കഴിവുണ്ടു്. രാജവാഴ്ചകളേയും മുതലാളിത്തത്തിന്റെ ബീഭത്സതകളേയും ചൂഷണവ്യവസ്ഥകളേയുമെല്ലാം തന്റെ കരുത്തുററ കൈകൾകൊണ്ടു് തകത്തു തരിപ്പണമാക്കിയവനാണവൻ. 1789, 1917, 1947 ആഗസ്റ്റ് 15—എല്ലാം മനുഷ്യന്റെ സൃഷ്ടികളാണു്. ചരിത്രം സൃഷ്ടിയ്ക്കുമ്പോൾ സാമൂഹ്യവളർച്ചയുടെ നിയമങ്ങളേയും സാമൂഹ്യസാഹചര്യങ്ങളേയും കണക്കിലെടുക്കണമെന്നതു ശരിതന്നെ. എന്തെന്നാൽ സാമൂഹ്യനിയമങ്ങൾ വ്യക്തിയുടെ ഇച്ഛാശക്തിയിൽനിന്നു സ്വതന്ത്രങ്ങളായിട്ടാണു് പ്രവത്തിയ്ക്കുന്നതു്. അതുകൊണ്ടുതന്നെ സാമൂഹ്യനിയമങ്ങളെ വെല്ലുവിളിയ്ക്കുന്ന

ആശയാഭിലാഷങ്ങഠം മുരടിച്ചുപോവുകയേ ഉള്ളു. ഉദാഹരണത്തിന്ന് 1789-ൽ നിന്നുകൊണ്ട് 1917-നെ സൃഷ്ടിയ്ക്കുക സാധ്യമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, ചൂഷണവും മർദ്ദനവുമില്ലാത്ത വർഗ്ഗരഹിതമായ ഒരു സാമൂഹ്യവ്യവസ്ഥ സൃഷ്ടിയ്ക്കാൻ കഴിയത്തക്കവണ്ണം സാമൂഹ്യോൽപാദനശക്തികഠം അത്രയ്ക്ക് വളന്നു കഴിഞ്ഞിരുന്നില്ല. അതുകൊണ്ടത്രേ ബേബ്യൂഫിനെപ്പോലുള്ള വിപ്ലവകാരികളുടെ സ്വപ്നങ്ങഠം തകന്നുപോയതു്. വ്യക്തിയുടെ ആഗ്രഹാഭിലാഷങ്ങഠം സഫലമാവണമെങ്കിൽ അവ സാമൂഹ്യവളർച്ചയുടെ നിയമങ്ങഠംക്കു പൊരുത്തപ്പെട്ടവയായിരിയ്ക്കണം എന്നാണിതു കാണിയ്ക്കുന്നതു്. എന്നാൽ ഇതിന്റെ അർത്ഥം വ്യക്തിയുടെ ഓരോ പ്രവൎത്തനവും സാമൂഹ്യനിയമങ്ങളാൽ നിർണ്ണയിയ്ക്കപ്പെടുന്നു എന്നല്ല. സാമൂഹ്യനിയമങ്ങഠം മനുഷ്യന്റെ സ്വാതന്ത്ര്യത്തേയും മുൻകയ്യിനേയും നശിപ്പിയ്ക്കുന്നില്ല. സാമൂഹ്യസാഹചര്യങ്ങളുടെ അടിത്തറയിൽനിന്നുകൊണ്ട് തന്റെ വ്യക്തിപരമായ സ്വാതന്ത്ര്യബോധത്തിന്ന് രൂപം നൽകാൻ അവന്ന് സാധിയ്ക്കും. വ്യക്തമായ ഒരു സാമൂഹ്യദർശത്തിന്നുവേണ്ടി പ്രവൎത്തിയ്ക്കാനോ പ്രവൎത്തിയ്ക്കാതിരിയ്ക്കാനോ അവന്ന് സ്വാതന്ത്ര്യമുണ്ട്. വേണമെങ്കിൽ പണത്തിന്റെ പ്രലോഭനങ്ങഠംക്കു വഴങ്ങുകയോ ലോകപ്പൊമുറികളുടെ ഭീഷണിയ്ക്കുമുമ്പിൽ മുട്ടുകുത്തുകയോ ചെയ്യാം. മുപ്പതുവെള്ളിക്കാശിന്നു വേണ്ടി സഹപ്രവൎത്തകനെ ഒററിക്കൊടുക്കാം. അതല്ല, പ്രലോഭനങ്ങളേയും ഭീഷണികളേയും വകവെയ്ക്കാതെ സ്വന്തം ആദർശത്തിലുറച്ചുനില്ക്കണമെങ്കിൽ അങ്ങിനെയുമാവാം. ആദർശത്തിന്ന് വേണ്ടി സ്വന്തം താൽപര്യങ്ങളെ ബലികഴിയ്ക്കാൻ വിടന്ന പുഞ്ചിരിയുമായി തൂക്കുമരത്തിലേറാനും അവന്നു സ്വാതന്ത്ര്യമുണ്ട്. ഏതുമാൎഗ്ഗം സ്വീകരയ്ക്കണമെന്നതു് സാമൂഹ്യനിയമങ്ങളെയല്ല വ്യക്തിയുടെ സ്വന്തം ഇഷ്ടത്തെയാണാശ്രയിച്ചിരിയ്ക്കുന്നതു്.

സാമൂഹ്യചരിത്രത്തിൽ വ്യക്തിയുടെ ബോധപൂൎവ്വമായ പങ്കിനെക്കുറിച്ച് ഏംഗെൽസ് ഇങ്ങിനെ വിവരിയ്ക്കുന്നു:

 38292

“........മുഖ്യമായ ഒരു കാര്യത്തിൽ സമുദായത്തിൻെറ ചരിത്രം പ്രകൃതിയുടേതിൽനിന്നു് അടിസ്ഥാനപരമായി വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു കാണാം. പ്രകൃതിയിൽ—അതിൻെറ മേൽ മനുഷ്യനുള്ള പ്രത്യാഘാതങ്ങളെ അവഗണിക്കുന്നതായാൽ–പരസ്പരം പ്രവർത്തിക്കുന്ന അന്ധവും അബോധവുമായ ഘടകങ്ങൾ മാത്രമേയുള്ളു. അവയുടെ പരസ്പര പ്രവർത്തനങ്ങളിലൂടെയാണു് സാമാന്യനിയമം പ്രത്യക്ഷപ്പെടുന്നതു്. പ്രകൃതിയിൽ സംഭവിക്കുന്ന യാതൊന്നുംതന്നെ–വസ്തുക്കളുടെ ഉപരിതലത്തിൽ കാണാവുന്ന എണ്ണമററ യാദൃച്ഛികസംഭവങ്ങളാകട്ടെ, ഈ യാദൃച്ഛികതകളുടെ പിന്നിൽ ഒരു ക്രമമുണ്ടെന്നു തെളിയിക്കുന്ന അന്തിമഫലങ്ങളാകട്ടെ—പ്രത്യക്ഷപ്പെടുന്നതു് ബോധപൂർവ്വം അഭിലഷിക്കപ്പെടുന്ന ഒരു ലക്ഷ്യമെന്ന നിലയ്ക്കല്ല. സമുദായത്തിൻെറ ചരിത്രത്തിൽ നേരെമറിച്ചു് നടന്മാരെല്ലാം ബോധമുള്ളവരാണു്; ദൃഢതയും വികാരവായ്പുമുള്ളവരും നിശ്ചിതമായ ലക്ഷ്യങ്ങളെ ഉന്നംവെച്ചുകൊണ്ടു് പ്രവൃത്തിക്കുന്നവരും ആയ മനുഷ്യരാണു്. ബോധപൂർവ്വമായ ഒരുദ്ദേശ്യം കൂടാതെ, ഉദ്ദിഷ്ടമായ ഒരു ലക്ഷ്യംകൂടാതെ, യാതൊന്നും സംഭവിക്കുന്നില്ല. ഈ വ്യത്യാസം ചരിത്രഗവേഷണത്തിന്നു്, പ്രത്യേകിച്ചും ഒററപ്പെട്ട കാലഘട്ടങ്ങളുടേയും സംഭവങ്ങളുടേയും പഠനത്തിന്നു്, വളരെ പ്രധാനമാണു്. എങ്കിലും, ആന്തരികമായ സാമാന്യനിയമങ്ങളാണു് ചരിത്രത്തിൻെറ ഗതിയെ നിർണ്ണയിക്കുന്നതു് എന്ന വസ്തുതയെ മാററാൻ അതിന്നു് സാദ്ധ്യമല്ല.” (സിലക്ടഡ് വർക്സ് II. എന്ന പുസ്തകത്തിൽ.)

പട്ടിണിയും കഷ്ടപ്പാടും തിന്മകൾക്കു പ്രചോദനം നൽകുമെന്നു മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. പട്ടിണിയിൽനിന്നു് രക്ഷപ്പെടാൻവേണ്ടി മോഷണമോ വ്യഭിചാരമോ നടത്തുന്നവരുണ്ടു്. എന്നാൽ, മോഷണവും വ്യഭിചാരവും പട്ടിണിയുടെ അനിവാര്യഫലങ്ങളാണെന്നു് പറയാമോ? പാടില്ല. പട്ടിണിയുടെ തീച്ചൂളയിൽ കിടന്നു നരകിക്കുന്ന ലക്ഷക്കണക്കിനാളുകൾ മോഷ്ടിക്കാനോ വ്യഭിചരിക്കാനോ പോകാറില്ല. എല്ലാ

38292



വരും പട്ടിണിയുടെ പ്രേരണയ്ക്കു് വശംവദരായി മോഷ്ടിക്കാൻ പുറപ്പെട്ടാലത്തെ സ്ഥിതി എന്താവും. മോഷ്ടിക്കണോ, മോഷ്ടിയ്ക്കാതിരിയ്ക്കണോ, വ്യഭിചരിയ്ക്കണോ, വ്യഭിചരിയ്ക്കാതിരിയ്ക്കണോ-ഇതു തീരുമാനിയ്ക്കുന്നതു് സാമൂഹ്യസാഹചര്യങ്ങളല്ല, വ്യക്തിയാണു്.

## വ്യക്തിയും വർഗ്ഗബന്ധങ്ങളും

ഭൌതികസാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾ ഒരു വശത്തു്, പരമ്പരാഗതങ്ങളായ സ്വഭാവവൈശിഷ്ട്യങ്ങളും സാമൂഹ്യബന്ധങ്ങളുടെ ആകത്തുകയിൽ നിന്നുടലെടുത്ത സാംസ്കാരികബോധവും മറുവശത്തു്. ഈ വ്യത്യസ്തഘടകങ്ങളുടെ വൈരുദ്ധ്യങ്ങൾ ചിലപ്പോൾ മാനസികസംഘട്ടനങ്ങളുളവാക്കും. പോലീസ്സിൻെറ ഇടി കൊള്ളുമ്പോൾ, അല്ലെങ്കിൽ പണസ്സഞ്ചിയുടെ പ്രലോഭനമുണ്ടാകുമ്പോൾ, വ്യക്തിയുടെ ആന്തരികമായ ദ്വന്ദ്വഭാവങ്ങൾ പരസ്പരം യുദ്ധം വെട്ടുന്നു. ഈ സംഘട്ടനങ്ങളിലൂടെയാണു് ഒടുവിൽ ഭീരുത്വമോ ധീരതയോ, അവസരവാദമോ ആദർശഭക്തിയോ, ഏതാണു് വേണ്ടതു് എന്നു തീരുമാനിയ്ക്കപ്പെടുന്നതു്.

ദുർബ്ബലമായ ആത്മാവു് പ്രലോഭനങ്ങൾക്കും പ്രേരണകൾക്കും കീഴടങ്ങുന്നു. പക്ഷേ, കീഴടങ്ങലിൽ ആഹ്ലാദമല്ല, ദുഃഖമാണുണ്ടാകുന്നതു്. അരുതാത്തതു ചെയ്യുമ്പോൾ കൈ വിറയ്ക്കുന്നു. തെററു ചെയ്തതിന്നുശേഷം പശ്ചാത്തപിയ്ക്കുന്നു. സാമൂഹ്യമായ ഉത്തരവാദിത്വബോധവും വ്യക്തിപരമായ ചാഞ്ചല്യവും തമ്മിലുള്ള സംഘട്ടനങ്ങളുടെ പ്രതിഫലനങ്ങളാണിവ.

മനുഷ്യൻ ഭൌതിക പരിത:സ്ഥിതികളുടെ സൃഷ്ടിയാണു്. പ്രകൃതിയോടും സമുദായത്തോടുമുള്ള ബന്ധങ്ങളാണു് മനുഷ്യനെ മനുഷ്യനാക്കുന്നതു്. പക്ഷേ, അതേ സമയത്തുതന്നെ മനുഷ്യൻ പരിതസ്ഥി:തികളെ രൂപപ്പെടുത്തുകയും ചെയ്യുന്നു. പരിതസ്ഥിതികൾ മനുഷ്യനെ സൃഷ്ടിയ്ക്കുന്നു. മനുഷ്യനാകട്ടെ പരിത:സ്ഥിതികളേയും സൃഷ്ടിയ്ക്കുന്നു.

വ്യക്തിയുടെ ആശയാഭിലാഷങ്ങളുടേയും സ്വഭാവങ്ങളുടേയും രൂപവൽക്കരണത്തിൽ ഭൌതികപരിത:സ്ഥിതികഠം വഹിയ്ക്കുന്ന പങ്കു നിസ്സാരമല്ല. ഉൽപാദനവ്യവസ്ഥയിൽ ഓരോ വർഗ്ഗത്തിന്നും പ്രത്യേകമായ ഭൌതികതാൽപര്യങ്ങളുണ്ടായിരിയ്ക്കും. മുതലാളികളുടെ താൽപര്യങ്ങളും തൊഴിലാളികളുടെ താൽപര്യങ്ങളും വ്യത്യസ്തങ്ങളാണ്. ഭൌതികതാൽപര്യങ്ങളാണ് വ്യത്യസ്തജനവിഭാഗങ്ങളെ വർഗ്ഗങ്ങളാക്കി വേർതിരിയ്ക്കുകയും യോജിപ്പിച്ചണിനിരത്തുകയും ചെയ്യുന്നതു്. സ്വന്തം വർഗ്ഗത്തിൻെറ താൽപര്യങ്ങഠംക്കുവേണ്ടി സംഘടിച്ചുപോരാടുകയെന്നതു് ഓരോ വ്യക്തിയുടേയും താൽപര്യമായിത്തീരുന്നു. ഇങ്ങിനെ വർഗ്ഗത്തിലെ എല്ലാ അംഗങ്ങഠംക്കും ചില പൊതുതാൽപര്യങ്ങളുണ്ടായിത്തീരുന്നു. ഓരോ വർഗ്ഗത്തിലും ആധിപത്യം വഹിയ്ക്കുന്ന പൊതുചിന്താഗതികളും പൊതുവിലുള്ള ഇഷ്ടാനിഷ്ടങ്ങളും രൂപം കൊള്ളുന്നു.

എന്നാൽ, അതോടൊപ്പംതന്നെ മററു ചില ഘടകങ്ങളും പ്രവർത്തിയ്ക്കുന്നുണ്ടെന്നു കാണാം. ചുററുപാടുകഠം, സുഹൃത്തുക്കളുമായുള്ള ബന്ധങ്ങഠം, കുടുംബബന്ധങ്ങഠം ഔദ്യോഗികബന്ധങ്ങഠം, വിദ്യാഭ്യാസം, പുസ്തകങ്ങഠം, സിനിമ എന്നിങ്ങിനെ പലതും വ്യക്തിയുടെ മനസ്സിൽ സ്വാധീനം ചെലുത്തുന്നു. അവസാനം, വ്യക്തിതന്നെയാണ് ഓരോ ഘട്ടത്തിലും എന്തു ചെയ്യണമെന്നു തീരുമാനിയ്ക്കുന്നതു്. ഒരു ഭാഗത്തു് ഭൌതികസാഹചര്യങ്ങളുടേയും വർഗ്ഗതാല്പര്യങ്ങളുടേയും സമ്മർദ്ദങ്ങഠം; മറുഭാഗത്തു് മററു ഘടകങ്ങളുടെ പ്രേരണങ്ങഠം. എല്ലായ്പോഴും വർഗ്ഗതാല്പര്യങ്ങഠം വിജയിച്ചുകൊള്ളണമെന്നില്ല. എന്തുകൊണ്ടെന്നാൽ, മനുഷ്യൻെറ വ്യക്തിപരമായ ചിന്തകളും ആഗ്രഹാഭിലാഷങ്ങളും ഇച്ഛാശക്തികളും ക്രിയാത്മകങ്ങളാണ്. അവ ഭൌതികസാഹചര്യങ്ങളുടെ, അല്ലെങ്കിൽ വർഗ്ഗബന്ധങ്ങളുടെ യാന്ത്രികപ്രതിഫലനങ്ങളല്ല. പണിമുടക്കത്തിൽ പങ്കെടുക്കണോ പങ്കെടുക്കാതിരിയ്ക്കണോ, കരിങ്കാലിയാവണോ വിപ്ലവകാരിയാ

വണോ, സോഷ്യലിസത്തെ എതിക്ക്ണോ അനുകൂലിയ്ക്കണോ-ഇതെല്ലാം വെറും വർഗ്ഗബന്ധംകൊണ്ടുമാത്രമല്ല തീരുമാനിയ്ക്കപ്പെടുന്നതു്. എന്തു ചെയ്യണമെന്നും എന്തു ചെയ്യാതിരിയ്ക്കണമെന്നും വ്യക്തിപരമായി സ്വന്തം ഇഷ്ടമനുസരിച്ച് തീരുമാനിയ്ക്കാൻ ഓരോ മനുഷ്യനും സ്വാതന്ത്ര്യമുണ്ടു്. മുതലാളിവർഗ്ഗത്തിൽ ജനിച്ചു എന്നതുകൊണ്ടുമാത്രം ഒരാൾ പിന്തിരിപ്പനായികൊള്ളണമെന്നില്ല. തൊഴിലാളിവർഗ്ഗത്തിൽ ജനിയ്ക്കുന്ന എല്ലാവരും പുരോഗമനവാദികളായികൊള്ളണമെന്നില്ല. എല്ലാ വർഗ്ഗങ്ങളിലും കാണാം പിന്തിരിപ്പന്മാരേയും പുരോഗമനവാദികളേയും. മറ്റിതവർഗ്ഗക്കാക്കിടയിൽ കരിങ്കാലികളേയും വർഗ്ഗവഞ്ചകന്മാരേയും കാണാം. മറിച്ചു്, ഉയന്നവർഗ്ഗക്കാക്കിടയിൽ സോഷ്യലിസത്തിൽ വിശ്വസിയ്ക്കുന്നവരും ജനങ്ങളുടെ താല്പയ്യങ്ങൾക്കുവേണ്ടി പൊരുതുന്നവരുമുണ്ടാവാം. ബുദ്ധനും വിവേകാനന്ദനും മാർക്സും ലെനിനും ഗാന്ധിയും, നെഹറുവും മററും തൊഴിലാളിവർഗ്ഗത്തിൽ ജനിച്ചവരല്ലല്ലൊ. ആദാം ഷാഫ് "മനുഷ്യൻെറ തത്വശാസ്ത്രം" എന്ന ഗ്രന്ഥത്തിൽ ചൂണ്ടിയ്ക്കാണിയ്ക്കുന്നതുപോലെ, "ഓരോ, വർഗ്ഗത്തിന്നുള്ളിലും വിപ്ലവകാരികളേയും എതിർവിപ്ലവകാരികളേയും സാമൂഹ്യസംഘട്ടനങ്ങളുടെ കാര്യത്തിൽ വെറും നിഷ്പക്ഷത പാലിയ്ക്കുന്നവരേയും കാണാം. സാമൂഹ്യസംഭവങ്ങളോടുള്ള സമീപത്തിൽ വ്യക്തികൾ ചരിത്രപരമായ ആവശ്യകതയെ വകവെയ്ക്കാതെ സ്വതന്ത്രരായി എന്തു ചെയ്യണമെന്ന് തീരുമാനിയ്ക്കുകയും സ്വന്തം ഇഷ്ടമനുസരിച്ച് പ്രവത്തിയ്ക്കുകയും ചെയ്യുന്നുവെന്നതിന്നുള്ള ഏററവും നല്ല തെളിവാണിതു്."

രാഷ്ട്രീയപ്പാർട്ടികൾക്കകത്തും ഇതു കാണാം തൊഴിലാളിവർഗ്ഗത്തിൻെറ രാഷ്ട്രീയബോധമുള്ള മുന്നണിപ്പടയാണല്ലൊ കമ്മ്യൂണിസ്റ്റ് പാർട്ടി. എന്നാൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായിച്ചേന്നു എന്നതുകൊണ്ടുമാത്രം ഒരാൾ തൊഴിലാളിവർഗ്ഗത്തിൻെറ താൽപര്യങ്ങൾക്കുവേണ്ടി ആത്മാത്ഥമായി

പ്രവർത്തിയ്ക്കുന്നവനായിക്കൊള്ളണമെന്നില്ല. വ്യക്തിയുടെ സ്വഭാവഗുണങ്ങളെ പാർട്ടികാർഡുകൊണ്ടുമാത്രം അളക്കാൻ കഴിയില്ല. മററു പാർട്ടികളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ഉദാഹരണത്തിന്നു്, കോൺഗ്രസ്സുപാർട്ടിയ്ക്കുള്ളിലും കാണാം നല്ല വ്യക്തികളേയും ചീത്ത വ്യക്തികളേയും; സോഷ്യലിസത്തിൽ വിശ്വസിയ്ക്കുന്നവരേയും സോഷ്യലിസമെന്ന പദപ്രയോഗത്തിന്റെ മറവിലിരുന്നുകൊണ്ടു് സ്വാർത്ഥതാൽപര്യങ്ങൾ നേടിയെടുക്കുന്നവരേയും. ഈ സ്ഥിതിയ്ക്കു്, കമ്മ്യൂണിസ്റ്റുകാർ മാത്രമേ സോഷ്യലിസത്തിന്നുവേണ്ടി നിലകൊള്ളുന്നുള്ളുവെന്നും കോൺഗ്രസ്സുപാർട്ടിയിൽ അംഗമായിപ്പോയ ആൾക്കുതന്നെ സോഷ്യലിസത്തിൽ വിശ്വസിയ്ക്കാൻ കഴിയില്ലെന്നും മററുമുള്ള വാദങ്ങൾ അഹന്തയുടെ ബാലിശതകളാണു്.

# അദ്ധ്യായം അഞ്ച്

മാർക്സിസം വ്യക്തികൾക്ക് സമുദായത്തിലുള്ള സ്ഥാനത്തെ നിഷേധിയ്ക്കുന്നില്ല. നേരെമറിച്ച്, ചില സവിശേഷഗുണങ്ങളും സ്വഭാവവിശേഷങ്ങളും കഴിവുകളുമുള്ള വ്യക്തികൾക്ക് ചരിത്രത്തിന്റെ ഭാഗധേയത്തിൽ സ്വാധീനംചെലുത്താൻ കഴിയുമെന്ന് അതുറപ്പിച്ചുപറയുന്നു. ചില പ്രത്യേക ഘട്ടങ്ങളിൽ ആ സ്വാധീനശക്തി വമ്പിച്ചതായിരിയ്ക്കുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ഇങ്ങിനെ സമുദായത്തിൽ സ്വാധീനംചെലുത്താനുള്ള സാദ്ധ്യത വ്യക്തികളുടെ കഴിവുകളേയും ഗുണങ്ങളേയും മാത്രമല്ല ആശ്രയിച്ചിരിക്കുന്നത്. അത് സാമൂഹ്യ ഘടനയേയും സാമൂഹ്യശക്തികൾ തമ്മിലുള്ള ബന്ധങ്ങളേയും സാമൂഹ്യവളർച്ചയുടെ സാഹചര്യങ്ങളേയുമെല്ലാമാശ്രയിച്ചിരിയ്ക്കുന്നു.

മാർക്സിസത്തിൻെറ ഈ നിലപാടിനെ ലളിതമായ ഒരുദാഹരണംകൊണ്ട് പ്ലേഖനോവ് "ചരിത്രത്തിൽ വ്യക്തിയ്ക്കുള്ള പങ്ക്" എന്ന തൻെറ പുസ്തകത്തിൽ വിശദീകരിയ്ക്കുകയുണ്ടായി:

"പ്രത്യേക പ്രതിഭയോടുകൂടിയ ഒരു മനുഷ്യന് അതുപയോഗിച്ച് സംഭവഗതികളിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയണമെങ്കിൽ രണ്ട് ഉപാധികൾ ആവശ്യമാണ്. ഒന്നാമതായി, ഈ പ്രതിഭ അയാളെ മററാരേക്കാളുമധികം, സാമൂഹ്യാവശ്യങ്ങളുമായി പൊരുത്തപ്പെട്ടതാക്കണം. സൈനികമായ സ്വന്തം പ്രതിഭാശക്തിയ്ക്കു പകരം സംഗീതത്തിലുള്ള ബീഥോവൻെറ കഴിവുകളാണ് നെപ്പോളിയനുണ്ടായിരുന്നതെങ്കിൽ അദ്ദേഹം ഒരു ചക്രവർത്തിയായിത്തീരുമായിരുന്നില്ല എന്നു തീർച്ചയാണ്. രണ്ടാമതായി, ഒരു നിർദ്ദിഷ്ട സന്ദർഭത്തിൽ ഉപയോ

ഗപ്രദവും അത്യാവശ്യവുമായിത്തീരുന്ന പ്രതിഭാശക്തി കൈവശമുള്ള മനുഷ്യനെ നിലവിലുള്ള സാമൂഹ്യഘടന തടഞ്ഞുനിർത്തരുത്. ഫ്രാൻസിൻെറ പഴയ സാമൂഹ്യഘടന ഒരെഴുപത്തഞ്ചു വർഷംകൂടി നിലനിന്നിരുന്നുവെങ്കിൽ അതേ നെപ്പോളിയൻ അജ്ഞാതനായ ഒരു ജനറൽ ആയി, ഏറെമൊരു കേണൽ ബോണാപ്പാർട്ട് ആയി, മരിച്ചുപോയിട്ടുണ്ടാകുമായിരുന്നു."

## ചരിത്രത്തിൻെറ പ്രേരകശക്തി

എന്നാൽ, ഏതാനും വ്യക്തികൾക്ക്, അവർ എത്രതന്നെ മഹാന്മാരും പ്രതിഭാശാലികളും ഉൽകൃഷ്ടഗുണങ്ങളുമുള്ളവരുമായിക്കൊള്ളട്ടെ, ബഹുജനങ്ങളുടെ പിൻബലമില്ലാത്ത, ഒററയ്ക്കു സാമൂഹ്യപരിവർത്തനങ്ങളുണ്ടാക്കാൻ കഴിയില്ല. സംഭവങ്ങളുടെ ഉപരിതലത്തിൽ കാണപ്പെടുന്ന നേതാക്കന്മാർ ചരിത്രത്തിൻെറ പ്രേരകശക്തികളാണെന്നും അവരാണ് ചരിത്രത്തെ സൃഷ്ടിക്കുന്നത് എന്നും ചിലപ്പോൾ തോന്നിപ്പോയേക്കും. പക്ഷേ, യഥാർത്ഥത്തിൽ ബഹുജനങ്ങളാണ് സാമൂഹ്യപരിവർത്തനങ്ങളുടെ പ്രേരകശക്തി; ബഹുജനങ്ങളാണ് ചരിത്രത്തിൻെറ ഗതി നിർണ്ണയിക്കുന്നത്. ഫ്രാൻസിൽ ഫ്യൂഡലിസം നശിപ്പിച്ച് മുതലാളിത്തം സ്ഥാപിച്ചത് റൂസ്സോ, വോൾട്ടയർ, റോബെസ്പിയർ, മാറാ തുടങ്ങിയ മഹാന്മാരായ ഏതാനും വ്യക്തികൾ മാത്രമല്ല ലക്ഷക്കണക്കിലുള്ള സാധാരണക്കാരായ ബഹുജനങ്ങൾ പങ്കെടുത്തു് നടത്തിയ ഒരു സാമൂഹ്യവിപ്ലവത്തിൻെറ ഫലമായിരുന്നു അതു്. കൃഷിക്കാർ, പട്ടാളക്കാർ, ഇടത്തരക്കാർ മുതലായ വിഭാഗങ്ങളുമായി യോജിച്ചുകൊണ്ട് തൊഴിലാളി ബഹുജനങ്ങൾ നടത്തിയ വിപ്ലവത്തിൻെറ ഫലമായിട്ടാണ് റഷ്യയിൽ സോഷ്യലിസം വിജയിച്ചതു്. ബഹുജനങ്ങൾ നടത്തിയ ത്യാഗോജ്ജ്വലങ്ങളായ സമരങ്ങളുടെ ഫലമായിട്ടാണ് ഇന്ത്യ സ്വാതന്ത്ര്യയായതു്. വിപ്ലവസമരങ്ങളുടെ ഫലമായി അധികാരത്തിൽ വരുന്നതു് ഏതു് വർഗ്ഗമായാലും ശരി, ഏതു നേതാക്കന്മാരായാലും ശരി, എല്ലായിടത്തും അവയുടെ പ്രേരകശക്തി ബഹുജനങ്ങളാണ് എന്നു കാണാം.

പക്ഷേ, അതേസമയത്തുതന്നെ ബഹുജനങ്ങഠം മാത്രമുണ്ടായാൽ പോരാ, അവരെ ലക്ഷ്യത്തിലേയ്ക്കു് നയിയ്ക്കാൻ കെൽപ്പുള്ള നേതാക്കന്മാർക്കൂടിയുണ്ടാവണം. ലെനിൻ ഉറപ്പിച്ചു പറഞ്ഞതപോലെ, "പ്രസ്ഥാനത്തെ സംഘടിപ്പിയ്ക്കാനും നയിയ്ക്കാനും കെൽപ്പുള്ള പരിപകചരായ പ്രതിനിധികളേയും നേതാക്കന്മാരേയും സൃഷ്ടിയ്ക്കാത്ത ഒരൊററ വർഗ്ഗമെങ്കിലും ചരിത്രത്തിൽ ആധിപത്യം നേടിയിട്ടില്ല."

## നേതാക്കന്മാരുടെ പങ്കു്

സാമൂഹ്യപരിത:സ്ഥിതികളാലും സാമൂഹ്യശക്തികളുടെ പ്രവർത്തനങ്ങളാലും നിർണ്ണയിക്കപ്പെടുന്ന മുഖ്യ കടമകളെന്തൊക്കെയാണെന്നു മനസ്സിലാക്കിക്കൊണ്ടു് ബഹുജനങ്ങളെ സംഘടിപ്പിയ്ക്കാനും ലക്ഷ്യത്തിലേയ്ക്കു നയിക്കാനും കഴിവുള്ള വ്യക്തികഠം ചരിത്രത്തിൻെറ ഓരോ ഘട്ടത്തിലും നേതാക്കന്മാരായി ഉയൎന്നുവരുന്നു.

നേതാക്കന്മാരായിത്തീരുന്ന വ്യക്തികഠംക്കു് ചില പ്രത്യേകമായ കഴിവുകളും ചില പ്രത്യേകമായ സ്വഭാവഗുണങ്ങളുമുണ്ടായിരിക്കും. അതുകൊണ്ടാണല്ലോ അവർ നേതാക്കന്മാരായി അംഗീകരിക്കപ്പെടുന്നതു്. എന്നാൽ, ഈ കഴിവുകളും സ്വഭാവഗുണങ്ങളും പ്രായോഗികരംഗത്തിൽ പ്രത്യക്ഷപ്പെടണമെങ്കിൽ അതിന്നുപററിയ സാമൂഹ്യസാഹചര്യങ്ങളുണ്ടാവണം. അനുകൂലമായ സാഹചര്യങ്ങളില്ലെങ്കിൽ എത്ര വലിയ പ്രതിഭാശാലിയ്ക്കും നേതാവായിത്തീരാൻ കഴിയില്ല.

ഇങ്ങിനെ, സാമൂഹ്യസാഹചര്യങ്ങഠംക്കു് യോജിച്ചമട്ടിൽ, പ്രത്യേകമായ സ്വഭാവഗുണങ്ങളും സാമൂഹ്യകടമകഠം നിറവേററാനുമുള്ള കഴിവുകളുമുള്ളതിൻെറ ഫലമായി, നേതൃത്വത്തിലേയ്ക്കുയരുന്ന വ്യക്തികഠം ബഹുജനങ്ങളാൽ ആദരിയ്ക്കപ്പെടുകയും ബഹുമാനിയ്ക്കപ്പെടുകയും ചെയ്യുക സ്വാഭാവികമത്രേ. പക്ഷേ, അമിതമായ വീരാരാധന ചിലപ്പോഠം അപകടകരമായ പ്രത്യാഘാതങ്ങളുണ്ടാക്കിയെന്നുവരും.

നേതാവ് അസാമാന്യമായ കഴിവുള്ളവനാണ്, ചരിത്രം സൃഷ്ടിയ്ക്കുന്നവനാണ്, ജനങ്ങളുടെ പ്രശ്നങ്ങളെല്ലാം പരിഹരിയ്ക്കാൻ കെൽപ്പുള്ളവനാണ്. മഹാനായ നേതാവിൽ അചഞ്ചലമായ വിശ്വാസമർപ്പിക്കുകയും അദ്ദേഹത്തിൻെറ നിർദ്ദേശങ്ങളെ അന്ധമായി അനുസരിക്കുകയും ചെയ്താൽ മതി, എല്ലാം ശരിയായിക്കൊള്ളും. ബഹുജനങ്ങൾ സ്വന്തമായി ചിന്തിക്കുകയോ പഠിക്കുകയോ മുൻകയ്യെടുത്തു പ്രവത്തിക്കുകയോ ചെയ്യേണ്ടതില്ല. എന്തെന്നാൽ സംഭവഗതികൾക്ക് രൂപംകൊടുക്കേണ്ട ചുമതല ജനങ്ങൾക്കല്ല, നേതാവിനാണ്. തൊഴിലാളികൾക്ക് വല്ല അടിയന്തിരാവശ്യങ്ങളുമുണ്ടോ? പ്രാദേശികനേതാവ് ഫോണെടുത്ത് തൊഴിൽകാര്യമന്ത്രിയോടൊന്നു സംസാരിച്ചാൽമതി. ജന്മി കൃഷിക്കാരനെ ഒഴിപ്പിച്ചുവോ? സാരമില്ല, റെവന്യൂമന്ത്രിയെ വിവരമറിയിക്കുക. പോലീസ്സിൻസ്പെക്ടർ ആരെയെങ്കിലും മർദ്ദിച്ചുവോ? അതിന്നു പോലീസ്സ്മന്ത്രിയുണ്ട്. മറെറന്തെങ്കിലും ആവശ്യമുണ്ടോ? എല്ലാ കാര്യങ്ങളും നേതാവിനോടു പറയുക. ഒടുക്കത്തെകയ്യിന്, നേതാവ് ഒരു നിരാഹാരസത്യാഗ്രഹം നടത്തിയാൽ മതി; ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറിക്കൊള്ളും. വ്യക്ത്യാരാധനയിൽനിന്നും നേതൃപൂജയിൽനിന്നും ഉളവാകുന്ന ഇത്തരം ചിന്താഗതികൾ സാമൂഹ്യജീവിതത്തെ മരവിപ്പിക്കുകയും വിപ്ലവപ്രവത്തനങ്ങളെ മന്ദീഭവിപ്പിക്കുകയും മുൻകയ്യെടുത്തു പ്രവത്തിയ്ക്കാനുള്ള ബഹുജനങ്ങളുടെ കഴിവിനെ നശിപ്പിയ്ക്കുകയും ചെയ്യും.

## വ്യക്തിപ്രാഭവസിദ്ധാന്തം

ചിലപ്പോൾ നേതാക്കന്മാർതന്നെ തങ്ങളുടെ സ്വന്തം വ്യക്തിത്വത്തിന്ന് അമിതമായ പ്രാധാന്യം സ്വയം കല്പിയ്ക്കാൻ തുടങ്ങിയെന്നുവരും. അനുയായികളുടെ ജയജയ വിളികളും പത്രപംക്തികളിലെ പ്രസിദ്ധീകരണങ്ങളും നേതാക്കന്മാരെന്ന നിലയ്ക്ക് തങ്ങൾക്കു ലഭിച്ചിട്ടുള്ള പ്രത്യേകാധികാരങ്ങളും അവരുടെ തലയ്ക്ക് ലഹരി പിടിപ്പിച്ചുവെന്നുവരും. ബഹുജനങ്ങ

ളുടെ ദൈനംദിന ജീവിതത്തിൽനിന്നും സമരാനുഭവങ്ങളിൽ നിന്നും തങ്ങൾക്കു യാതൊരു പാഠവും പഠിയ്ക്കാനില്ലെന്നും തങ്ങളാണു് ജനങ്ങളുടെ ഭാഗധേയം നിർണ്ണയിക്കുന്നതു് എന്നും അവക്കു തോന്നാൻ തുടങ്ങിയെന്നുവരും. മന്ത്രിക്കസേരകളിലെങ്ങാനുമിരിയ്ക്കാൻ അവസരം കിട്ടിയാൽ അവർ അസഹിഷ്ണുതയുടേയും ധാർഷ്ട്യത്തിൻേറയും കിരീടങ്ങളെടുത്തു ധരിയ്ക്കാൻ തുടങ്ങിയെന്നുവരും.

ഇതു കൂടുതൽ അപകടകരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. എന്തുകൊണ്ടെന്നാൽ, ബഹുജനങ്ങൾക്കിടയിൽ ജീവിച്ചുകൊണ്ടും മർദ്ദനങ്ങളെ നേരിട്ടുകൊണ്ടും വിപ്ലവപ്രവത്തനങ്ങൾ നടത്തിയിരുന്ന കാലത്തു് പത്തി താഴ്ത്തിക്കിടന്നിരുന്ന വ്യക്തിപരമായ ദുർഗ്ഗുണങ്ങൾ പലതും വ്യക്തിപൂജയുടെ അന്തരീക്ഷത്തിൽ പതിന്മടങ്ങു ശക്തിയോടുകൂടി പുറത്തുവന്നുവെന്നു വരും.

അതാണു് സ്റ്റാലിന്നു സംഭവിച്ചതു്. തൊഴിലാളിവർഗ്ഗത്തോടും കമ്യൂണിസ്റ്റു് പ്രസ്ഥാനത്തോടുമുള്ള കൂറു്, അഗാധമായ താത്വികജ്ഞാനം, ബഹുജനങ്ങളെ സംഘടിപ്പിക്കാനും അവരുടെ സമരങ്ങൾക്കു നേതൃത്വം നൽകാനുമുള്ള അസാമാന്യമായ കഴിവു് ഊർജ്ജസ്വലമായ മനശ്ശക്തി എന്നിങ്ങിനെ പല സൽഗ്ഗുണങ്ങളുമുണ്ടായിരുന്നതുകൊണ്ടാണു് സ്റ്റാലിൻ ഒരനിഷേധ്യനേതാവായിത്തീന്നതു്. പക്ഷേ, ഈ ഗുണങ്ങളോടൊപ്പം തന്നെ മററുള്ളവരുടെ അഭിപ്രായങ്ങളോടുള്ള അസഹിഷ്ണുത, സഹപ്രവത്തകന്മാരെപ്പററിയുള്ള അനാരോഗ്യകരമായ ദുശ്ശങ്കകൾ, ധാർഷ്ട്യം, നിർദ്ദയത, നേതൃത്വഭ്രമം എന്നിങ്ങിനെയുള്ള ദുർഗ്ഗുണങ്ങളുമുണ്ടായിരുന്നു. ആദ്യകാലത്തു് ഉപരിതലത്തിലേയ്ക്കു് പൊന്തിവരാൻ മടിച്ച ഈ ദുഃസ്വഭാവങ്ങൾ വ്യക്തിപൂജയുടെ അന്തരീക്ഷത്തിൽ ഊക്കോടെ പുറത്തുചാടാൻ തുടങ്ങി. തൽഫലമായി സോഷ്യലിസ്റ്റു് സമുദായത്തിൻെറ പുരോഗതിക്കു വലിയ ഹാനി നേരിടുകയും ചെയ്തു.

അപ്പോൾ, വ്യക്തിയുടെ വളർച്ചയെ തടഞ്ഞുനിത്തുകയും മാനുഷികങ്ങളായ ഉൽകൃഷ്ടതകളെ വരിഞ്ഞുകെട്ടുകയും ചെയ്യു

ന്ന പ്രതികൂലസാഹചര്യങ്ങളെ തട്ടിനീക്കാൻ സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്കു സാധിക്കുമെന്നു പറയുന്നതു ശരിയാണെങ്കിൽക്കൂടി, അതുകൊണ്ടുമാത്രം, എല്ലാ വ്യക്തികളും സൽസ്വഭാവികളായിക്കൊള്ളണമെന്നില്ല. വിപ്ലവപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ബഹുജനസമരങ്ങൾക്കു ധീരവും ക്രിയാത്മകവുമായ നേതൃത്വം നൽകുകയും ചെയ്തുവെന്നതുകൊണ്ടുമാത്രം മനുഷ്യൻ സൽഗ്ഗുണസമ്പന്നനായിത്തീർന്നുകൊള്ളണമെന്നില്ല.

വ്യക്തിസമുദായത്തിൻെറ ഭാഗമാണെന്നുള്ളതു ശരിതന്നെ. പക്ഷെ, സമൂഹത്തിൻെറ യാന്ത്രികമായ ഒരു ഘടകമല്ല. മററൊരുവിധം പറഞ്ഞാൽ, വ്യക്തിയ്ക്കു് സാമൂഹ്യമായ നിലനിൽപുമാത്രമല്ല, വ്യക്തിപരമായ നിലനിൽപുമുണ്ടു്. വ്യക്തിയുടെ ശരീരഘടനയിലും മാനസികഘടനയിലും ജീവിതരീതിയിലുമെല്ലാം സാമൂഹ്യജീവിതത്തിൻെറ സ്വാധീനം കാണാൻ കഴിയുമെന്നുള്ളതു ശരിയാണ്. പക്ഷേ, അതേ സമയത്തുതന്നെ, അവ വ്യക്തിപരംകൂടിയാണ്. വ്യക്തിയുടെ ആത്മനിഷ്ഠമായ ആശയാഭിലാഷങ്ങൾ വികാരവിചാരങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ, അഭിപ്രായഗതികൾ, വീക്ഷണഗതികൾ, ജ്ഞാനത്തിൻേറയും ബോധത്തിൻേറയും നിലവാരം, ധാർമ്മികബോധം, പ്രവർത്തനരീതികൾ മുതലായവയെല്ലാം സാമൂഹ്യജീവിതത്തിലും സ്വാധീനം ചെലുത്തുന്നു. വിപ്ലവപ്രസ്ഥാനങ്ങളിൽ പങ്കെടുക്കുകയും നേതൃത്വത്തിലേയ്ക്കുയരുകയും ചെയ്തു എന്നതുകൊണ്ടുമാത്രം വ്യക്തിപരമായ ഈ സ്വഭാവവിശേഷങ്ങൾ അന്തർദ്ധാനം ചെയ്യുകയില്ല. ചിലപ്പോൾ അവ പ്രകാശിയ്ക്കാൻ കഴിയാതെ മങ്ങിക്കിടന്നു എന്നു വരാം. മററു ചിലപ്പോൾ ഊക്കോടുകൂടി ഉപരിതലത്തിലേയ്ക്കു് പൊന്തിവന്നുവെന്നും വരാം.

## വ്യക്തിയുടെ താൽപ്പര്യങ്ങളും സമുദായത്തിൻെറ താൽപ്പര്യങ്ങളും

ഇത്തരം സ്വഭാവവിശേഷങ്ങളുൾക്കൊള്ളുന്ന വ്യക്തിയുടെ താൽപര്യങ്ങളും സമൂഹത്തിൻെറ താൽപര്യങ്ങളും തമ്മിൽ

ചിലപ്പോഠം വൈരുദ്ധ്യങ്ങളുണ്ടായെന്നു വരും. വ്യക്തിപരമായ ലക്ഷ്യങ്ങളും സാമൂഹ്യലക്ഷ്യങ്ങളും തമ്മിൽ സംഘട്ടനങ്ങളുണ്ടായേക്കും. ജനങ്ങഠം ജാഗരൂകരാണെങ്കിൽ സമൂഹത്തിന്റെ താൽപ്പര്യങ്ങളോടു നീതി കാണിയ്ക്കാൻ കഴിയാത്ത വ്യക്തി നേതൃത്വത്തിൽനിന്നു പുറന്തള്ളപ്പെട്ടുവെന്നുവരാം; അല്ലെങ്കിൽ ബഹുജനങ്ങഠം ജാഗരൂകരല്ലാത്ത സന്ദർഭങ്ങളിൽ പ്രത്യേകിച്ചും, സമൂഹത്തിന്റെ താൽപര്യങ്ങഠം വ്യക്തിയുടെ താൽപര്യങ്ങഠംക്കുവേണ്ടി ബലികഴിയ്ക്കപ്പെട്ടും. വ്യക്തി തന്റെ സങ്കുചിത സ്വാർത്ഥങ്ങളെ സമർത്ഥമായി മറച്ചുവെയ്ക്കുകയും സാമൂഹ്യപ്രസ്ഥാനത്തെ തന്റെ സ്വന്തം ലക്ഷ്യം നേടാനുള്ള ഒരേണിപ്പടിയായി ഉപയോഗപ്പെടുത്തുകയും ചെയ്യും.

ചിലപ്പോഠം, ഈ വൈരുദ്ധ്യങ്ങഠം അത്ര പ്രകടമായെന്നു വരികയില്ല. വ്യക്തിയുടെ ഉദ്ദേശ്യവും ജനങ്ങളുടെ ഉദ്ദേശ്യവും തമ്മിൽ വ്യത്യാസമില്ലെന്നു തോന്നും. ഉദാഹരണത്തിന്നു്, ഏതെങ്കിലുമൊരു പ്രദേശത്തെ ജനങ്ങഠംക്കു് ഒരു പള്ളിക്കൂടമൊ റോഡോ കിട്ടാൻവേണ്ടി നേതാവു മുൻകയ്യെടുത്തു പരിശ്രമിയ്ക്കുന്നു. തീർച്ചയായും, ജനങ്ങളുടെ ആവശ്യങ്ങളാണവ. കഷ്ടപ്പെടുന്ന ജനവിഭാഗങ്ങളുടെ ആവശ്യങ്ങഠം നേടാൻവേണ്ടി നേതാവു പ്രക്ഷോഭണങ്ങളും സമരങ്ങളും നയിയ്ക്കുന്നു; പട്ടിണി കിടക്കുകയോ ജയിലിൽ പോവുകയോ ചെയ്യുന്നു. പക്ഷേ, ഇതെല്ലായ്പ്പോഴും നിസ്വാർത്ഥമായ പ്രവൎത്തനമായിക്കൊള്ളണമെന്നില്ല. നേതാവിന്റെ ഒരു കണ്ണു് ജനങ്ങളുടെ കഷ്ടപ്പാടിലായിരിയ്ക്കും. മറേറക്കണ്ണു് വോട്ടുപെട്ടിയിലും! ഒരുതരം ഇരട്ടക്കുറാണിതു്. വ്യക്തി ജനങ്ങളുടെ പ്രസ്ഥാനത്തിന്റെ താൽപര്യങ്ങഠംക്കുവേണ്ടി നിലകൊള്ളുന്നു; അതേസമയത്തുതന്നെ, സ്വന്തം കാര്യം നേടാൻ നോക്കുകയും ചെയ്യുന്നു. പക്ഷെ ചിലപ്പോഠം വ്യക്തിയുടെ താൽപര്യങ്ങഠംക്കു മുൻതൂക്കം നൽകപ്പെടുന്നു. അത്തരം സന്ദർഭങ്ങളിലാണു് വൈരുദ്ധ്യം പ്രകടമായിത്തീരുക.

എല്ലായപ്പോഴും കാപട്യമുണ്ടായിക്കൊള്ളണമെന്നില്ല. തിരഞ്ഞെടുപ്പിനു നിൽക്കുമ്പോഴും, പ്രസംഗങ്ങൾ നടത്തുമ്പോഴും, പൊതുജനങ്ങളിൽ നിന്നു പണം പിരിച്ചെടുത്തു സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുമ്പോഴും, മററുള്ളവരുടെ ആവശ്യങ്ങൾ സാധിപ്പിച്ചുകൊടുക്കുന്നതിനുവേണ്ടി കൈക്കൂലി വാങ്ങുമ്പോഴുമെല്ലാം താൻ ജനങ്ങൾക്കുവേണ്ടിയാണു പ്രവർത്തിക്കുന്നതു എന്നു നേതാവു ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ടാവാം. തൻെറ ആഗ്രഹാഭിലാഷങ്ങളാണു ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾ എന്നു അയാൾ കരുതുന്നുമുണ്ടാവാം. ക്രമത്തിൽ അയാൾ തനിക്കിഷ്ടമില്ലാത്തതൊന്നും ജനങ്ങൾ ഇഷ്ടപ്പെട്ടുകൂടാ എന്ന നിലപാടിലെത്തിച്ചേരുന്നു. തൻെറ ചൊൽപ്പടിക്കുനിൽക്കാൻ കൂട്ടാക്കാത്തവരെയെല്ലാം നശിപ്പിച്ചുകളയേണ്ടതു ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കർത്തവ്യമാണെന്നുപോലും അയാൾ വിചാരിക്കാൻ തുടങ്ങുന്നു.

അപ്പോൾ, സാമൂഹ്യജീവിതവും സാമൂഹ്യ സാഹചര്യങ്ങളുമാണു വ്യക്തിയുടെ സ്വഭാവഗുണങ്ങളെ രൂപപ്പെടുത്തുന്നതു എന്ന വാദം സത്യത്തിൻെറ ഒരു വശം മാത്രമാണു. സാഹചര്യങ്ങൾക്കു മനുഷ്യൻെറ വ്യക്തിപരമായ ജീവിതത്തിൽ സ്വാധീനം ചെലുത്താൻ കഴിവുണ്ടെന്ന കാര്യത്തിൽ സംശയമില്ല. നന്മതിന്മകൾക്കുള്ള പ്രേരണകളും പ്രചോദനങ്ങളും ലഭിക്കുന്നതു സാഹചര്യങ്ങളിൽനിന്നാണു. എന്നാൽ ഓരോ പ്രത്യേക സാഹചര്യത്തിലും എന്തു നിലപാടു കൈക്കൊള്ളണമെന്നു സ്വന്തം ഇഷ്ടമനുസരിച്ചു തീരുമാനിയ്ക്കാൻ വ്യക്തിയ്ക്കു സാധിക്കുന്നു. സാമൂഹ്യസാഹചര്യങ്ങളാലും സാമൂഹ്യ കടമകളാലും നിർണ്ണയിക്കപ്പെടുന്ന ധാർമ്മികമൂല്യങ്ങളെ സ്വന്തം ജീവിതത്തിലേയ്ക്കു പകർത്തുവാനോ പകർത്താതിരിക്കുവാനോ അയാൾക്കു കഴിവുണ്ടു. അതുകൊണ്ടു, ധാർമ്മികമൂല്യം ഒരു സാമൂഹ്യപ്രശ്നം മാത്രമല്ല, വ്യക്തിപരമായ പ്രശ്നം കൂടിയാണു. ഈ സ്ഥിതിയിൽ, വ്യക്തിയെ മാനുഷി

കമായ ഉൽക്കൃഷ്ടതയിലേയ്ക്കം പൂർണ്ണതയിലേയ്ക്കം നയിക്കണമെങ്കിൽ സാമൂഹ്യമായ സമീപനം മാത്രം പോര, വ്യക്തിപരമായ സമീപനംകൂടി വേണം.

ബഹുജനങ്ങാംക്ക് മുൻകയ്യെടുത്തു് പ്രവർത്തിക്കാനാവശ്യമായ സാഹചര്യങ്ങളുണ്ടാക്കുക, നയപരിപാടികറം ആവിഷ്ക്കരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്ന കാര്യത്തിൽ ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങളെ പങ്കെടുപ്പിക്കുക, ജനങ്ങളുമായുള്ള ദൈനംദിനബന്ധങ്ങറം സുദൃഢമാക്കുക, ചുവട്ടിൽനിന്നുള്ള വിമർശനങ്ങറംക്ക് പ്രോത്സാഹനം നൽകുക, പരസ്പരം സഹകരിച്ചുകൊണ്ടുള്ള കൂട്ടായ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തിപരമായ ഉത്തരവാദിത്വങ്ങളും ചുമതലകളും നിർണ്ണയിക്കുക, നേതാക്കന്മാരായ വ്യക്തികളുടെ കയ്യിൽ അമിതമായ അധികാരങ്ങറം കേന്ദ്രീകരിക്കുന്നതിനെ തടയുക, ചുവട്ടിലുള്ള പ്രവർത്തകന്മാക്ക് നേതാക്കന്മാരായി ഉയരാനുള്ള സൗകര്യങ്ങളും സാഹചര്യങ്ങളുമുണ്ടാക്കുക, വ്യക്തികളുടെ സ്വഭാവഗുണങ്ങളെ വളർത്താൻ പററിയ പെരുമാററച്ചട്ടങ്ങളുണ്ടാക്കുകയും ആ ചട്ടങ്ങറംക്കനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യുക, സാമൂഹ്യതാല്പര്യങ്ങറംക്കെതിരായി പ്രവർത്തിക്കുന്നവരുടെ മേൽ കർശനമായ അച്ചടക്കനടപടികറം കൈക്കൊള്ളുക—സാമൂഹ്യവും സംഘടനാപരവുമായ ഇത്തരം നടപടികളുടെ സഹായത്തോടുകൂടി മനുഷ്യൻെറ വ്യക്തിപരമായ ജീവിതത്തെ ഒട്ടൊക്കെ നിയന്ത്രിയ്ക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, വ്യക്തിപരമായ സ്വഭാവഗുണങ്ങളെ സംഘടനയുടെ ഭരണഘടനാവകപ്പുകറം കൊണ്ടുമാത്രം രൂപപ്പെടുത്താനാവില്ല. അവസാനവിശകലനത്തിൽ, അവ വ്യക്തിയുടെ ആത്മീയാഭിവൃദ്ധിയുടെ നിലവാരത്തെയാണാശ്രയിച്ചിരിക്കുന്നതു്.

## അദ്ധ്യാത്മത്തോടുള്ള സമീപനം

ഇന്ത്യയിലെ സാമൂഹ്യരാഷ്ട്രീയ പ്രവർത്തനങ്ങറംക്ക് ചരിത്രപ്രധാനമായ ചില സവിശേഷതകറം കൂടിയുണ്ടു്. മഹാ

ത്മാഗാന്ധിയുടെ ആഹ്വാനമനുസരിച്ച് സാമ്രാജ്യാധിപത്യത്തിന്നെതിരായി സമരം നടത്താൻവേണ്ടി ഒട്ടനവധി ജനങ്ങൾ കോടതികളും കോളേജുകളും ജോലിസ്ഥലങ്ങളുമുപേക്ഷിച്ചു പുറത്തുവരികയുണ്ടായി. നീണ്ടകാലത്തെ ജയിൽജീവിതവും ഒളിവുജീവിതവുംനയിച്ച അവരിൽ പലരും 'മുഴുവൻ സമയരാഷ്ട്രീയപ്രവത്തകന്മാ'രായിത്തീർന്നു. ശാരീരികമോബൌദ്ധികമോ ആയ ദൈനംദിനപ്രവത്തനങ്ങളുമായി ബന്ധമില്ലാത്ത ഒരു പ്രത്യേക വിഭാഗമായിത്തീർന്നു അവർ. ബ്രിട്ടീഷു ഭരണം അസ്തമിച്ചതോടെ പുതിയ ചില പരിതഃസ്ഥിതികളുയർന്നുവന്നു. രാഷ്ട്രീയസ്വാതന്ത്ര്യം സാമ്പത്തികസ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള പുതിയ സമരങ്ങൾക്കു വഴിതെളിയിച്ചു. സാമ്പത്തിക പുനർനിർമ്മാണപ്രവത്തനങ്ങൾ ഒരടിയന്തിര കടമയായിത്തീർന്നു. പക്ഷേ, സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത രാഷ്ട്രീയപ്രവത്തകന്മാർ ഫാക്ടറികളിലും വയലുകളിലും മററു ജോലിസ്ഥലങ്ങളിലും നടക്കുന്ന നിർമ്മാണപ്രവത്തനങ്ങളിൽ പങ്കെടുക്കാൻ കഴിവുള്ളവരായിരുന്നില്ല. മന്ത്രിമാരോ അംബാസിഡർമാരോ എം. പി. മാരോ അസംബ്ളിമെമ്പർമാരോ ആവാനല്ലാതെ കായികമോ ബൌദ്ധികമോ ആയ പ്രവത്തനങ്ങളിൽ പങ്കുകൊള്ളാൻ അവരിൽ പലക്കും സാദ്ധ്യമായിരുന്നില്ല. അസംബ്ളി-പാർലിമെണ്ടു് മെമ്പർസ്ഥാനങ്ങളും കമ്മിററികളിലെ അംഗത്വവും മററും ഒരു പ്രത്യേകതരം ജോലിയായിത്തീർന്നു. മറെറാരുവിധം പറഞ്ഞാൽ, അദ്ധ്വാനിക്കുന്ന ജനങ്ങളും രാഷ്ട്രീയനേതാക്കന്മാരും തമ്മിലുള്ള വിടവു വർദ്ധിച്ചു. രാഷ്ട്രീയനേതാക്കന്മാർ നടത്തുന്ന പൊതുയോഗങ്ങളിലും ഘോഷയാത്രകളിലും പങ്കെടുക്കുക, രാഷ്ട്രീയപാർട്ടികൾക്കു സംഭാവനകൾ നൽകുക, അഞ്ചുകൊല്ലം കൂടുമ്പോളൊരിക്കൽ വോട്ടുചെയ്യാനും അസംബ്ളിയിലേക്കും പാർലിമെണ്ടിലേക്കും മെമ്പർമാരെ തെരഞ്ഞെടുത്തയക്കാനുമുള്ള സ്വാതന്ത്ര്യമുപയോഗിക്കുക-ഇത്ര മാത്രമായിത്തീർന്നു അദ്ധ്വാനിക്കുന്ന ജനങ്ങളുടെ രാഷ്ട്രീയപ്രവ

ത്തനം. യഥാർത്ഥമായ രാഷ്ട്രീയപ്രവർത്തനം അദ്ധ്വാനിക്കാത്ത ഒരു ചെറുവിഭാഗത്തിന്റെ കുത്തകയായിത്തീർന്നു.

ഫ്യൂഡൽവ്യവസ്ഥയിലെ ചൂഷകവർഗ്ഗക്കാർക്ക് അദ്ധ്വാനത്തോടു പുച്ഛമായിരുന്നു. "ജോലി സ്വസ്ഥം!" എന്നതായിരുന്നു ആഭിജാത്യത്തിന്റെ മുദ്രാവാക്യം. അതിന്റെ സ്ഥാനത്ത് ഇപ്പോൾ "ജോലിരാഷ്ട്രീയം" എന്ന പുതിയൊരാഭിജാത്യം തലപൊക്കിക്കൊണ്ടിരിക്കുകയാണ്. യാതൊരു പണിയുമെടുക്കാതെ പരാന്നഭുക്കുകളായി ഇത്തിക്കണ്ണിജീവിതം നയിക്കുന്ന രാഷ്ട്രീയനേതാക്കന്മാർ ജനങ്ങളോട് കൂടുതലദ്ധ്വാനിക്കാനും രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി ഉൽപാദനം വർദ്ധിപ്പിക്കാനും സ്വതന്ത്രമായ ഒരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനും കൂടെക്കൂടെ ആഹ്വാനം ചെയ്യുന്നു. നിർമ്മാണപ്രവർത്തനങ്ങളെ വിജയിപ്പിക്കാൻ വേണ്ടിയുള്ള സമരത്തിൽ മാതൃക കാണിച്ചു കൊടുക്കേണ്ട യാതൊരുത്തരവാദിത്വവും അവർക്കില്ല. വാക്കും പ്രവൃത്തിയും തമ്മിലുള്ള ഈ പൊരുത്തക്കേട് അധാർമ്മികതകളുടെ ഉറവിടമായിത്തീരുന്നു.

അധാർമ്മികതകളുടെ ഈ അന്തരീക്ഷത്തിൽ ഉറച്ചുനില്ക്കാൻ കഴിവില്ലാത്തവർ മറിഞ്ഞുവീഴുന്നു. ഒരു കാലത്ത് സമരധീരതയും ത്യാഗമനോഭാവവും പ്രകടിപ്പിച്ച അതേ വ്യക്തികൾ തന്നെ പുതിയ സാഹചര്യങ്ങളിൽ അസാന്മാർഗ്ഗികതകളിലേക്കു വഴുതി വീഴുന്നു. കായികവും മാനസികവുമായ എല്ലാത്തരം അദ്ധ്വാനങ്ങളോടുമുള്ള പുച്ഛം, പണിയെടുക്കാതെ മടിയരായി കഴിയാനും സുഖഭോഗലോലുപരാകാനുമുള്ള വാസന, അമിതമായ കള്ളുകുടി, ലൈംഗികമായ അസാന്മാർഗ്ഗികബന്ധങ്ങൾ, പൊതുജനങ്ങളിൽനിന്നു് പിരിച്ചുണ്ടാക്കുന്ന പൊതുഫണ്ടുകളിൽ നിന്നോ സഹകരണസംഘങ്ങൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിൽ നിന്നോ പണം തട്ടിയെടുക്കൽ, പാർട്ടിയുടെ പേരിൽ പണംപിരിച്ച് സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കൽ, സ്ഥാനമാനങ്ങൾക്കുള്ള മൊതി, സഹപ്രവർത്തകരുടെ

കാലുവാരൽ, സ്വന്തം കുററങ്ങൾ മറച്ചുപിടിക്കാൻവേണ്ടി മററുള്ളവരുടെ പേരിൽ അപവാദങ്ങൾ പറഞ്ഞുപരത്തൽ, ഉദ്യോഗസ്ഥമേധാവിത്വം, സ്വജനപക്ഷപാതം, കളവ്, കൈക്കൂലി, നേതൃസ്ഥാനങ്ങളെ സ്വന്തംകാര്യം നോക്കാനുള്ള ഏണിപ്പടികളാക്കൽ, കപടനാട്യങ്ങൾ, അസാന്മാർഗ്ഗികതയോടുള്ള വിട്ടുവീഴ്ച, ലക്ഷ്യത്തോടു കൂറില്ലായ്മ, വ്യക്തിപ്രാഭവം, ആത്മപ്രശംസ, അച്ചടക്കരാഹിത്യം, മനുഷ്യത്വപരമായ പെരുമാററങ്ങളിലും സൌഹാർദ്ദപരമായ പരസ്പരസഹായങ്ങളിലും നിഷ്കർഷയില്ലായ്മ, അരാജകത്വപരമായ സ്വകാര്യജീവിതം, സത്യസന്ധതയില്ലായ്മ, വിശ്വാസവഞ്ചന എന്നിങ്ങനെയുള്ള ദുഃസ്വഭാവങ്ങൾക്കു വളരാൻ പററിയ ഒരന്തരീക്ഷത്തിലേയ്ക്കു് അവർ നീങ്ങുന്നു.

## അധഃപതനത്തിൻെറ കാരണം

ഭൂതകാലപ്രവൎത്തനങ്ങളുടേയും, ത്യാഗപൂർണ്ണമായ ജീവിതത്തിൻേറയും, ജനങ്ങളെ നയിയ്ക്കാനുള്ള കഴിവിൻേറയും ഫലമായി നേതൃത്വത്തിലേയ്ക്കുയൎന്നുവന്ന വ്യക്തികൾ മേല്പറഞ്ഞ ദുഃസ്വഭാവങ്ങളിൽ നിന്നെല്ലാം വിമുക്തരാണെന്ന ഒരു ധാരണയുണ്ടു്. ഇതു ശരിയല്ല. നേരെമറിച്ച്, സാധാരണജനങ്ങളുടെ ദൈനംദിനജീവിതത്തിൽ നിന്നകലുകയും അധികാരകേന്ദ്രീകരണത്തിനും പണവും പദവിയും നേടുന്നതിനും, മററുമുള്ള സാദ്ധ്യതകൾ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ നേതാക്കന്മാർ മററുള്ളവരെ അപേക്ഷിച്ച് കൂടുതൽ വേഗത്തിൽ അധഃപതിച്ചുവെന്നുകൂടി വരാം. നേതാക്കന്മാൎക്കു് ഒരുകാലത്തുണ്ടായിരുന്ന ഗുണങ്ങൾ എല്ലാകാലത്തും നിലനിന്നുകൊള്ളണമെന്നില്ല.

ഒരുകാലത്തു് സ്വഭാവശുദ്ധിയും ബഹുജനങ്ങളെ ഉന്നതമായ ലക്ഷ്യത്തിലേയ്ക്കു നയിയ്ക്കാനുള്ള കഴിവുമുണ്ടായിരുന്ന ചില നേതാക്കന്മാർ പിന്നീടു് അധഃപതിയ്ക്കുന്നതെന്തുകൊണ്ടാണു്. സ്റ്റാലിൻ, മാവോ തുടങ്ങിയ ലോകപ്രശസ്തിയാർജ്ജിച്ച മഹാന്മാരായ നേതാക്കന്മാർപോലും വൈക്തികമായ അധഃപതനത്തിൻെറ ചളിക്കുണ്ടിലേയ്ക്കു താണുപോയതെന്തുകൊണ്ടാണു്?

ഈ ചോദ്യത്തിന്ന് സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇരുപത്തിരണ്ടാം കോൺഗ്രസ്സംഗീകരിച്ച കേന്ദ്രക്കമ്മററി റിപ്പോർട്ട് മറുപടിപറയുന്നതിങ്ങനെയാണ്:

"ജീവിതത്തിലെ ഒരു പ്രത്യേകഘട്ടത്തിൽ വിലപ്പിടിച്ചവരെന്ന് സ്വയം തെളിയിച്ച ചില നേതാക്കന്മാർതന്നെ പിന്നീട് വഴിയിൽ തങ്ങുകയും ക്രമേണ മങ്ങി മറഞ്ഞുപോവുകയും ചെയ്ത പല സംഭവങ്ങളും ചരിത്രത്തിലുണ്ടായിട്ടുണ്ട്. ഈ പ്രതിഭാസത്തിൻെറ കാരണങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. ചിലൎക്ക് ശേഷി കെട്ടുപോകുന്നു. മററുചിലർ യാഥാർത്ഥ്യങ്ങളുമായുള്ള ബന്ധമററ്, തണ്ടുമൂത്ത് ശരിക്ക് പ്രവൃത്തിയെടുക്കാതെയാവുന്നു. വേറെ ചിലർ തത്വദീക്ഷയില്ലാത്തവരും നട്ടെല്ലൊടിഞ്ഞവരുമായിക്കലാശിച്ച് പരിത:സ്ഥിതികളോടിണങ്ങിച്ചേരുകയും പാർട്ടിയുടെ ലക്ഷ്യത്തിന്നുവേണ്ടി സമരംചെയ്യാനുള്ള വീറ് കളഞ്ഞുകുളിക്കുകയും ചെയ്യുന്നു. അതിന്നിടയിൽ സമരങ്ങളിലൂടെ പുതിയ രാഷ്ട്രീയനേതാക്കന്മാർ ഉയൎന്നുവരുന്നു. അവർ പുതിയതിൻെറ വളർച്ചയെ തടയുന്ന എല്ലാററിനേയും എതിർക്കുകയും പഴമയുടെ ചെറുത്തുനില്പിനെ തോൽപ്പിക്കുകയും ചെയ്യുന്നു. പൊലിഞ്ഞുകഴിഞ്ഞ നക്ഷത്രങ്ങളുടെ വെളിച്ചമെന്ന് ജോതിശ്ശാസ്ത്രജ്ഞന്മാർ വിശേഷിപ്പിക്കുന്ന അത്തരമൊരു പ്രതിഭാസമാണിത്. ഭൂമിയിൽ നിന്നെത്രയോ അകന്നു നില്ക്കുന്ന ചില നക്ഷത്രങ്ങൾ കെട്ടടങ്ങിയിട്ട് വളരെക്കഴിഞ്ഞാലും പ്രകാശിക്കുന്നതുപോലെ തോന്നും. സാമൂഹ്യചക്രവാളത്തിൽ നക്ഷത്രങ്ങളുടെ സ്ഥാനം വഹിക്കുന്ന ചില ആളുകൾ പുകഞ്ഞടങ്ങിയ കനൽക്കട്ടകൾ മാത്രമായവശേഷിച്ചുകഴിഞ്ഞിട്ടും തങ്ങളിപ്പോഴും വെളിച്ചംവീശുന്നുണ്ടെന്ന് സ്വയം സങ്കൽപ്പിക്കുന്നു. ഇതാണ് കുഴപ്പം. ഇതുതന്നെയാണ് ചില രാഷ്ട്രീയനേതാക്കന്മാൎക്കും സംഭവിച്ചത്."

ഒന്നുകിൽ പഴയ നക്ഷത്രങ്ങൾക്ക് വീണ്ടും പ്രകാശിക്കാനുള്ള കഴിവുണ്ടാകണം. അല്ലെങ്കിൽ അവയുടെ സ്ഥാനത്ത് പുതിയ നക്ഷത്രങ്ങൾ കയറിയിരിക്കണം. ഈ രണ്ടു വഴിയുള്ളു.

KOTTAYAM PUBLIC LIBRARY
KOTTAYAM.
38292

# അദ്ധ്യായം ആറ്

കമ്മ്യൂണിസമെന്നുവെച്ചാൽ "ഓരോരുത്തനിൽനിന്നും അവൻെറ കഴിവനുസരിച്ച്, ഓരോരുത്തനും അവൻെറ ആവശ്യമനുസരിച്ച്" എന്ന തത്വം നടപ്പിൽവരുത്താൻ കഴിയത്തക്കവണ്ണം ഉൽപ്പാദനശക്തികളെ വളർത്തുക എന്നുമാത്രമല്ല അർത്ഥം. ഉൽപ്പാദനശക്തികളുടെ വളർച്ച ലക്ഷ്യമല്ല, മാർഗ്ഗമാണ്. മനുഷ്യനാണ് ലക്ഷ്യം. ആത്മീയമായ പരിപക്വതയോടുകൂടിയ ഉൽക്കൃഷ്ടമനുഷ്യരെ സൃഷ്ടിക്കുകയാണ് ഉന്നം. മറെറാരുവിധം പറഞ്ഞാൽ കമ്മ്യൂണിസത്തിന് വേണ്ടിയുള്ള സമരം ഉൽക്കൃഷ്ടങ്ങളായ പുതിയ മാനുഷികബന്ധങ്ങളെ സൃഷ്ടിക്കാൻ വേണ്ടിയുള്ള സമരമാണ്.

മനുഷ്യൻെറ വളർച്ചയ്ക്ക് മാനുഷികങ്ങളായ ജീവിതസാഹചര്യങ്ങൾ കൂടിയേ കഴിയൂ. ഉൽപ്പാദനബന്ധങ്ങളും വർഗ്ഗവ്യത്യാസങ്ങളും മററും വെറും സാമ്പത്തിക പ്രതിഭാസങ്ങൾ മാത്രമല്ല, മനുഷ്യൻെറ ജീവിത സാഹചര്യങ്ങളെ സൃഷ്ടിക്കുന്ന ഘടകങ്ങൾ കൂടിയാണ്. മത്സരവും ചൂഷണവുമില്ലാത്ത വർഗ്ഗരഹിതമായ സാമ്പത്തികവ്യവസ്ഥ സമുദായത്തിലെ മുഴുവൻ വ്യക്തികളുടേയും സർവ്വതോമുഖമായ വളർച്ചയ്ക്കാവശ്യമായ ഉപാധികൾ സൃഷ്ടിക്കുന്നു. ഭൌതികസമ്പത്തുക്കളുടെ സമൃദ്ധി ആത്മീയാഭിവൃദ്ധിയുടെ അടിത്തറയാണ്. ഇങ്ങിനെ മനുഷ്യൻെറ പൂർണ്ണതയ്ക്കുവേണ്ടിയുള്ള സമരം സമുദായത്തിൻെറ പൂർണ്ണതയ്ക്കുവേണ്ടിയുള്ള സമരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ഭൌതികസമ്പത്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഓരോ പാർട്ടി മെമ്പറും ശ്രദ്ധിക്കണമെന്ന്

സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇരുപത്തിരണ്ടാം കോൺഗ്രസ്സ് ആഹ്വാനംചെയ്തതു്:

"കമ്യൂണിസത്തിൻെറ ഭൌതികവും സാങ്കേതികവുമായ അടിത്തറ സൃഷ്ടിക്കാൻവേണ്ടി പ്രവർത്തിക്കുക, അധ്വാനത്തോടുള്ള കമ്യൂണിസ്റ്റ് സമീപനത്തിൽ ഒരു മാതൃകയായിത്തീരുക, ഉൽപ്പാദനക്ഷമതയുയർത്തുക, പുതുതും പുരോഗമനപരവുമായിട്ടുള്ളതിലെല്ലാം മുൻകയ്യെടുക്കുക, പരിഷ്ക്കരിച്ച സാങ്കേതികമാർഗ്ഗങ്ങളെ പിന്താങ്ങുകയും പ്രചരിപ്പിക്കുകയും ചെയ്യുക, സാങ്കേതീകരീതികരം സ്വായത്തമാക്കുകയും വൈദഗ്ധ്യംവളർത്തുകയും ചെയ്യുക, സോവിയററ് നാടിൻെറ അഭിവൃദ്ധിയുടേയും ശക്തിയുടേയും പ്രധാനാവലംബനമായ സോഷ്യലിസ്റ്റ് സ്വത്തുക്കളെ കാത്തുരക്ഷിക്കുകയും വദ്ധിപ്പിക്കുകയുംചെയ്യുക— ഇതെല്ലാം ഓരോ പാർട്ടി മെമ്പറുടേയും കടമയാണ്."

## ഭൌതികാഭിവൃദ്ധിയും ആത്മീയപുരോഗതിയും

എന്നാൽ, ഭക്ഷണവും വസ്ത്രവും പാർപ്പിടവും മററു ഭൌതികസാമഗ്രികളും ഇഷ്ടംപോലെ കിട്ടാറാവുന്നതുകൊണ്ടു മാത്രം മനുഷ്യൻ തൃപ്തിപ്പെടുകയില്ല. മനുഷ്യന്നു് ഭൌതികാവശ്യങ്ങളെന്നപോലെത്തന്നെ ആത്മീയാവശ്യങ്ങളുമുണ്ടു്. ഭൌതികനിലവാരത്തിൻെറ ഉയർച്ച, ആത്മീയവും ധാർമ്മികവുമായ നിലവാരത്തിൻെറ ഉയർച്ചയ്ക്കു വഴി തെളിയിക്കണം. പക്ഷെ, സാമ്പത്തികാഭിവൃദ്ധിയുടെ യാന്ത്രികമായ സൃഷ്ടിയല്ല ധാർമ്മികാഭിവൃദ്ധി. ജനങ്ങളുടെ ധാർമ്മിക നിലവാരമുയരണമെങ്കിൽ അവരെ നയിക്കുന്ന നേതാക്കന്മാരുടെ ധാർമ്മികനിലവാരമുയരണം. സോവിയററ് യൂനിയനിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് ജനങ്ങളെ കമ്മ്യൂണിസത്തിലേക്കു നയിക്കുന്നതു്. അതുകൊണ്ടു് കമ്യൂണിസ്റ്റ് പാർട്ടിയിലെ ഓരോ മെമ്പറുടേയും ജീവിതം ധാർമ്മികതയുടേയും സാന്മാർഗ്ഗികതയുടേയും ഒരു മാതൃകയായിത്തീരണം. ഇതു സാധിക്കണമെങ്കിൽ മാർക്സിസ്റ്റ് ലെനി

നിസ്റ്റ് തത്വങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യയശാസ്ത്രപരമായ സ്വന്തം നിലവാരം മേൽക്കുമേലുയർത്താൻ ഓരോ മെമ്പറും പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാവശ്യമാണെന്നു് സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ചട്ടങ്ങൾ ഊന്നിപ്പറയുന്നു.

"മാർക്സിസ്റ്റ്-ലെനിനിസ്റ്റ് തത്വങ്ങൾ സ്വായത്തമാക്കുകയും പ്രത്യയശാസ്ത്രപരമായ നിലവാരമുയർത്തുകയും കമ്യൂണിസ്റ്റ് സമുദായത്തിലെ മനുഷ്യനെ രൂപപ്പെടുത്തുകയും അതിനുപററിയ വിദ്യാഭ്യാസം അവനു നൽകുകയും ചെയ്യുക; ബൂർഷ്വാ പ്രത്യയശാസ്ത്രത്തിൻേറയും, സ്വകാര്യസ്വത്തുടമയുടേതായ മനശ്ശാസ്ത്രത്തിൻെറ അവശിഷ്ടങ്ങളുടേയും, ഭൂതകാലത്തിൻെറ മററുച്ഛിഷ്ടങ്ങളുടേയും എല്ലാത്തരം പ്രകടനങ്ങളേയും എതിർക്കുക; കമ്യൂണിസ്റ്റ് സദാചാരത്തിൻെറ നിയമങ്ങൾ പാലിയ്ക്കുക; പൊതുതാൽപര്യങ്ങൾക്കു് സ്വന്തം താൽപര്യങ്ങളേക്കാൾ പ്രാധാന്യം-നൽകുക ഇതെല്ലാം ഓരോ പാർട്ടിമെമ്പറുടേയും കടമയാണ്.

അപ്പോൾ, കമ്മ്യൂണിസം കെട്ടിപ്പടുക്കുക എന്നുവെച്ചാൽ ഭൗതികസ്വത്തുക്കൾ വർദ്ധിപ്പിക്കുക എന്നുമാത്രമല്ല അർത്ഥം. കമ്മ്യൂണിസത്തിൻെറ ഭൗതികവും സാങ്കേതികവുമായ അടിത്തറ കെട്ടിപ്പടുക്കാനുള്ള സമരം ഒരു പുതിയ മനുഷ്യനെ-കമ്മ്യൂണിസ്റ്റ് മനുഷ്യനെ-സൃഷ്ടിക്കാനുള്ള സമരത്തിൻെറ അവിഭാജ്യഭാഗമാണ്. മാനുഷികഗുണങ്ങളുടെ വിളനിലമായ സമ്പൂർണ്ണമനുഷ്യനെ രൂപപ്പെടുത്തുകയെന്നതാണ് കമ്മ്യൂണിസത്തിൻെറ ഏററവും പ്രധാനമായ ലക്ഷ്യം.

പക്ഷേ, ഉൽക്കൃഷ്ടമനുഷ്യർ നിറഞ്ഞ ഒരുൽക്കൃഷ്ട സമുദായം സൃഷ്ടിക്കണമെങ്കിൽ അതിനു നേതൃത്വം നൾകുന്നവരും ഉൽക്കൃഷ്ടരായിരിക്കണം. അതുകൊണ്ടാണ് സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടി പാർട്ടി മെമ്പർമാരുടെ സ്വഭാവരൂപവല്ക്കരണത്തിൽ അത്രയധികം നിഷ്കർഷിക്കുന്നതു്

സാന്മാർഗ്ഗിക ബോധത്തിൽ മാററമുണ്ടാകണമെങ്കിൽ സാമ്പത്തികവ്യവസ്ഥ മാറണമെന്നുപറയുന്നതു് ശരിയാണു്. പക്ഷേ, ഇതിൻെറ അർത്ഥം സാമ്പത്തികവ്യവസ്ഥ മാറിയാൽ സ്വയമേവ സാന്മാർഗ്ഗികബോധവും മാറിക്കൊള്ളണമെന്നല്ല. സാമ്പത്തികാടിത്തറ മാററാനെന്നപോലെത്തന്നെ സ്വഭാവശുദ്ധി കൈവരുത്താനും ബോധപൂർവ്വമായ പരിശ്രമം ആവശ്യമാണു്. സാമ്പത്തീകാടിത്തറയെ മാററി മറിക്കുക താരതമ്യേന എളുപ്പമാണു്. സ്വഭാവരൂപവൽക്കരണമാകട്ടെ കൂടുതൽ വിഷമംപിടിച്ചതാണു്. റഷ്യയിൽ സോഷ്യലിസ്റ്റ് വിപ്ലവം കഴിഞ്ഞിട്ടു് അര നൂററാണ്ടായി. എന്നിട്ടും പുതിയ മാനുഷികബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള സാന്മാർഗ്ഗിക ബോധം സാർവ്വത്രികമായിക്കഴിഞ്ഞു എന്നു് പറയാറായിട്ടില്ല. മനുഷ്യൻെറ ചിന്താഗതിയിലും സ്വഭാവങ്ങളിലും മുതലാളിത്വത്തിൻെറ അവശിഷ്ടങ്ങൾ ഇപ്പോഴും നിലനില്ക്കുന്നുണ്ടെന്നുകാണാം. സാമൂഹ്യതാല്പര്യങ്ങളുടെ മുകളിൽ സ്വാർത്ഥതാല്പര്യങ്ങളെ കയററിയിരുത്തുന്നവരുണ്ടു്; പൊതുമുതൽ അപഹരിക്കുന്നവരുണ്ടു്, സങ്കുചിത സ്വാതന്ത്ര്യങ്ങൾക്കുവേണ്ടി സ്ഥാനമാനങ്ങളെ ഉപയോഗിക്കുന്നവരുണ്ടു്. മുതലാളിത്ത വ്യവസ്ഥയിൽ കാണപ്പെടുന്ന അത്ര്യയധികം കുററങ്ങളും, പാതകങ്ങളും, വിവാഹമോചനങ്ങളും, ആത്മഹത്യകളും ക്രൂരതകളും സമുദായദ്രോഹങ്ങളും സോഷ്യലിസ്റ്റ് വ്യവസ്ഥയിലില്ലെന്നുള്ളതു് ശരിതന്നെ. എങ്കിലും, അധഃപതനാവാസനകൾ പൂർണ്ണമായി തുടച്ചുനീക്കപ്പെട്ടിരിക്കുന്നു എന്നു പറയാറായിട്ടില്ല. സാധാരണ ജനങ്ങൾക്കിടയിൽ മാത്രമല്ല, കമ്മ്യൂണിസ്റ്റ്കാർക്കിടയിൽപോലും, "പാർട്ടി മെമ്പർഷിപ്പിനെ ഒരു ഉപജീവനമാർഗ്ഗമായി കണക്കാക്കുന്നവർ ഇപ്പോഴുമുണ്ടെന്നു് സമ്മതിച്ചേ തീരൂ" എന്നു് ഇരുപത്തിരണ്ടാം കോൺഗ്രസ്സ് തുറന്നുപറയുകയുണ്ടായി. ഇത്തരം തഞ്ചംനോക്കികളിൽനിന്നു് പാർട്ടിയേയും സമുദായത്തേയും രക്ഷിക്കാൻ വേണ്ടി 22-ാം കോൺഗ്രസ്സ് ധീരമായ ചില നടപടികൾ

സ്വീകരിയ്ക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാരുടെ പുനർവിദ്യാഭ്യാസമാണ് മുഖ്യമായ ഒരു പരിപാടി. ഓരോ പാർട്ടി മെമ്പറും തൻെറ ജീവിതത്തിൽ പുതിയ സാന്മാർഗ്ഗിക ബോധത്തിലടിയുറച്ച ഉൽക്കൃഷ്ടതകളും സ്വഭാവശുദ്ധിയും മേൽക്കുമേൽ വളർത്തിക്കൊണ്ടുവരാൻ ബോധപൂർവ്വം പരിശ്രമിക്കണമെന്ന് സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്ര ക്കമ്മിററി റിപ്പോർട്ട് ആവശ്യപ്പെടുന്നു:

"അദ്ധ്വാനത്തോടുള്ള കമ്യൂണിസ്റ്റ് മനോഭാവം, പ്രത്യയശാസ്ത്രത്തോടുള്ള അങ്ങേയററത്തെ കൂറ്, പൊതുഫണ്ടുകൾ തട്ടിയെടുക്കുന്നതിനോടും പരാന്നഭുക്കുകളായി ജീവിയ്ക്കുന്നതിനോടും മററെല്ലാത്തരം ദൌർബ്ബല്യങ്ങളോടും വിട്ടുവീഴ്ചയില്ലാത്ത നിലപാട്, മററുള്ളവരോട് ആദരവും സഹതാപവും, പാർട്ടിയോടും ജനങ്ങളോടും കൂറ് എന്നീവക കാര്യങ്ങളിൽ കമ്യൂണിസ്റ്റ് കാർ മാതൃക കാണിയ്ക്കണമെന്ന് പാർട്ടിചട്ടങ്ങൾ നിഷ്കർഷിയ്ക്കുന്നു. കമ്യൂണിസ്റ്റ് സാന്മാർഗ്ഗികബോധത്തിൻെറ ഉന്നതതത്വങ്ങൾ നടപ്പിൽ വരുത്താൻവേണ്ടിയുള്ള സമരത്തിൽ ഓരോ കമ്യൂണിസ്റ്റ്കാരനും ഒരു മാതൃകയായിത്തീരണം."

## കമ്യൂണിസ്റ്റ് സദാചാരം

എന്താണ് കമ്യൂണിസ്റ്റ് സാന്മാർഗ്ഗികബോധമെന്നുവെച്ചാൽ? അതിൽ താഴെ പറയുന്ന സ്വഭാവഗുണങ്ങളടങ്ങിയിരിയ്ക്കുന്നു എന്ന് സോവിയററ് കമ്യൂണിസ്റ്റ്പാർട്ടിയുടെ ചട്ടങ്ങൾ ചൂണ്ടിക്കാണിയ്ക്കുന്നു.

— "കമ്യൂണിസമെന്ന ലക്ഷ്യത്തോട് കൂറ്".

— സ്വന്തം രാജ്യത്തോടും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളോടും സ്നേഹം.

— സാമൂഹ്യനന്മയ്ക്കുവേണ്ടിയുള്ള നിർവ്യാജമായ പ്രവർത്തനം—പണിയെടുക്കാൻ കൂട്ടാക്കാത്തവനാരോ അവൻ ഭക്ഷിയ്ക്കുകയുമരുത് എന്ന നിഷ്ഠ.

— സാമൂഹ്യസ്വത്തു് വർദ്ധിപ്പിയ്ക്കുന്നതിലും കാത്തുരക്ഷി യ്ക്കുന്നതിലും ശുഷ്കാന്തി;

— പൊതുജനങ്ങളോടുള്ള കർത്തവ്യത്തെക്കുറിച്ചു് ഉന്നത മായ ബോധം; പൊതുതാൽപര്യങ്ങൾക്കു ഹാനികരമായ പ്രവ ർത്തനങ്ങളെ പൊറുക്കാതിരിയ്ക്കൽ;

— കൂട്ടായ പ്രവർത്തനം; സൌഹാർദ്ദപരമായ പരസ്പരസ ഹായം; ഓരോരുത്തനും എല്ലാവർക്കുംവേണ്ടി, എല്ലാവരും ഓ രോരുത്തനുംവേണ്ടി.

— വ്യക്തികൾ തമ്മിൽ മനുഷ്യത്വപരമായ ബന്ധങ്ങ ളും പരസ്പരബഹുമാനവും; മനുഷ്യൻ മനുഷ്യന്നു് സുഹൃത്തും സഖാവും സഹോദരനുമാണു്;

— സത്യസന്ധത, വിശ്വസ്ഥത, സാന്മാർഗ്ഗികമായ പരി ശുദ്ധി, വിനയശീലം, പൊതുജീവിതത്തിലും സ്വകാര്യജീവിത ത്തിലും കപടനാട്യങ്ങളില്ലാതിരിയ്ക്കൽ;

— കുടുംബത്തിനുള്ളിൽ പരസ്പരം ആദരവ്, കുട്ടിക ളെ പോററി വളർത്തുന്നതിൽ ശുഷ്കാന്തി;

— അനീതി, പണിയെടുക്കാതെ പററിത്തിന്നൽ, വിശ്വാ സവഞ്ചന, തന്നെപ്പോററിത്തരം എന്നിവയോടു് സഹിക്കേട്.

— സോവിയററ്യൂനിയനിലെ വ്യത്യസ്ത ജനവിഭാഗ ങ്ങൾ തമ്മിൽ സ്നേഹവും സൌഹാർദ്ദവും; ദേശീയവിദ്വേഷം, വർണ്ണവിദ്വേഷം എന്നിവയോടു് അസഹിഷ്ണുത;

— കമ്യൂണിസത്തിന്റെ ശത്രുക്കളോടും സമാധാനത്തി ന്റെ ശത്രുക്കളോടും ജനതകളുടെ സ്വാതന്ത്ര്യത്തെ എതിർക്കുന്ന വരോടും അസഹ്യത.

— എല്ലാ നാടുകളിലുമുള്ള അദ്ധ്വാനിയ്ക്കുന്ന ജനങ്ങളുമായും എല്ലാ ജനതകളുമായും സൌഹാർദ്ദപൂർവ്വമായ ഐക്യം."

ഈ സ്വഭാവഗുണങ്ങൾ ദൈവദത്തങ്ങളായ വിധിനിഷേ ധങ്ങളല്ല. കമ്മ്യൂണിസം കെട്ടിപ്പടുക്കാൻ വേണ്ടിയുള്ള സമര

ത്തിൻെറ അവിഭാജ്യഭാഗങ്ങളാണ്. കമ്മ്യൂണിസമെന്നുവെച്ചാൽ സ്വഭാവശുദ്ധിയും ധാർമ്മികബോധവും മനുഷ്യസ്നേഹവും വിളയാടുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയാണ്.

മുതലാളിത്തമവസാനിപ്പിച്ച് വർഗ്ഗരഹിതമായ ഒരു സമുദായം കെട്ടിപ്പടുത്താൽ മനുഷ്യൻ സ്വയം നന്നായിക്കൊള്ളുമെന്നും മർദ്ദനവും ചൂഷണവും നിലനില്ക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ മർദ്ദനത്തിൻേറയും ചൂഷണത്തിൻേറയും അടിസ്ഥാനത്തിലുള്ള സാന്മാർഗ്ഗികബോധം മാത്രമേ നിലനില്ക്കുകയുള്ളുവെന്നും മുതലാളിത്തവ്യവസ്ഥയിൽ മനുഷ്യൻ ചീത്തയാവാതെ വയ്യ എന്നും മററുമുള്ള പരിശുദ്ധ ഭോഷ്ക്കുകൾ മാർക്സിസത്തിന്നെതിരാണ്. മനുഷ്യൻെറ സാന്മാർഗ്ഗികബോധം ഒരൊററ ദിവസംകൊണ്ടു സ്വയം പൊട്ടിമുളയ്ക്കുന്ന ഒരു പ്രതിഭാസമല്ല. പ്രാകൃതകാലംമുതൽക്കേ മനുഷ്യസമുദായം ആർജ്ജിച്ചുപോന്ന ആത്മീയോൽകൃഷ്ടതകളുടെ പാരമ്പര്യത്തിൽനിന്നാണ് കമ്മ്യൂണിസ്റ്റ്സമുദായത്തിലെ സാന്മാർഗ്ഗികബോധം ഉടലെടുക്കുന്നതു്. കമ്മ്യൂണിസ്റ്റ്സമുദായത്തിൻെറ ഭൌതികഘടകങ്ങളെന്നപോലെത്തന്നെ ആത്മീയഘടകങ്ങളും ആദ്യമായി മുതലാളിത്തസമുദായത്തിലാണാവിർഭവിയ്ക്കുന്നതു്. മുതലാളിത്തത്തിന്നെതിരായ തൊഴിലാളിവർഗ്ഗസമരങ്ങളുടെ വളർച്ചയോടൊപ്പം കമ്മ്യൂണിസ്റ്റ്മനുഷ്യൻെറ സാന്മാർഗ്ഗികബോധവും വളരാൻ തുടങ്ങുന്നു. പക്ഷെ, അതു് വളരുന്നതു് യാന്ത്രികമായിട്ടല്ല. ഒരു സാമ്പത്തികവ്യവസ്ഥ പോയി മറെറാന്നു രൂപമെടുക്കുമ്പോഴേയ്ക്കും പുതിയ സാന്മാർഗ്ഗികബോധം പടന്നുപിടിയ്ക്കുന്നില്ല. നീണ്ടകാലത്തെ ബോധപൂർവ്വമായ പരിശ്രമങ്ങളുടെ ഫലമാണതു്. അതുകൊണ്ടാണ് നാലു ദശാബ്ദത്തിലധികം കാലം സോഷ്യലിസം കെട്ടിപ്പടുത്തതിനുശേഷം ഒടുവിൽ വർഗ്ഗരഹിതമായ കമ്മ്യൂണിസ്റ്റ്സമുദായത്തിലേയ്ക്കു കാലെടുത്തുവെയ്ക്കുന്ന ഒരു നാട്ടിൽപ്പോലും സ്വഭാവശുദ്ധിയുടെ കാര്യം അത്രമേൽ നിഷ്കർഷിയ്ക്കപ്പെടേണ്ടിവരുന്നതു്.

## നേതൃത്വവും സ്വഭാവശുദ്ധിയും

കമ്മ്യൂണിസം കെട്ടിപ്പടുക്കാൻ തുടങ്ങിയിട്ടുള്ള റഷ്യക്കാക്ക് മാത്രമല്ല, മഹത്തായ ഒരു ലക്ഷ്യത്തിനുവേണ്ടി പൊരുതുന്ന ഏതു ജനതയ്ക്കും സ്വഭാവശുദ്ധിയോടുള്ള ഇത്തരമൊരു സമീപനം ആവശ്യമാണ്. ഇന്ത്യയുടെ കാര്യംതന്നെയെടുക്കാം. രാഷ്ട്രീയസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തെ ധാർമ്മികമൂല്യങ്ങളുമായി കൂട്ടിയിണക്കാൻവേണ്ടി മഹാത്മാഗാന്ധി നടത്തിയ പരിശ്രമങ്ങളാണ്. ആ പരിശ്രമങ്ങൾക്ക് എന്തൊക്കെത്തന്നെ പരിമിതികളുണ്ടായിരുന്നുവെങ്കിലും ശരി– ഇന്ത്യയുടെ ദേശീയപ്രസ്ഥാനത്തെ മഹത്തായ ഒരു ബഹുജനപ്രസ്ഥാനമാക്കി മാററിയതു്. സ്വാതന്ത്ര്യം കിട്ടിയതോടുകൂടി പുതിയ ചില കർത്തവ്യങ്ങളുയർന്നുവന്നു. വ്യവസായവൽക്കരണം, കാർഷികപരിഷ്ക്കരണം, ജനങ്ങളുടെ ജീവിതത്തോതുയർത്തൽ, വിദ്യാഭ്യാസാഭിവൃദ്ധി മുതലായ പരിപാടികളിലൂടെ ദേശീയപുനർനിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ടുനീങ്ങി. ഏറെക്കഴിയുന്നതിനുമുമ്പായി ദേശീയ പുനർനിർമ്മാണത്തിൻെറ ലക്ഷ്യം സോഷ്യലിസമാണ് എന്നു് പ്രഖ്യാപിക്കപ്പെട്ടു.

പക്ഷേ, പ്രഖ്യാപനവും പ്രവൃത്തിയും തമ്മിലുള്ള അന്തരം അനുദിനം വദ്ധിക്കുകയാണുണ്ടായതു്.

സോഷ്യലിസമെന്നാൽ മനുഷ്യനെ മനുഷ്യനിൽനിന്നു കററിനിത്തുന്ന സ്വകാര്യസ്വത്തുടമയേയും വഗ്ഗവൈരുദ്ധ്യങ്ങളേയുമവസാനിപ്പിച്ച് ഉൽപ്പാദനോപകരണങ്ങളെ പൊതുവുടമയിലാക്കലാണ്. പക്ഷേ, സ്വകാര്യസ്വത്തുടമ ശക്തിപ്പെടുകയും വഗ്ഗവൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുകയുമാണ് ചെയ്തതു്.

സോഷ്യലിസമെന്നാൽ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകൽച്ചയവസാനിപ്പിക്കലാണ്. പക്ഷേ, അകൽച്ച കുറയുകയല്ല, വദ്ധിക്കുകയാണ് ചെയ്തതു്. സ്വത്തുക്കളുടെ കേന്ദ്രീകരണം ശിഥിലമാവുകയല്ല, കൂടുതൽ മുറുകുകയാണ് ചെയ്തതു്.

ലക്ഷ്യം സോഷ്യലിസമാണ്. പക്ഷേ, മുതലാളിത്വമാണ് കെട്ടിപ്പടുക്കപ്പെട്ടുകൊണ്ടിരിക്കുന്നതു്.

മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്ന സമ്പ്രദായമവസാനിപ്പിക്കലാണ് ലക്ഷ്യം. പക്ഷേ ചൂഷണത്തെ നിലനിർത്തുന്ന ഭരണക്കൂടവും ഉദ്യോഗസ്ഥമേധാവിത്വവും മുതലാളിത്ത ചിന്താഗതിയെ മുറുകെപ്പിടിക്കുന്ന നേതാക്കന്മാരുമാണ് തലപ്പത്തിരിക്കുന്നതു്.

അസമത്വത്തിൻേറയും ചൂഷണത്തിൻേറയും അടിസ്ഥാനത്തിലുള്ള സ്വകാര്യസ്വത്തുടമയുടെ മൃഗീയ സാഹചര്യങ്ങളവസാനിപ്പിച്ച് സമുദായത്തിൻെറ ആത്മീയോൽക്കർഷത്തിന്നൊഴിച്ചുകൂടാൻ വയ്യാത്ത മാനുഷിക സാഹചര്യങ്ങൾ സൃഷ്ടിക്കലാണ് ലക്ഷ്യം. പക്ഷേ, സമൂഹത്തിൻെറ ലക്ഷ്യവും വ്യക്തികളുടെ സ്വാർത്ഥോദ്ദേശ്യങ്ങളും തമ്മിൽ പൊരുത്തമില്ല. ഈ പൊരുത്തക്കേടാണ് ധാർമ്മികാധഃപതനത്തിൻെറ ഉറവിടം.

അപ്പോൾ, സോഷ്യലിസമാണ് ലക്ഷ്യം എന്നു പ്രഖ്യാപിച്ചതുകൊണ്ടു മാത്രമായില്ല. സമുദായത്തിൻെറ ലക്ഷ്യമെന്തായിരിക്കണമെന്നതിനെപ്പററിയും ആ ലക്ഷ്യം എങ്ങിനെ നേടാൻ കഴിയുമെന്നതിനെപ്പററിയും വ്യക്തമായ ബോധമുണ്ടായാൽ മാത്രം പോരാ. ലക്ഷ്യത്തിലേയ്ക്കു ജനങ്ങളെ നയിക്കുന്ന നേതാക്കന്മാരുടെ ആത്മീയവും സാന്മാർഗ്ഗികവുമായ നിലവാരമെന്തു് എന്നതാണ് മുഖ്യമായ പ്രശ്നം.

നയിക്കുക എന്നു വെച്ചാൽ പത്രപ്രസ്താവനകൾ ചെയ്യുകയും മൈതാനപ്രസംഗങ്ങൾ നടത്തുകയും ചെയ്യുക എന്നു മാത്രമല്ല അർത്ഥം. സോഷ്യലിസമെന്ന മഹത്തായ ലക്ഷ്യത്തിൻെറ സൌന്ദര്യം ബഹുജനങ്ങളുടെ ഹൃദയങ്ങളിലേയ്ക്കു പകൎന്നുകൊടുക്കുകയും ആ ലക്ഷ്യത്തിന്നുവേണ്ടി പ്രവർത്തിക്കാനുള്ള ആവേശവും കഴിവും കരുത്തും ത്യാഗബോധവും അവരിലുളവാക്കുകയും ചെയ്യുക എന്നതാണ് പ്രധാനം. ബൌധികവും ധാർമ്മികവുമായ പാപ്പരത്തത്തിൽ കഴിഞ്ഞുകൂടുന്ന നേതാക്കന്മാൎക്ക്

ഈ കടമ നിറവേററാൻ കഴിയില്ല. ലക്ഷ്യത്തോട് അചഞ്ചലമായ കൂറും പ്രസ്ഥാനത്തിൻെറ താൽപര്യങ്ങൾക്കുവേണ്ടി വ്യക്തിപരമായ താൽപര്യങ്ങളെ ബലികഴിക്കാനുള്ള ത്യാഗസന്നദ്ധതയും ഉന്നതമായ മനുഷ്യസ്നേഹവും സാമൂഹ്യവും ശാസ്ത്രീയവും സാങ്കേതികവുമായ അറിവു വർദ്ധിപ്പിക്കാനുള്ള പരിശ്രമശീലവും ഉയൻറ സാന്മാർഗ്ഗിക സാംസ്കാരിക നിലവാരങ്ങളും പതറിച്ചയില്ലാത്ത ആദർശനിഷ്ഠയും വിനയം, സത്യസന്ധത, ധീരത, ദയ തുടങ്ങിയ സ്വഭാവഗുണങ്ങളും എല്ലാമുള്ള വ്യക്തികൾക്കേ സോഷ്യലിസം പോലുള്ള മഹത്തായ ഒരു ലക്ഷ്യത്തിലേക്ക് ജനങ്ങളെ നയിക്കാൻ കഴിയുള്ളു.

അങ്ങിനെ, സോഷ്യലിസത്തിനുവേണ്ടിയുള്ള സമരം എല്ലാത്തരം മൃഗീയതകൾക്കുമെതിരായി മനുഷ്യത്വത്തെ ഊട്ടിവളർത്താനുള്ള സമരവുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, മനുഷ്യത്വമുള്ള ജനങ്ങൾക്കേ മാനുഷികമായ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ കഴിയൂ. ചീത്ത മനുഷ്യർക്ക് നല്ല സാഹചര്യങ്ങൾ സൃഷ്ടിക്കാൻ സാധിക്കില്ല. നല്ല സാഹചര്യങ്ങൾ സൃഷ്ടിക്കാൻ മുതിരുന്നവർ സ്വയം നല്ലവരായിരിക്കണം.

# അദ്ധ്യായം ഏഴു്

ഒരു സാമൂഹ്യവ്യവസ്ഥ തകരുകയും പുതിയൊരു സാമൂഹ്യവ്യവസ്ഥ ഉയർന്നുവരികയും ചെയ്യുന്ന എല്ലാ കാലഘട്ടങ്ങളിലും മനുഷ്യന്റെ ഭാവിയെപ്പററിയുള്ള സംശയങ്ങൾ പൊന്തിവരിക സാധാരണമാണു്. പഴയമൂല്യങ്ങളുടെ തകർച്ച മാനുഷികമൂല്യങ്ങളുടെയാകെ തകർച്ചയായി കൊട്ടിഘോഷിക്കപ്പെടുന്നു. കാലഹരണപ്പെട്ടുകഴിഞ്ഞ പഴയ സാമൂഹ്യവ്യവസ്ഥയുടെ അധഃപതനം ധാർമ്മികമൂല്യങ്ങളുടെ അധഃപതനത്തെയാണു് കുറിയ്ക്കുന്നതു് എന്നു വിശ്വസിയ്ക്കപ്പെടുന്നു. ഫ്യൂഡലിസത്തിന്റെ തകർച്ചയുടെകാലത്തു് മാനുഷികമൂല്യങ്ങളാകെ ഇടിഞ്ഞുപൊളിഞ്ഞുവെന്നു് നാടുവാഴി പ്രഭുക്കളുടെ പ്രതിനിധികൾ വിലപിയ്ക്കുകയുണ്ടായി. അയിത്തം, ജാതിമേധാവിത്വം മുതലായ മൂല്യങ്ങളുടെ തകർച്ച സനാതനങ്ങളായ ധാർമ്മികമൂല്യങ്ങളുടെ തകർച്ചയാണെന്നു് കരുതപ്പെട്ടു. മുതലാളിത്തപരമായ സ്വത്തുടമബന്ധങ്ങൾ വെല്ലുവിളിയ്ക്കപ്പെട്ടുകൊണ്ടിരിയ്ക്കുന്ന ഇന്നത്തെ കാലഘട്ടത്തിലും ഇതുതന്നെയാണു് സംഭവിച്ചുകൊണ്ടിരിയ്ക്കുന്നതു്. സാമ്രാജ്യാധിപത്യത്തിന്റെ സാർവ്വലൌകികമായ തകർച്ചയും മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനത്തിന്റെ സാഹചര്യങ്ങളും മാനുഷികബന്ധങ്ങളുടെ മുമ്പിൽ പുതിയ ചോദ്യചിഹ്നങ്ങളുയർത്തിപ്പിടിച്ചുകൊണ്ടിരിയ്ക്കുകയാണു്; കോടിക്കണക്കിലുള്ള ജനങ്ങളുടെ ജീവിതയാഥാർത്ഥ്യങ്ങളുടെ അടിത്തറപിടിച്ചു കുലുക്കപ്പെട്ടുകൊണ്ടിരിയ്ക്കുകയാണു്. ലോകമുതലാളിത്തം മരണശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ടുകഴിഞ്ഞിരിയ്ക്കുന്നു. സോഷ്യലിസത്തിന്റെ അനുദിനം വളർന്നുവരുന്ന സ്വാധീനശക്തി ചരിത്രത്തിന്റെ മുന

സ്സാക്ഷിയെ ഇളക്കിമറിച്ചുകൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ പഴമയുടെ വൈതാളികന്മാർക്കിടയിൽനിന്നു് ധാർമ്മികമൂല്യങ്ങളുടെ തകർച്ചയെപ്പററിയുള്ള മുറവിളികൾ പൊന്തിവരിക സ്വാഭാവികം മാത്രമാണ്. ചുററുപാടും അഴിമതികൾ, കൈക്കൂലികൾ, ചൂഷണങ്ങൾ, ലാഭക്കൊള്ളകൾ, അത്യാർത്തി, അഹങ്കാരം, കപടനാട്യങ്ങൾ! ഈ സാഹചര്യത്തിൽ സ്വാർത്ഥവും വഞ്ചനയും ക്രൂരതയും ബീഭത്സതയും മനുഷ്യൻെറ സഹജസ്വഭാവങ്ങളാണെന്നു പ്രഖ്യാപിക്കപ്പെടുന്നു. മനുഷ്യൻ പ്രകൃത്യാ ദുഷ്ടനും വഞ്ചകനും സ്വാർത്ഥമതിയുമാണെന്നും അവൻെറ ഹൃദയത്തിൽ മൃഗീയതയാണ് കുടിയിരിക്കുന്നതു് എന്നും അവനൊരിക്കലും നന്നാവുകയില്ലെന്നും മററുമുള്ള വാദങ്ങൾ ഉയൎന്നുവരുന്നു. ഭൌതികമായ നേട്ടങ്ങളുണ്ടായിട്ടുണ്ടു്; ശാസ്ത്രം വളൎന്നിട്ടുണ്ടു്; പക്ഷേ, ഭൌതികാഭിവൃദ്ധിയും ശാസ്ത്രത്തിൻെറ വളർച്ചയും തിന്മകളെ തീററിപ്പോററുക മാത്രമാണ് ചെയ്തിട്ടുള്ളതു് എന്നും ഭൌതികപുരോഗതിക്കുവേണ്ടിയുള്ള വെമ്പൽ ആത്മീയാധഃപതനത്തിന്നു വഴിതെളിച്ചിരിക്കുന്നു എന്നും മററും വാദിക്കപ്പെടുന്നു.

## മനുഷ്യൻ അധഃപതിക്കുകയാണോ?

പക്ഷേ, യഥാർത്ഥത്തിൽ, മനുഷ്യസമുദായമാകെ അധഃപതിച്ചുകൊണ്ടിരിക്കുകയാണോ? തീർച്ചയായുമല്ല. കുത്തകമുതലാളികളും കരിഞ്ചന്തക്കച്ചവടക്കാരും നാടുവാഴികളും ഉദ്യോഗസ്ഥമേധാവികളും അവൎക്കു് ശിങ്കിടിപാടി സ്വാർത്ഥംനേടുന്ന കുലവൃന്ദങ്ങളും സ്ഥാനമാനങ്ങൾക്കുവേണ്ടി കടിപിടികൂടുന്ന രാഷ്ട്രീയനേതാക്കന്മാരുമാണ് അധഃപതനത്തിലേക്കു് ഊളിയിട്ടുകൊണ്ടിരിക്കുന്നതു്. ചൂഷണാധിഷ്ഠിതമായ സ്വത്തുടമ വ്യവസ്ഥയുടെ പ്രതിഫലനമാണ് ധാൎമ്മികാധഃപതനത്തിലൂടെ പ്രകടമാകുന്നതു്.

ധാർമ്മികമൂല്യങ്ങളുടെ പ്രശ്നം എല്ലാററിനുമുപരി ഒരു മാനുഷികപ്രശ്നമാണ്. മാനുഷിക പ്രശ്നമാകട്ടെ, സാമൂ

ഹ്യപ്രശ്നങ്ങളുമായും സാമ്പത്തികരാഷ്ട്രീയ സാഹചര്യങ്ങളുമായും ബന്ധപ്പെട്ടിരിയ്ക്കുന്നു. സാമൂഹ്യബന്ധങ്ങളിലും സാമ്പത്തിക രാഷ്ട്രീയസാഹചര്യങ്ങളിലുമുണ്ടാകുന്ന മാററങ്ങൾ മാനുഷികബന്ധങ്ങളിലും മനുഷ്യന്റെ ചിന്താമണ്ഡലത്തിലും സ്വഭാവഗുണങ്ങളിലുമെല്ലാം പ്രതിഫലിയ്ക്കുമെന്നു തീച്ചയാണ്. ചൂഷണാധിഷ്ഠിതമായ മറേറതു സമുദായത്തിലും എന്നപോലെ മുതലാളിത്തസമുദായത്തിലും മാനുഷികങ്ങളായ സാന്മാഗ്ഗികബന്ധങ്ങളെ വികൃതമാക്കുകയും ഞെക്കിഞെരിക്കുകയും ചെയ്യുന്ന ഘടകങ്ങൾ പ്രവത്തിയ്ക്കുന്നുണ്ട്. മുതലാളിത്തവും സാമ്രാജ്യത്വത്തിന്റെയും ഫ്യൂഡലിസത്തിന്റെയും അവശിഷ്ടങ്ങളും ജനങ്ങളുടെമേൽ നാനാതരത്തിലുള്ള സമ്മദ്ദങ്ങൾ ചെലുത്തുന്നു. ഈ സാഹചര്യങ്ങളിൽ അടിപതറാതെ ജീവിയ്ക്കുക എളുപ്പമല്ല. അതുകൊണ്ട് സമുദായത്തിന്റെ മേൽനോട്ടത്തിലുള്ള വിഭാഗങ്ങളുടെ ചീത്തത്തരങ്ങളും അധഃപതനവാസനകളും കുറേയൊക്കെ കീഴോട്ടും പടന്നുപിടിയ്ക്കുമെന്നതു് സ്വാഭാവികം മാത്രമാണ്.

പക്ഷെ, ഇതിന്റെ അത്ഥം സമുദായമാകെ അധഃപതിയ്ക്കുമെന്നല്ല. ഫ്യൂഡലിസത്തിനോ മുതലാളിത്തത്തിനോ ദുഷിപ്പിയ്ക്കാൻ കഴിയാത്ത കോടിക്കണക്കിലുള്ള ജനങ്ങളുണ്ട്. സമ്മർദ്ദങ്ങൾക്കും പ്രലോഭനങ്ങൾക്കും അവർ കീഴടങ്ങുന്നില്ല. ചൂഷണവ്യവസ്ഥയുടെ ബീഭത്സതകൾക്ക് അവരുടെ മാനുഷികതയെ ഇടിച്ചുതകക്കാൻ കഴിയുന്നില്ല. പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയ പ്രതികൂല സാഹചര്യങ്ങളിൽ എല്ലാ മനുഷ്യരും മോഷണത്തിനോ വ്യഭിചാരത്തിനോ മുതിരാറുണ്ടോ? ഒരു വലിയ പണക്കാരനെ രാത്രിസമയത്തെങ്ങാനും ഒററയ്ക്കു കണ്ടുകിട്ടിയാൽ നിങ്ങളയാളെ കൊലചെയ്ത് പണം തട്ടിക്കൊണ്ടുപോകാൻ മുതിരുമോ? എത്രതന്നെ ദാരിദ്ര്യമുണ്ടെങ്കിലും മോഷണത്തിനോ കൊലപാതകത്തിനോ ഒരിയ്ക്കലും സന്നദ്ധരാകാത്ത ലക്ഷക്കണക്കിനാളുകളെ നമ്മൾ

കാണാറില്ലേ? അവർ കക്കുകയോ കൊലനടത്തുകയോ ചെയ്യാത്തതെന്തുകൊണ്ടാണു്? പോലീസുകാർ അറസ്റ്റുചെയ്യുമെന്ന പേടികൊണ്ടാണോ? അങ്ങിനെയാണെങ്കിൽ പോലീസ് അടുത്തെങ്ങുമില്ലെന്നു ബോദ്ധ്യമായാൽ കവർച്ചയ്ക്കും കൊലപാതകത്തിനും ആളുകൾ തയ്യാറാവുമോ? ഇല്ല. എന്തുകൊണ്ടു്? ഭീരുത്വംകൊണ്ടാണോ? അല്ല. പിന്നെയോ? തലമുറതലമുറയായി സമാർജ്ജിച്ചുപോന്ന സന്മാർഗ്ഗികബോധത്തിന്റെ ശക്തികൊണ്ടു്; ധാർമ്മീകമൂല്യങ്ങളിലുള്ള വിശ്വാസംകൊണ്ടു്. തോണിമറിഞ്ഞു് വെള്ളത്തിൽവീണ അജ്ഞാതബാലനെ രക്ഷിക്കാൻവേണ്ടി സ്വന്തം ജീവനെപ്പോലും ബലികഴിക്കുന്നവരില്ലേ? സ്വന്തം കുട്ടിക്കു ഫീസ്സുകൊടുക്കാൻവേണ്ടി സൂക്ഷിച്ചുവെച്ച പണം അയൽവീട്ടിലെ രോഗിയുടെ ചികിത്സയ്ക്കുവേണ്ടി എടുത്തുകൊടുക്കുന്നവരില്ലേ? മററുള്ളവരുടെ കഷ്ടപ്പാടുകളിൽ മനസ്സലിയുന്നവരില്ലേ? എത്രതന്നെ പ്രലോഭനങ്ങളുണ്ടായാലും കൈക്കൂലിവാങ്ങാനോ അന്യരെ വഞ്ചിക്കാനോ കൂട്ടാക്കാത്തവരില്ലേ? പൊതുതാല്പര്യങ്ങൾക്കുവേണ്ടി സ്വാർത്ഥതാല്പര്യങ്ങളെ ബലികഴിക്കുന്നവരില്ലേ? അടിമത്തവും പട്ടിണിയും സൃഷ്ടിക്കുന്ന സാമൂഹ്യസാഹചര്യങ്ങളോടു വെറുപ്പുതോന്നുന്നവരില്ലേ? ഉന്നതങ്ങളായ മാനുഷികാദർശങ്ങൾക്കുവേണ്ടി എന്തു ത്യാഗവും ചെയ്യാൻ സന്നദ്ധരാകുന്നവരില്ലേ? ഉണ്ടു്, ധാരാളമുണ്ടു്. പ്രത്യേകിച്ചും അദ്ധ്വാനിച്ചുപജീവനം കഴിക്കുന്ന തൊഴിലാളികൾ, കൃഷിക്കാർ, പുരോഗമനവാദികളായ ബുദ്ധിജീവികൾ മുതലായ ജനവിഭാഗങ്ങൾക്കിടയിൽ. മനുഷ്യസമുദായമാകെ ധാർമ്മികാധഃപതനത്തിന്റെ ചുഴിയിൽപ്പെട്ടു കറങ്ങുകയാണെന്നു പറയുന്നവർ നുണയാണു് പറയുന്നതു്. മനുഷ്യൻ പ്രകൃത്യാ ചീത്തയാണെന്നും സ്വാർത്ഥം, വഞ്ചന, ക്രൂരത മുതലായവ മനുഷ്യന്റെ സഹജസ്വഭാവങ്ങളാണെന്നും പറയുന്നവർ നേരല്ല പറയുന്നതു്. മനുഷ്യൻ ഒരിക്കലും മൃഗമായിരുന്നിട്ടില്ല. ചൂഷണവ്യവസ്ഥകളുടെ മൃഗീയസാഹചര്യങ്ങൾ

അവൻെറ മാനുഷീകതകളെ വളച്ചൊടിയ്ക്കുകയും വികൃതമാക്കുകയും ചെയ്യുന്നുവെന്നതു ശരിയാണ്. പ്രതികൂലസാഹചര്യങ്ങൾ അവൻെറ മനുഷ്യത്വത്തെ മുരടിപ്പിയ്ക്കുന്നുവെന്നതും ശരിയാണ്. പക്ഷേ, എല്ലാത്തരം പ്രതികൂലസാഹചര്യങ്ങളോടുമെതിരിട്ടുകൊണ്ട് നൂററാണ്ടുകളിലൂടെ നിലനിന്നുപോന്നിട്ടുള്ള മൌലികങ്ങളായ മാനുഷികഗുണങ്ങളുടെ ഉറവുകൾ വററിക്കഴിഞ്ഞിട്ടില്ല. ബീഭത്സങ്ങളായ അസാന്മാർഗ്ഗികതകളുടെ ഒത്തനടുക്കു നിന്നുകൊണ്ടുതന്നെ സ്വന്തം മാനുഷീകതയെ കാത്തുരക്ഷിയ്ക്കാനും മററുള്ളവരുടെ ധാർമ്മികബോധത്തെ തട്ടിയുണത്താനുമുള്ള മനുഷ്യൻെറ കഴിവുകൾ കൈമോശംവന്നുപോയിട്ടില്ല. ആത്മീയശക്തി നഷ്ടപ്പെട്ട ദുർബ്ബലഹൃദയന്മാർ സമ്മർദ്ദങ്ങളോടും പ്രലോഭനങ്ങളോടും നേരിടാൻ കഴിയാതെ ചീത്തത്തങ്ങൾക്കു കീഴടങ്ങുന്നുണ്ടെന്നുള്ളതു പരമാത്ഥമാണ്. പക്ഷേ, അതേ സമയത്തുതന്നെ, സാഹചര്യങ്ങളുടെ ആത്മീയതകർച്ചകളിലേയ്ക്കു കാലിടറിവീഴാതെ മാനുഷികങ്ങളായ ഉൽകൃഷ്ടതകളെ ഉയർത്തിപ്പിടിയ്ക്കുന്ന കോടിക്കണക്കിലുള്ള ജനങ്ങൾ ഉണ്ടെന്ന യാഥാത്ഥ്യവും വിസ്മരിച്ചുകൂടാ. കൃഷകവർഗ്ഗക്കാരും അവരെ ചുററിപ്പററിനിൽക്കുന്ന ക്ഷുദ്രജീവികളും ധാർമ്മികാധഃപതനത്തെ കെട്ടിപ്പുണരുമ്പോൾ ഭൂരിപക്ഷക്കാരായ ജനങ്ങളുടെ മനസാക്ഷി അസാന്മാർഗ്ഗികതകൾക്കെതിരായി ഇളകിമറിഞ്ഞുകൊണ്ടിരിയ്ക്കുന്നു. ആത്മീയമായ പാപ്പരത്തത്തിനു മുമ്പിൽ അവർ മുട്ടുകുത്തുന്നില്ല. അവർ സാഹചര്യങ്ങൾക്കു കീഴടങ്ങുന്നവരല്ല, സാഹചര്യങ്ങളെ സൃഷ്ടിയ്ക്കുന്നവരാണ്. ക്രിയാത്മകമായ പ്രവത്തനങ്ങളിലൂടെ സാഹചര്യങ്ങളെ മാററിമറയ്ക്കാനും മനുഷ്യസമുദായത്തിൻെറ ഭാവിയെ രൂപപ്പെടുത്താനുമുള്ള അവരുടെ കഴിവുകൾ നശിച്ചുപോയിട്ടില്ല. പണപ്പെട്ടികളുടെ അസാന്മാർഗ്ഗികതകളേയും അധികാര സ്ഥാനങ്ങളുടെ ആത്മീയപാപ്പരത്തത്തേയും അവരൊരിയ്ക്കലും ന്യായീകരിയ്ക്കുന്നില്ല. ചുററുപാടുമുള്ള കപടനാട്യങ്ങളും വഞ്ചനക

ളും അവരെ അസ്വസ്ഥരാക്കുന്നു: അധാർമ്മികതകളെ സൃഷ്ടിക്കുന്ന മൃഗീയ സാഹചര്യങ്ങളെ മാററാനും ഉൽകൃഷ്ടതകൾക്കു വളരാൻപററിയ മാനുഷികസാഹചര്യങ്ങൾ സൃഷ്ടിക്കാനും അവർ വെമ്പൽകൊള്ളുന്നു ചൂഷണങ്ങൾക്കും മർദ്ദനങ്ങൾക്കുമെതിരായ തങ്ങളുടെ ദൈനംദിനസമരങ്ങളെ അസാന്മാർഗ്ഗികതകൾക്കെതിരായ സമരങ്ങളുമായി കൂട്ടിയിണക്കാൻ അവർ പരിശ്രമിയ്ക്കുന്നു. ഭാവിയിൽ ഉറച്ച വിശ്വാസവും ഉന്നതാദർശങ്ങളോടു കൂറുമുള്ള ഈ ജനകോടികളാണ് പുതിയ സാമൂഹ്യസാഹചര്യങ്ങളുടെ നിർമ്മാതാക്കൾ. മനുഷ്യസമുദായത്തിന്റെ പുരോഗതിയ്ക്കും പുതിയൊരുസാമൂഹ്യനീതിയ്ക്കുംവേണ്ടി പടവെട്ടികൊണ്ടിരിയ്ക്കുന്ന ഈ ജനകോടികൾതന്നെയാണ് സമുദായത്തെ മലീമസമാക്കികൊണ്ടിരിയ്ക്കുന്ന അധഃപതനപ്രവണതകളെ എന്നെന്നേയ്ക്കുമായി തുടച്ചുനീക്കാൻ കഴിയുമെന്നതിനുള്ള ഏററവും മുഖ്യമായ ഉറപ്പ്.

എന്നാൽ, അസാന്മാർഗ്ഗികതകൾക്കെതിരായ ഈ ജനകീയ പ്രവണതകൾ ചിന്നിച്ചിതറിക്കിടക്കുകയാണ്. അവയ്ക്ക് സംഘടിതമായ ഒരു രൂപംനൽകുകയാണ് ധാർമ്മികമൂല്യങ്ങളിൽ വിശ്വസിയ്ക്കുന്നവരുടെ കടമ.

KOTTAYAM • KOTTAYAM

# KOTTAYAM PUBLIC LIBRARY

## KOTTAYAM

Cl. No. 181.4 Acc. No. 38292

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 22 SEP 1996 | | |
| 17 OCT 2000 | | |
| 19 APR 2007 | | |
| | | |
| 18 OCT 2009 | | |
| 4 JUL 2018 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

181.4 38292

ദാമോദരന്റെ
ധാർമ്മിക മൂല്യങ്ങൾ

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. 181.4 Acc. No. 38292

Author [illegible]

Title ലൗകിക മൂല്യങ്ങൾ

gpura.org